| | | |
|---|---|---|
| മൂന്നാം മണി | - | വി. മത്താ 27:26-30 |
| | | വി. മർക്കോ 15:21-22 |
| | | വി. ലൂക്കോ 23:26-29 |
| | | വി. യോഹ 19:5-14 |
| ആറാം മണി | - | വി. മത്താ 27:32-44 |
| | | വി. മർക്കോ 15:29-32 |
| | | വി. ലൂക്കോ 23:44-49 |
| | | വി. യോഹ 19:15-22 |
| ഒൻപതാം മണി | - | വി. മത്താ 27:45-56 |
| | | വി. മർക്കോ 15:33-41 |
| | | വി. ലൂക്കോ 23:41-49 |
| | | വി. യോഹ 19:23-30 |

**സ്ലീബാ വന്ദന ശുശ്രൂഷ**

| | | |
|---|---|---|
| | | ഉൽപ 22:1-14 |
| | | പുറ 17:8-16 |
| | | ഏശ 52:13-53 |
| | | 1 പത്രോ 2:19-25 |
| | | ഗലാ 3:1-14; 6:11-18 |
| | | വി. ലൂക്കോ 22:63; 23:12 |
| | | വി. മർക്കോ 15:42-45 |
| | | വി. യോഹ 19:39-42 |

**ദുഃഖശനിയാഴ്ച**

| | | |
|---|---|---|
| സന്ധ്യ | - | വി. യോഹ 19:31-42 |
| പ്രഭാതം | - | ജെറ 38:3-13 |
| | | ഏശ 59:13-21 |
| | | അ.പ്ര 3:11-21 |
| | | റോമാ 6:1-11 |
| | | മത്താ 27:62-66 |

**മലങ്കര സുറിയാനി കത്തോലിക്കാ സഭ**

## ഹാശാ ആഴ്ചയിലെ

# പ്രുമിയോൻ, സെദറാ

**2013**

*Imprimatur*

✠ **Moran Mor Baselios Cleemis Cardinal Catholicos**

*Major Archbishop of the Syro - Malankara Catholic Church*

2 February 2013

*Prepared by*

The Synodal Commission for Liturgy

*Published by*

The Major Archiepiscopal Curia

of the Syro-Malankara Catholic Church

Catholicate Centre, Pattom, Trivandrum - 695 004

*Layout & Printing*

St. Joseph's Offset Press, Tiruvalla

Ph: 0469 - 2602936



**പെസഹാ വ്യാഴം**

| | | |
|---|---|---|
| സന്ധ്യ | - | വി. യോഹ 8:12-20 |
| പ്രഭാതം | - | പുറ 12:1-14 |
| | | ലേവ്യ 16:1-10 |
| | | ഏശ 50:4-11 |
| | | എസെ 45:18-25 |
| | | വെളി 19:5-16 |
| | | 1 കോരി 11:23-34 |
| | | വി. ലൂക്കാ 22:14-23 |

**കാൽ കഴുകൽ ശുശ്രൂഷ**

| | | |
|---|---|---|
| | | പുറ 34:18-26 |
| | | 2 രാജാ 23:21-25 |
| | | ഏശ 50:4-10 |
| | | 1 പത്രോ 3:17-22 |
| | | ഹെബ്രാ 10:21-29 |
| | | വി. യോഹ 13:1-19 |

**ദുഃഖവെള്ളിയാഴ്ച**

| | | |
|---|---|---|
| സന്ധ്യ | - | വി. ലൂക്കാ 22:1-30 |
| രാത്രി ഒന്നാം കൗമാ | - | വി. മത്താ 26:31-46 |
| രാത്രി രണ്ടാം കൗമാ | - | വി. മർക്കോ 14:27-52 |
| രാത്രി മൂന്നാം കൗമാ | - | വി. ലൂക്കാ 22:31-62 |
| രാത്രി നാലാം കൗമാ | - | വി. യോഹ 18:12-15 |
| പ്രഭാതം | - | ലേവ്യ 4:1-7 |
| | | സംഖ്യ 19:1-10 |
| | | 2 രാജാ 19:20-29 |
| | | സഖ 13:7-9 |
| | | അ.പ്ര 22:22-30 |
| | | 1 കൊരി 1:18-31 |
| | | വി. മത്താ 27:1-10 |
| | | വി. മർക്കോ 15:1-10 |
| | | വി. ലൂക്കാ 22:39-62 |
| | | വി. യോഹ 18:28-40 |

## ഹാശാ ആഴ്ചയിലെ വായനകൾ

**ഓശാന ഞായർ**

| | | |
|---|---|---|
| സന്ധ്യ | - | വി. ലൂക്കോ 19:28-40 |
| രാത്രി | - | വി. മത്താ 21:1-17 |
| പ്രഭാതം | - | വി. മർക്കോ 14:1-26 |

**ഓശാന കുരുത്തോല വാഴ്ത്തുന്ന ശുശ്രൂഷ**

| | |
|---|---|
| | സഖ 9:9-12 |
| | ഏശ 51:9-11 |
| | 1 യോഹ 2:7-15 |
| | റോമ 11:13-24 |
| | വി. മർക്കോ 11:1-11 |
| **വാദെ ദൽമീനോ ശുശ്രൂഷ** | വി. മത്താ 25:1-13 |

**ഹാശാ തിങ്കൾ**

| | | |
|---|---|---|
| സന്ധ്യ | - | വി. ലൂക്കോ 19:41-20:8 |
| പ്രഭാതം | | ഹെബ്രാ 1:5-2:4 |
| | | വി. മത്താ 17:9-13 |

**ഹാശാ ചൊവ്വ**

| | | |
|---|---|---|
| സന്ധ്യ | - | വി. മത്താ 22:15-33 |
| പ്രഭാതം | | ഹെബ്രാ 5:1-10 |
| | | വി. യോഹ 12:27-36 |

**ഹാശാ ബുധൻ**

| | | |
|---|---|---|
| സന്ധ്യ | - | വി. യോഹ 11:45-12:11 |
| പ്രഭാതം | | ഹെബ്രാ 9:23-28 |
| | | വി. മത്താ 26:14-16 |

ഹാശാ ആഴ്ചയിൽ വിവിധ യാമങ്ങളിലെ നമസ്കാരത്തിനുപയോഗിക്കുന്ന പ്രുമിയോൻ-സെദറാകൾ ഉൾക്കൊള്ളുന്ന ഈ പുസ്തകം പരി. സുന്നഹദോസിന്റെ തീരുമാന പ്രകാരം പ്രസിദ്ധീകരിക്കുന്നു. ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തയ്യാറാക്കിയ പുസ്തകം ഭാഷാപരമായി പരിഷ്ക്കരിച്ചാണ് പുതുതായി പ്രസിദ്ധീകരിക്കുന്നത്. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ഏവർക്കും നന്ദി അറിയിക്കുന്നു.

നോമ്പുകാലത്തെയും ഹാശാ ആഴ്ചയിലെയും പ്രാർത്ഥനകൾ വഴിയായി പരമകാരുണികനായ ദൈവം ധാരാളമായ സ്വർഗീയാനുഗ്രഹങ്ങൾ നിങ്ങളുടെമേൽ സമൃദ്ധമായി വർഷിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സന്തോഷിച്ചാനന്ദിക്കാനുള്ള വലിയ പെരുന്നാൾ ഇതാകുന്നു. ഇന്നാകുന്നു രക്ഷ. ഇന്നാകുന്നു സാക്ഷാൽ പെരുന്നാൾ. ഇന്നാകുന്നു സന്തോഷം. ഇന്ന്, മാലാഖമാർ ഭൂവാസികളുടെ സന്തോഷത്തെപ്പറ്റി പ്രസംഗിക്കുന്നു. ഇന്ന് കുരിശിൽ തറച്ചവർക്ക് വിലാപം. ശിഷ്യന്മാർക്ക് ആശ്വാസം, യഹൂദർക്ക് ദു:ഖം, സഭയ്ക്ക് സന്തോഷവും ആനന്ദവും. ഇന്ന് ജീവന്റെ ശരണത്തിന് നാം സമീപിച്ചിരിക്കുന്നു. ഇന്ന് മരിച്ചവരെ സ്വശബ്ദത്താൽ ഉണർത്തുകയും, തന്റെ സൃഷ്ടിയെ വീണ്ടും സന്തോഷിപ്പിക്കുയും ചെയ്തവൻ, മരിച്ചവരുടെ കൂട്ടത്തിൽ ഗണിക്കപ്പെട്ടു. ആകാശത്തേയും ഭൂമിയേയും തന്റെ കൃപയുടെ ആംഗ്യംകൊണ്ട് തൂക്കിനിർത്തിയവനെ ആണികളാൽ തറയ്ക്കപ്പെട്ടവനായും, കുന്തത്താൽ വിലാവു കുത്തി തുളക്കപ്പെട്ടവനായും ഇന്നലെ നാം കുരിശിന്മേൽ കണ്ടു. ഇന്ന്, മരണത്തെ കീഴടക്കി അവന്റെ ഭണ്ഡാരങ്ങൾ ശൂന്യമാക്കിയവനെ നാം കല്ലറയിൽ കണ്ടു. താഴെ, യൗസേഫ് തന്നെ സംസ്ക്കരിക്കുന്നതിനായി പീലാത്തോസിന്റെ ദയയോടപേക്ഷിച്ചു. മുകളിൽ തന്റെ മഹത്ത്വം കണ്ടുകൊള്ളാൻ ഗബ്രിയേൽ മുതലായവരോട് ആജ്ഞാപിക്കുന്നു. ഇവിടെ "ശവക്കല്ലറയിൽനിന്ന് അവനെ ആര് മോഷ്ടിച്ചുകൊണ്ടുപോയി" എന്നു മറിയാം കരഞ്ഞുകൊണ്ടു ചോദിച്ചു. വാനം തന്നെ സ്തുതിക്കുന്നത് നിർത്താതിരിക്കാൻ സ്രോപ്പേന്മാരെ പ്രോത്സാഹിപ്പിച്ചു. ഇതിനാൽ നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ഞങ്ങൾക്ക് ഐക്യവും സമാധാനവും പ്രദാനം ചെയ്യണമേ. രോഗികളേയും പീഡിതരെയും ദുഷ്ടാത്മാക്കളാൽ പരീക്ഷിക്കപ്പെടുന്നവരേയും നീ കനിഞ്ഞ് കടാക്ഷിക്കണമേ. സത്യവിശ്വാസത്താൽ നിദ്രപ്രാപിച്ച എല്ലാവർക്കും നല്ലതും അംഗീകരിക്കപ്പെട്ടതുമായ ഓർമ്മ ഉണ്ടാകണമേ. അവരേയും ഞങ്ങളേയും പുനരുത്ഥാനത്തിനും മുഖപ്രസാദത്തിനും അർഹരാക്കണമേ. ഞങ്ങളും അവരും നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും...

# ശനി - ഒൻപതാം മണി

## പ്രുമിയോൻ

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച്...

പ്രത്യുത്തരം : കാരുണ്യവാനായ കർത്താവേ,...

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും...

പ്രകൃത്യാ ജീവനുള്ളവനും ദയയാൽ മരിച്ചവർക്ക് ജീവൻ നല്കുന്നവനും, സ്വമനസ്സാലെ ജഡത്തിൽ മരിച്ചവനുമായ മിശിഹാതമ്പുരാനേ, തിരുമനസ്സാലെ, നീ പാതാളത്തിലേക്കിറങ്ങി. നീ മരിച്ചവരുടെ ഇടയിൽ സ്വതന്ത്രനാകുന്നു. സംസ്ക്കരിക്കപ്പെട്ടവരോട് ജീവന്റെ ശരണം നീ അറിയിച്ചു. മരിച്ചവരോട് പുനരുത്ഥാനം പ്രസംഗിച്ചു. മരണമുള്ളവർക്ക് ഉയിർപ്പ് വാഗ്ദാനം ചെയ്തു. നിനക്ക് ഈ സമയത്തും സകല പെരുന്നാളുകളിലും...

## സെദറാ

ഞങ്ങളുടെ മിശിഹാതമ്പുരാനേ, നിനക്ക് ഞങ്ങളിലുള്ള എല്ലാ കൃപകൾക്കുമായി സ്തോത്രം. വിശേഷിച്ച്, നിന്റെ പാതാളപ്രവേശനത്തിന്റെ ഈ ദിവസത്തിൽ, ഞങ്ങൾ നിന്നെ വന്ദിച്ച് വാഴ്ത്തി സ്തുതിക്കുന്നു. എന്തെന്നാൽ കർത്താവേ, നീ ഞങ്ങൾക്കുവേണ്ടി ജഡത്തിൽ പീഡ അനുഭവിക്കുകയും മൂന്നു പകലും രാത്രിയും, ഭൂഗർഭത്തിൽ വസിക്കുകയും ചെയ്തുവല്ലോ. ക്രൂരനും ശക്തനുമായ സാത്താനെ നീ ബന്ധിച്ചു. രക്ഷാകരവും ചൈതന്യപ്രദവുമായ നിന്റെ രക്തത്താൽ പാതാളം നീ കീഴടക്കി. അടിമയെ വീണ്ടെടുത്തു. നീ നാശമേല്ക്കാതെ സമാധാനവും സന്തോഷവും സുവിശേഷിച്ചു. നീ ദൈവമഹത്വത്തോടെ ഉയിർത്തെഴുന്നേല്ക്കുകയും, ഞങ്ങളെ നിന്നോടുകൂടെ ആത്മീയമായി ഉയിർപ്പിക്കുകയും ചെയ്തു.

കർത്താവ് തന്റെ ഭക്തന്മാർക്ക് ഇന്ന് രക്ഷ വെളിപ്പെടുത്തി. പുറജാതികളുടെ ഇടയിൽ തന്റെ നീതി കാണിച്ചു. ഇന്ന് ദൈവിക ഗായകനായ ദാവീദിനോട് ചേർന്ന്, ഞങ്ങൾ ഉൽഘോഷിക്കുന്നു: കർത്താവുണ്ടാക്കിയ ദിവസം ഇതാകുന്നു. വരുവിൻ; നമുക്ക്

# ഉള്ളടക്കം

## യാമനമസ്കാരത്തിന്റെ പ്രുമിയോൻ, സെദറാ, എത്രോ

### തിങ്കളാഴ്ച


സന്ധ്യ ........ 7
സൂത്താറാ ........ 11
പ്രഭാതം ........ 13
മൂന്നാം മണി ........ 17
ആറാം മണി ........ 20
ഒൻപതാം മണി ........ 22


### ചൊവ്വാഴ്ച


സന്ധ്യ ........ 25
സൂത്താറാ ........ 29
പ്രഭാതം ........ 32
മൂന്നാം മണി ........ 36
ആറാം മണി ........ 39
ഒൻപതാം മണി ........ 42


### ബുധനാഴ്ച


സന്ധ്യ ........ 45
സൂത്താറാ ........ 49
പ്രഭാതം ........ 51
മൂന്നാം മണി ........ 54
ആറാം മണി ........ 57
ഒൻപതാം മണി ........ 59

**വ്യാഴാഴ്ച**


സന്ധ്യ ............ 61
സൂത്താറാ ............ 66
പ്രഭാതം ............ 68
മൂന്നാം മണി ............ 74
ആറാം മണി ............ 77
ഒൻപതാം മണി ............ 81


**വെള്ളിയാഴ്ച**


സന്ധ്യ ............ 84
സൂത്താറാ ............ 88
പ്രഭാതം ............ 92
മൂന്നാം മണി ............ 96
ആറാം മണി ............ 99
ഒൻപതാം മണി ............ 103


**ശനിയാഴ്ച**


സന്ധ്യ ............ 107
സൂത്താറാ ............ 111
പ്രഭാതം ............ 113
മൂന്നാം മണി ............ 116
ആറാം മണി ............ 118
ഒൻപതാം മണി ............ 120

ഹാശാ ആഴ്ചയിലെ വേദവായനകൾ ............ 122




ഇന്ന്, പാതാളം മേടമാസംപോലെ സ്തുതികളാൽ പുഷ്ടിപ്പെട്ടു. മരിച്ചവർ ശവക്കല്ലറകളിൽനിന്നാനന്ദിച്ചുകൊണ്ട് പൂക്കൾപോലെ വിടർന്നു. ഇന്ന് ഭൂമിയുടെ മുകൾഭാഗം നിശ്ചലമായിത്തീർന്നു. താഴെ പാതാളവീഥികളിൽ കോലാഹലം കേൾക്കപ്പെട്ടു. ഇന്ന് മരണത്തെ ബന്ധിച്ച് ആദാമിനെ മോചിപ്പിച്ചതുകൊണ്ട് കല്ലറകൾ ദുഃഖിച്ചു. ഇന്ന് മരിച്ചവരെല്ലാം, "കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്ത് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു" എന്ന് ഒരേ സ്വരത്തിൽ അട്ടഹസിച്ചു പറഞ്ഞു.

ഞങ്ങൾ നിനക്ക് സമർപ്പിക്കുന്ന ഈ സുഗന്ധധൂപം മൂലം നിന്നോടപേക്ഷിക്കുന്നു: - കർത്താവേ, കടങ്ങൾക്കു പരിഹാരവും പാപങ്ങൾക്ക് മോചനവും നല്കുന്നവനായ നിന്റെ വിസ്മയനീയമായ കൃത്യത്തിന്, ഞങ്ങളെ യോഗ്യരാക്കണമേ. നിന്നോടുകൂടെ സന്തോഷിക്കുന്നതിനും നിന്റെ പുനരുത്ഥാനത്തിൽ ആനന്ദിച്ചാഹ്ലാദിച്ച്, സ്തുതി പാടുന്നതിനും ഞങ്ങൾക്ക് കൃപ നൽകണമേ. വിശ്വാസികളായ മരിച്ചുപോയവരുടെമേൽ അനുഗ്രഹവും കരുണയുമാകുന്ന മഞ്ഞ് തളിക്കണമേ. അവരുടെ ആത്മാക്കളെ നിന്റെ സ്വർഗ്ഗരാജ്യത്തിൽ വിശ്രമിപ്പിക്കണമേ. ഞങ്ങളും അവരും നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ...

# ശനി-ആറാം മണി

## പ്രുമിയോൻ

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച്...

പ്രത്യുത്തരം : കാരുണ്യവാനായ കർത്താവേ, ...

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും...

ഞങ്ങളുടെ മിശിഹാതമ്പുരാനേ, നീ പ്രകൃത്യാ ജീവനുള്ളവനും ജീവൻ നൽകുന്നവനുമാകുന്നു. സംസ്ക്കരിക്കപ്പെട്ടവരുടെ ഉയിർപ്പും മണ്ണിൽ ഉറങ്ങുന്നവരെ ആനന്ദിപ്പിക്കുന്നവനും നീയാകുന്നു. അന്ധകാരത്തെ പ്രകാശിപ്പിക്കുന്ന രശ്മിയും, ബന്ധിക്കപ്പെട്ടവരെ ആശ്വസിപ്പിക്കുന്നവനും നീയാകുന്നു. നീ മരണത്തെ അടിമപ്പെടുത്തുന്നവനും പാതാളത്തെ നശിപ്പിക്കുന്നവനും സൃഷ്ടിയെ നിലനിർത്തുന്നവനും ആകുന്നു. നിനക്ക് ഈ സമയത്തും സകല പെരുന്നാളുകളിലും...

## സെദറാ

അദൃശ്യനും, ബുദ്ധികൊണ്ട് ആരാഞ്ഞറിയുവാൻ കഴിയാത്തവണ്ണം അവർണ്ണനീയനും ആയ ബലവാൻ നിമിത്തം, ഇന്നലെയും ഇന്നുമുണ്ടായവയെ വർണ്ണിക്കാൻ ത്രാണിയുള്ള ജ്ഞാനവും വചനവും ആർക്കാണുള്ളത്? ഇന്നലെ പീഡകളും ശിക്ഷാവിധിയും അനുഭവിച്ച വെള്ളിയാഴ്ച. ഇന്ന്, സമാധാനത്തിന്റെയും ആശ്വാസത്തിന്റെയും ശനിയാഴ്ച. ഇന്നലെ സപ്രേന്മാരും പ്രീശേന്മാരും പ്രധാനപുരോഹിതന്മാരും പരിഹസിക്കുന്നു. ഇന്ന്, വിശുദ്ധരായ പരേതർ സ്തുതിക്കുന്നു. ഇന്നലെ പാറകൾ പിളരുകയും ദൈവാലയത്തിലെ തിരശ്ശീല കീറുകയും ചെയ്തു. ഇന്ന്, ശവക്കല്ലറകൾ തുറക്കപ്പെട്ടു. ഇന്നലെ പരാക്രമശാലി തൂണിൽ കെട്ടിപ്പിടിച്ചു. ഇന്നു താൻ പൂഴിയായ ആദാമിന്റെ അടുക്കൽ കിടന്നു. ഇന്നലെ കഷ്ടതകളും ദു:ഖവും നിറഞ്ഞ വെള്ളിയാഴ്ച. ഇന്ന്, സുവിശേഷത്തിന്റെ ശനിയാഴ്ച. ഇന്നലെ കുരിശിന്മേൽ തറയ്ക്കുന്നവർ പരിഹസിക്കുന്നു. ഇന്ന് മരിച്ചവർ ജീവിച്ചെഴുന്നേറ്റ് സന്തോഷത്തോടെ സ്തുതിക്കുന്നു.



# തിങ്കൾ - സന്ധ്യ

## പ്രാരംഭ പ്രാർത്ഥന

പട്ടക്കാരൻ : ശുബഹോ ലാബോ...

പ്രത്യുത്തരം : ബലഹീനരും പാപികളും ...

ദൈവമായ കർത്താവേ, ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ പീഡാനുഭവത്തിൽ പങ്കുചേരുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. നിന്റെ താഴ്മയിൽ ഞങ്ങളെ സദൃശരാക്കണമേ. കുരിശാരോഹണത്തിൽഞങ്ങൾ പ്രശംസിക്കുന്നവരായിത്തീരണമേ. ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടിയുള്ള നിന്റെ മുറിവുകളാൽ ഞങ്ങൾ സൗഖ്യം പ്രാപിക്കുമാറാകണമേ. മരണമുള്ളവരായ ഞങ്ങളെ നിന്റെ മരണത്താൽ ജീവിപ്പിക്കണമേ. ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമേ, ദുഃഖത്തെ ആഹ്ലാദകരമാക്കുന്ന നിന്റെ പുനരുത്ഥാനത്തിൽ ഞങ്ങൾ നിന്നോടുകൂടെ സന്തോഷിച്ച് ആനന്ദിക്കുവാൻ ഇടയാക്കണമേ. മോറാൻ വാലോഹാൻ...

ജനം: ആമ്മീൻ

## പ്രുമിയോൻ

പട്ടക്കാരൻ : നാം എല്ലാവരും പ്രാർത്ഥിച്ച്...

പ്രത്യുത്തരം : കാരണ്യവാനായ കർത്താവേ...

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും ...

ഞങ്ങളുടെ മിശിഹാതമ്പുരാനേ, ഞങ്ങളെ കഷ്ടതയില്ലാത്തവരും മരണമില്ലാത്തവരും ആക്കിത്തീർക്കാൻ, മനുഷ്യാവതാരത്താൽ തിരുമനസ്സോടെ പീഡാനുഭവത്തിന് നീ എഴുന്നെള്ളി വന്നുവല്ലൊ. ആ പീഡാനുഭവത്താൽ ഞങ്ങളുടെ പാപമാകുന്ന കുറ്റപത്രങ്ങൾ നീ നീക്കിക്കളഞ്ഞു: കഷ്ടതയുള്ള ഞങ്ങളുടെ വർഗ്ഗത്തിന് കഷ്ടതയില്ലായ്മ നീ നല്കി. നിന്റെ പീഡാനുഭവത്താൽ സ്വർഗ്ഗവാസികളേയും ഭൂവാസികളേയും തമ്മിൽ യോജിപ്പിച്ചു. ഇപ്രകാരം ചെയ്തവനും ഉണ്മയിൽ കഷ്ടതയില്ലാത്തവനുമായ നിനക്കു സന്ധ്യാപ്രാർത്ഥനയുടെ ഈ സമയത്തും...

## സെദറാ

ഞങ്ങളുടെ മിശിഹാതമ്പുരാനേ, നീ കാരുണ്യവാനും, കൃപയും സത്യവും വളരെയുള്ളവനും, ദയാലുവും, ദീർഘക്ഷ മയുള്ളവനും മനുഷ്യസ്നേഹിയുമാകുന്നു. വ്യാപാരപ്രകാരം നീ മനുഷ്യരോടുകൂടി സഞ്ചരിച്ചു. പ്രകൃത്യാ കഷ്ടത ഇല്ലാത്തവനും അതിൽനിന്ന് അകന്നിരിക്കുന്നവനുമായ നീ, ഞങ്ങളുടെ രക്ഷ യ്ക്കുവേണ്ടി സ്വമനസ്സാ ശരീരത്തിൽ പീഡ അനുഭവിച്ചു. പാപ വികാരങ്ങൾക്ക് അടിമപ്പെടാതിരിക്കുവാൻ ഞങ്ങളുടെ ആത്മാ ക്കളിൽനിന്ന് അവ നീക്കിക്കളഞ്ഞു. നിർമ്മലരായിത്തീരാൻ ഞങ്ങളെ നീ പഠിപ്പിച്ചു. നിന്റെ പീഡാനുഭവത്താൽ നീ ഞങ്ങൾക്ക് രക്ഷ നൽകി. നീ ഏറ്റ അടികളാൽ ഞങ്ങൾക്ക് സൗഖ്യം പ്രദാനം ചെയ്തു. നിന്റെ മുറിവുകളാൽ ഞങ്ങൾ സ്വത ന്ത്രരായി. അതിനാൽ ഞങ്ങൾ നിന്നെ വന്ദിച്ച് സ്തോത്രം ചെയ്യു ന്നു. നിന്റെ പീഡാനുഭവത്തെ വാഴ്ത്താൻ ആഗ്രഹിച്ചുകൊണ്ട് ആഹ്ലാദപൂർവ്വം ഞങ്ങൾ ഇപ്രകാരം ഉൽഘോഷിക്കുന്നു:

പാപത്തിന്റെ അശുദ്ധ വികാരങ്ങളിൽനിന്ന് ഞങ്ങളെ വീണ്ടെടുത്ത രക്ഷാകരവും വിശുദ്ധവുമായ പീഡാനുഭ വമേ,

അക്ഷയമായ പുതിയ ജീവൻ ലഭിക്കുവാൻ ഞങ്ങൾക്കി ടയാക്കിയ വിശുദ്ധവും രക്ഷാകരവുമായ പീഡാനുഭവമേ,

ആത്മീയമായ സകല ഭാഗ്യങ്ങളുടെയും ഭണ്ഡാരത്തെ ഞങ്ങൾക്ക് തുറന്നു തന്ന രക്ഷാകരമായ പീഡാനുഭവമേ,

അശുദ്ധ പ്രവർത്തികളുടെ മലിനതയിൽനിന്നുള്ള മോചനം ഞങ്ങൾക്കു സമ്പാദിച്ചുതന്ന വിശുദ്ധവും രക്ഷാ കരവുമായ പീഡാനുഭവമേ,

സ്വർഗ്ഗരാജ്യത്തിലേക്കു പോകുന്നതിന് ഞങ്ങൾക്ക് വിശാല വഴിയും ഊടുവഴിയുമായിത്തീർന്ന വിശുദ്ധവും രക്ഷാകരവുമായ പീഡാനുഭവമേ,

സകല നന്മകളുടെയും സങ്കേതസ്ഥാനം ഞങ്ങൾക്ക് ചൂണ്ടിക്കാണിച്ചു തന്ന വിശുദ്ധവും രക്ഷാകരവുമായ കഷ്ടാനുഭവമേ,

സമാധാനത്തോടെ വരിക!



യുള്ള വസ്ത്രങ്ങൾക്കൊണ്ടു പൊതിഞ്ഞ്, നിന്നെ ആദരിച്ച് അവന്റെ വകയായ പുതിയ കല്ലറയിൽ അടക്കി. ദീർഘദർശി പറഞ്ഞതുപോലെ നിന്റെ പ്രവേശനത്തിൽ പാതാളം അനുസ രിച്ചു. "മരണമേ, നിന്റെ മൂർച്ച എവിടെ? പാതാളമേ നിന്റെ ജയ മെവിടെ?" എന്നു നീതിയോടു നീ ചോദിച്ചു. ബലവാനായ രാജാവ് ക്രൂരനായ മരണത്തെ ബന്ധിച്ചു. ആദാമിന്റെ ഭവനക്കാ രായ അടിമകളെ അവനിൽനിന്ന് വീണ്ടെടുത്തു. ബലവാനെ ശിക്ഷയ്ക്കു വിധിച്ചു. അവന്റെ അധികാരം എടുത്തുകളഞ്ഞു. "ദൈവാലയം മൂന്നുദിവസംകൊണ്ട് പൊളിച്ചു പണിയുന്നവനേ, നിന്നെത്തന്നെ രക്ഷിക്കുക" എന്ന് കുരിശിൽ കിടന്ന നിന്നെ, ശത്രുക്കൾ പരിഹസിച്ചു. അതിന്, തന്റെ മണവാളന്റെ മരണ ത്തിൽ വിലപിച്ചുകൊണ്ടിരിക്കുന്ന പുതിയ സഭ "എന്റെ ശത്രുവേ, നീ എന്നെക്കുറിച്ചു സന്തോഷിക്കണ്ട, ഞാൻ വീണുപോയെ ങ്കിലും എഴുന്നേല്ക്കും, ഇരുട്ടിൽപ്പെട്ടെങ്കിലും കർത്താവ് എന്നെ പ്രകാശിപ്പിക്കും", എന്ന് ദീർഘദർശി പറഞ്ഞപ്രകാരം, ചീത്ത യായ പഴയ മണവാട്ടിയോടു മറുപടി പറഞ്ഞു.

അതിനാൽ കർത്താവായ മിശിഹാതമ്പുരാനേ, "ദൈവം ജീവിച്ചെഴുന്നേറ്റെന്നും, അവന്റെ എല്ലാ ശത്രുക്കളും ചിതറിപ്പോ യെന്നും, അവർ മുട്ടുകുത്തിവീണെന്നും, ഞങ്ങൾ എഴുന്നേറ്റ് സന്നദ്ധരായിരിക്കുന്നെന്നും" വിശ്വാസിച്ചേറ്റ് പറയുന്നു. ഞങ്ങളെ മരണത്തിന്റെ ആധിപത്യത്തിൽനിന്ന് രക്ഷിച്ച കർത്താവിന്റെ തിരുനാമമാണ് ഞങ്ങൾക്കു തുണ" എന്ന് ഞങ്ങൾ പാടിപ്പറ യുന്നു. ഞങ്ങളും, ഞങ്ങളുടെ മരിച്ചവരും നിന്റെ രാജ്യത്തിൽ ആഹ്ലാദിക്കാനും നിന്നെക്കണ്ട് സന്തോഷിക്കാനും ഞങ്ങൾക്കു സംഗതിവരണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരി ശുദ്ധാത്മാവിനും ....

# ശനി–മൂന്നാം മണി

## പ്രുമിയോൻ

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച്...

പ്രത്യുത്തരം : കാരുണ്യവാനായ കർത്താവേ,...

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും...

മിശിഹാതമ്പുരാനേ, നീ ജഡത്തിൽ മരിച്ച് മരണമുള്ളവരുടെ വർഗ്ഗത്തെ ജീവിപ്പിച്ച ജീവനുള്ളവനും ജീവദാതാവുമാകുന്നു. നീ പാതാളത്തിൽവച്ച്, നാശം കാണാതെയിരുന്ന പുണ്യവാനും, മരിച്ചവരുടെ സ്ഥലത്തുചെന്ന് സംസ്ക്കരിക്കപ്പെട്ടവരോട് പുനരുത്ഥാനവും, നിദ്രപ്രാപിച്ചവരോട് സത്യശരണവും പരേതരോട് മരണമില്ലായ്മയും പ്രസംഗിച്ചവനാകുന്നു. നിനക്ക് ഈ സമയത്തും സകല പെരുന്നാളുകളിലും...

## സെദറാ

സത്യജീവനും ലോകത്തെ ജീവിപ്പിക്കുന്നവനുമായ മിശിഹാതമ്പുരാൻ പ്രകൃത്യാ എല്ലാ ലൗകികപീഡകളിൽനിന്നും അകന്നിരിക്കെ, സ്വമനസ്സാലെ പീഡ ഏൽക്കാനായി വന്നു. നമ്മെ രക്ഷിക്കാനായി കുരിശാരോഹണവും മരണവും സഹിച്ചു. യോനാ, സമുദ്രത്താലും മത്സ്യത്താലും മുൻകൂട്ടി സൂചിപ്പിച്ചപ്രകാരം മൂന്നുദിവസം പാതാളത്തിൽ താമസിച്ചു. "കൊലയിൽനിന്നു വിട്ടുപോയി" എന്ന് യാക്കോബ് ആരെക്കുറിച്ച് പ്രസംഗിച്ചുവോ, ആ സിംഹക്കുട്ടി, ഒരു ബലഹീനനെപ്പോലെ പാതാളത്തിന്റെ അടിയിൽ പറ്റിക്കിടന്നു. "ഭക്ഷിക്കുന്നവനിൽനിന്നു പുറപ്പെട്ട മധുരഭക്ഷണ"ത്താൽ ശിംശോൻ നിന്നെ സൂചിപ്പിച്ചു. മിശിഹാതമ്പുരാനേ, "ജീവന്റെ അച്ചാരമാകുന്ന പറുദീസായിൽ നീ ഇന്ന് എന്നോടുകൂടെ ഇരിക്കും" എന്നുള്ള ശബ്ദംകേട്ട് കള്ളൻ, നീ സ്വർഗ്ഗീയ രാജാവാണെന്ന് തിരിച്ചറിഞ്ഞു. "നീ സത്യദൈവത്തിന്റെ പുത്രനാണെന്ന്" ശതാധിപൻ ഏറ്റുപറഞ്ഞു. യൗസേഫ് നാടുവാഴിയായ പീലാത്തോസിനോട് നിന്റെ ശരീരം ചോദിച്ചു വാങ്ങി. മൂരും കുന്തിരിക്കവുമാകുന്ന സുഗന്ധദ്രവ്യങ്ങളിട്ട് നേർമ്മ



ഞങ്ങൾക്ക് രക്ഷയുടെ ആയുധമായിത്തീർന്ന വിശുദ്ധവും രക്ഷാകരവുമായ കഷ്ടാനുഭവമേ,

കൽപന ലംഘനംമൂലമുണ്ടായ ഞങ്ങളുടെ കടംവീട്ടിയ വിശുദ്ധവും ജീവനുണ്ടാക്കുന്നതുമായ കഷ്ടാനുഭവമേ,

സാത്താന്റെ വഞ്ചന നശിപ്പിച്ചതായ വിശുദ്ധവും രക്ഷാകരവുമായ പീഡാനുഭവമേ,

ഞങ്ങളുടെ മനുഷ്യത്വത്തിന്റെ വേദനകളും രോഗങ്ങളും സൗഖ്യമാക്കിയ വിശുദ്ധവും ജീവനുണ്ടാക്കുന്നതുമായ പീഡാനുഭവമേ,

പാപത്തിന്റെ തിരമാലകളിൽനിന്നും കൊടുങ്കാറ്റിൽനിന്നും ഞങ്ങളെ രക്ഷിക്കുന്ന സമാധാനത്തിന്റെ തുറമുഖമായ പീഡാനുഭവമേ,

ഞങ്ങളുടെ മലിനതകളും പിഴകളും കഴുകി വെടുപ്പാക്കിയ വിശുദ്ധവും ജീവദായകവുമായ പീഡാനുഭവമേ,

സകല സൃഷ്ടികൾക്കും പ്രകാശവും ജീവനും ഉദിപ്പിച്ച വിശുദ്ധവും രക്ഷാകരവുമായ പീഡാനുഭവമേ,

പാപബന്ധനങ്ങളും മൂടുപടങ്ങളും പൊട്ടിച്ചെറിഞ്ഞുകളഞ്ഞ വിശുദ്ധവും രക്ഷാകരവുമായ പീഡാനുഭവമേ,

വിവിധതരങ്ങളായ സഹായങ്ങൾ ഞങ്ങൾക്കു നൽകിയ വിശുദ്ധവും രക്ഷാകരവുമായ പീഡാനുഭവമേ,

ഞങ്ങളെ പിതാവിനോട് നിരപ്പാക്കുന്ന ധൂപകലശമായിത്തീർന്ന വിശുദ്ധവും രക്ഷാകരവുമായ പീഡാനുഭവമേ,

ആദാമിന്റെ രൂപത്തിന് വീണ്ടും പുതിയ രൂപം നല്കിയ വിശുദ്ധവും രക്ഷാകരവുമായ പീഡാനുഭവമേ,

വിശുദ്ധിയും നീതീകരണവും നേടുവാൻ ഞങ്ങളെ സഹായിച്ച രക്ഷാകരമായ പീഡാനുഭവമേ,

ഭൂമിയിൽനിന്ന് സ്വർഗ്ഗത്തിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കുന്ന വിശുദ്ധവും രക്ഷാകരവുമായ പീഡാനുഭവമേ,

കല്പനലംഘനത്താൽ ആദാം അടച്ചു കളഞ്ഞ വാതിൽ ഞങ്ങൾക്കു തുറന്നു തന്ന വിശുദ്ധവും രക്ഷാകരവുമായ പീഡാനുഭവമേ,

സമാധാനത്തോടെ വരിക!

ഞങ്ങൾക്കുവേണ്ടി തിരുമനസ്സോടെ ശരീരത്തിൽ പീഡ അനുഭവിച്ച മിശിഹാതമ്പുരാനേ, ഈ പരിശുദ്ധ ധൂപംവഴി ഞങ്ങൾ നിന്നോട് അപേക്ഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. നിന്റെ പീഡാനുഭവത്തിൽ പങ്കുചേരുവാനും, അപമാനം വഹിപ്പാനും താഴ്മയിൽ സദൃശരാകുവാനും ഞങ്ങളെ യോഗ്യരാക്കണമേ. നിന്റെ കുരിശാരോഹണത്തിൽ ഞങ്ങൾ വിജയം ഘോഷിക്കട്ടെ. നിന്റെ കരുണയാൽ ഞങ്ങളുടെ ആത്മാക്കളെ പുണ്യപ്പെടുത്തണമേ. നിന്റെ മണവറയിലേക്ക് ഞങ്ങളെ ക്ഷണിക്കണമേ. നിന്റെ കല്യാണവിരുന്നിൽ ഞങ്ങളെ തോഴ്മക്കാരാക്കണമേ. ഞങ്ങളും, ഞങ്ങളുടെ പരേതരും നിന്റെ വലതുഭാഗത്തു നിന്ന് നിന്റെ കരുണ ദർശിക്കുവാൻ ഇടയാക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും...

## എത്രോ

കർത്താവേ നിന്റെ വിശുദ്ധ സഭയുടെ ധൂപം കരുണാപൂർവ്വം കൈക്കൊള്ളണമേ. ഞങ്ങൾ നിന്റെ പീഡാനുഭവങ്ങളെ വന്ദിച്ചു സ്തുതിക്കുന്നു. നിന്റെ മുറിവുകളെ ആലിംഗനം ചെയ്യുന്നു. നിന്റെ സ്ലീബായിൽ സന്തോഷിച്ച് പ്രശംസിക്കുകയും ചെയ്യുന്നു. ഇപ്രകാരം ചെയ്യുന്ന വിശേഷബുദ്ധിയുള്ള ഈ ആട്ടിൻകൂട്ടത്തിന്റെ പ്രാർത്ഥനകളിൽ പ്രസാദം തോന്നണമേ. നാനാഭാഗത്തും അതിന്റെ കൊമ്പ് നീ ഉയർത്തണമേ. പിതാവിനോടും വിശുദ്ധ റൂഹായോടുംകൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്ന പുത്രനായ നീ സാക്ഷാൽ അവകാശിയാകുന്നു. സ്തോത്രമാകുന്ന മധുരഫലങ്ങൾ ഇടവിടാതെ നിന്റെ സഭ നിനക്കർപ്പിക്കുന്നു. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ...



## എത്രോ

ജീവനുള്ള മിശിഹാ തമ്പുരാനേ, മരണമാകുന്ന ധൂപക്കൂട്ടാൽ മരിച്ചവരെ നീ ജീവിപ്പിച്ചു. നിന്റെ സംസ്കാരത്താൽ സംസ്കരിക്കപ്പെട്ടവരെ ഉയിർപ്പിച്ച് മരണത്തിന്റെ അധികാരം അഴിച്ചുകളഞ്ഞു. അതിനെ, രക്ഷിക്കപ്പെട്ടവർക്ക് നിദ്രയാക്കിത്തീർക്കുകയും ചെയ്തു. ഈ സുഗന്ധധൂപത്താൽ പാപത്തിന്റെ എല്ലാ ചലനങ്ങളേയും ഹനിക്കണമേ. നിർദോഷമായ പുണ്യജീവൻ ഞങ്ങളുടെ അവയവങ്ങളിൽ വ്യാപിപ്പിക്കണമേ. സൽക്രിയകളുടെ പരിമളം ഞങ്ങളുടെ ചിത്തവൃത്തികളിൽ വീശണമേ. ഞങ്ങളും അവരും നിനക്കും നിന്റെ പിതാവിനും വിശുദ്ധറൂഹായ്ക്കും സ്തുതിയും കീർത്തനവുമർപ്പിക്കും. ഹോശോ വബ്...

യേൽക്കുകയും, ജഡത്തിൽ മരിക്കുകയും ചെയ്തു. അങ്ങനെ അവനെ രക്ഷിക്കുകയും അവന്റെ മുൻമഹിമയിലേക്ക് തിരിച്ചു കൊണ്ടുവരികയും ചെയ്തു. നീ ജഡത്തിൽ മരണമനുഭവിച്ച് മരിച്ചവരോടുകൂടെ എണ്ണപ്പെട്ടപ്പോൾ, ആകാശവും ഭൂമിയും ഇള കി. അഗ്നിമയന്മാരുടെ സൈന്യങ്ങൾ തിക്കിത്തിരക്കിവന്ന്, ഭൂത ലത്തെ ചുട്ടു ദഹിപ്പിക്കേണ്ടതിന്, അവരുടെ ചിറകുകൾ കൂട്ടി ഉരസ്സി. ദുഷ്ടനും മരണവും ഞെട്ടിവിറയ്ക്കുകയും അവരുടെ അധികാരം നശിച്ച് നാമാവശേഷമാകുകയും ചെയ്തു.

ഇന്ന്, മരണം പാതാളവാതുക്കൽവച്ച് ചവിട്ടപ്പെട്ടു. ഇന്ന്, ആകാശം തന്റെ മഹത്ത്വം അറിയിക്കുകയും സൃഷ്ടികൾ തന്റെ ശ്രേഷ്ഠത പ്രസംഗിക്കുകയും ചെയ്തു. കുരിശിൽ മരിച്ച വനെചൊല്ലി, അവന്റെ മാതാവായ മറിയാം അവളുടെ സഖിമാ രോടുകൂടെ രഹസ്യത്തിൽ കരഞ്ഞുകൊണ്ടിരുന്നു. ഇന്ന്, സാധു ക്കളായ കുഞ്ഞാടുകളാകുന്ന ശ്ലീഹന്മാർ രഹസ്യസ്ഥലങ്ങളിൽ ഒളിച്ചിരുന്നു. കർത്താവേ, നിന്റെ മണവാട്ടിയായ സഭ നിന്റെ മര ണത്തിൽ വിജയം ഘോഷിക്കുകയും, നിന്റെ പീഡകളേയും കുരി ശാരോഹണത്തേയും ലാളിക്കുകയും ചെയ്യുന്നു. ഇതിനാൽ, രക്ഷിതാവായ മിശിഹാതമ്പുരാനേ, നിന്റെ കുരിശടയാളത്താൽ സഭയെ ഉൽക്കർഷപ്പെടുത്തണമേ. അവളുടെ എല്ലാ യാചനക ൾക്കും ഉത്തരമരുളണമേ. നിന്റെ വലത്തുകൈ അവളുടെമേൽ ആവസിപ്പിക്കണമേ. നിന്റെ അനുകമ്പ അവളുടെ മക്കളിൽ നില നിർത്തണമേ, നിന്റെ അനുഗ്രഹങ്ങൾ അവർക്ക് അഭയസ്ഥാനവും നിന്റെ ദയ ഉന്നതകോട്ടയും ആയിരിക്കണമേ. നിന്റെ ദാനങ്ങ ളെല്ലാം അവരിൽ വർദ്ധിപ്പിക്കണമേ. ബഹുലമായ വാഴ്വുകൾ അവരിൽ ചൊരിയണമേ. നിന്റെ വിശുദ്ധ റൂഹാ അവരിൽ ആവസിക്കുമാറാകണമേ. വിശ്വാസികളായ മരിച്ചുപോയവർ ഊർശ്ലേം ഭവനങ്ങളിൽ ആഹ്ലാദിക്കുമാറാകണമേ. അവർ അവ രുടെ സന്താനങ്ങളോടുകൂടെ അവർക്കുവേണ്ടിയുള്ള നിന്റെ കഷ്ടതകളേയും മരണത്തേയും സംസ്ക്കാരത്തേയും പുകഴ്ത്തു മാറാകണമേ. ഞങ്ങളും അവരും നിന്നേയും, ഞങ്ങളെ രക്ഷി പ്പാൻ നിന്നെ അയച്ച പിതാവിനെയും, ജീവൻ നല്കുന്ന പരി ശുദ്ധ റൂഹായേയും സ്തുതിച്ചു വന്ദിക്കുമാറാകണമേ. ഹോശോ വബ്...



# തിങ്കൾ - സൂത്താറാ

## പ്രുമിയോൻ

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച്...

പ്രത്യുത്തരം : കാരുണ്യവാനായ ...

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും...

ഞങ്ങളുടെ മിശിഹാതമ്പുരാനേ, നീ പ്രകൃത്യാ ഉന്നതനും പീഡകളിൽനിന്ന് അകന്നിരിക്കുന്നവനുമാകുന്നു. എങ്കിലും തിരു വിഷ്ടപ്രകാരം ശരീരത്തിൽ പീഡ ഏല്ക്കുവാനായി നീ ഞങ്ങളുടെ അടുത്തേക്കു വന്നു. തിരുവിഷ്ടത്താൽ ശരീരപ്ര കാരം മരിക്കുകയും ആത്മാവിൽ ജീവിക്കുകയും ചെയ്തു. അമർത്യനായ നീ കുറ്റക്കാരനേപ്പോലെ ക്രൂശിക്കപ്പെട്ടു. നിന്റെ പീഡാനുഭവത്താൽ ഞങ്ങളുടെ കഷ്ടതകൾ മായിച്ചുകളഞ്ഞു. സ്വമരണത്താൽ മരണത്തിന്റെ കാഠിന്യം നശിപ്പിച്ചു. നിന്റെ സ്ലീബായാൽ ദുഷ്ടന്റെ അധികാരത്തെ നശിപ്പിച്ചു. ഞങ്ങളുടെ മേലുള്ള അവന്റെ ജയം തുടച്ചുനീക്കി. അന്ധകാരശക്തികളെ നീ ലജ്ജിപ്പിച്ചു. മനുഷ്യത്വത്തിന്റെ നാഥനായ നിനക്ക്, അനശ്വ രമായ സ്തുതിയും സ്തോത്രവും വന്ദനവും നിരന്തരമായ കൃത ജ്ഞതയും ഞങ്ങൾ അർപ്പിക്കുന്നു. പീഡാനുഭവത്താലും സ്ലീബാ യാലും മരണത്താലും രക്ഷ നേടിത്തന്ന നിനക്ക് സൂത്താറാ പ്രാർത്ഥനയുടെ ഈ നേരത്തും എല്ലാ കാലങ്ങളിലും...

## സെദറാ

കാരുണ്യവാനായ കർത്താവേ, നേർവഴി കാണിച്ചുത രാൻവേണ്ടി രക്ഷയുടെ വ്യാപാരപ്രകാരം ഞങ്ങളോടു നീ പെരു മാറി. പ്രകൃത്യാ പൂർണ്ണനും പീഡയില്ലാത്തവനുമാണെങ്കിലും, ഞങ്ങളുടെ രക്ഷക്കുവേണ്ടി നീ സ്വമനസ്സാലെ ശരീരത്തിൽ പീഡ അനുഭവിച്ചു. സൽപ്രവർത്തികളാൽ പാപവികാരങ്ങൾ ആത്മാ ക്കളിൽനിന്ന് മുഴുവനായി കഴുകിക്കളഞ്ഞ് വെടിപ്പാക്കാൻ ഞങ്ങളെ നീ പഠിപ്പിച്ചു. നിഷ്കളങ്ക ഹൃദയത്തോടെ ഞങ്ങൾ ആനന്ദപൂർവ്വം ഉൽഘോഷിക്കുന്നു: വിഗ്രഹാരാധനയിൽനിന്ന്

ഞങ്ങളെ രക്ഷിച്ച രക്ഷാകരമായ പീഡാനുഭവമേ: സമാധാനത്തോടെ വരിക! ദുഷ്ടന്റെ തന്ത്രത്തിൽനിന്നും വഞ്ചനയിൽനിന്നും ഞങ്ങളെ വീണ്ടെടുത്ത രക്ഷാകരമായ പീഡാനുഭവമേ, സമാധാനത്തോടെ വരിക. ഞങ്ങൾക്ക് ജീവന്റെയും രക്ഷയുടെയും മാർഗ്ഗമായിത്തീർന്ന ബഹുമാന്യവും വിശുദ്ധവുമായ പീഡാനുഭവമേ, സമാധാനത്തോടെ വരിക. ഞങ്ങളുടെ കുറ്റങ്ങളും മാലിന്യങ്ങളും പരിഹരിച്ച രക്ഷാകരവും വിശുദ്ധവുമായ പീഡാനുഭവമേ, സമാധാനത്തോടെ വരിക. ഈ പീഡാനുഭവത്താൽ ബലഹീനരായ ഞങ്ങൾ ശക്തി പ്രാപിച്ചു. അസ്ഥിരരായ ഞങ്ങൾ സ്ഥിരതയുള്ളവരായിത്തീർന്നു. ഇപ്രകാരമുള്ള രക്ഷാകരവും വിശുദ്ധവുമായ പീഡാനുഭവമേ, നിനക്കു സമാധാനം. തന്മൂലം ശരീരത്തിൽ ഞങ്ങൾക്കുവേണ്ടി പീഡ സഹിച്ച മിശിഹാതമ്പുരാനേ, ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. നിന്റെ പീഡാനുഭവത്തിൽ പീഡ സഹിക്കാനും, അപമാനം വഹിക്കാനും ഞങ്ങളെ യോഗ്യരാക്കണമേ. നിന്റെ താഴ്മയുടെ സ്ലീബാകൊണ്ട് ഞങ്ങളുടെ ആത്മാക്കളെ ശുദ്ധീകരിക്കണമേ. ഞങ്ങളെ നിന്റെ മണവറയിലേക്കു ക്ഷണിക്കുകയും നിന്റെ കല്യാണവിരുന്നിൽ തോഴ്മക്കാരാക്കുകയും ചെയ്യണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും...



# ശനി - പ്രഭാതം

## പ്രുമിയോൻ

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച്...

പ്രത്യുത്തരം : കാരുണ്യവാനായ കർത്താവേ,...

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും...

മിശിഹാതമ്പുരാനേ, നീ സ്വമനസ്സാ മരണം അനുഭവിച്ചു. വീണുകിടന്ന മരിച്ചവർക്ക് സ്വശക്തിയാൽ പുനരുത്ഥാനത്തിന്റെ അറിവു നല്കി. പ്രകൃത്യാ മരണമില്ലാത്തവനും ജീവനുള്ളവനുമായ നീ മരിച്ചവരുടെ ഇടയിൽ ഉറങ്ങിക്കിടന്നു. സ്വശബ്ദത്താൽ പാതാളത്തിലെ മരിച്ചവരെയെല്ലാം ഉണർത്തി. ശവക്കല്ലറ സൂക്ഷിക്കാൻ യഹൂദന്മാർ നിനക്കു വിരോധമായി ഭ്രാന്തുപിടിച്ചു വന്നെത്തി. കാവൽക്കാരോടുകൂടെ കല്ലിനു മുദ്രവച്ചു. നീ പരാക്രമിയും ശക്തിമാനും, മരണത്തെ കൊന്നവനും, പാതാളത്തെ നശിപ്പിച്ചവനുമാകുന്നു. നിനക്ക് പ്രഭാതപ്രാർത്ഥനയുടെ ഈ സമയത്തും സകല പെരുന്നാളുകളിലും...

## സെദറാ

ഞങ്ങളുടെ മിശിഹാതമ്പുരാനേ, ഉണ്മയുടെ ശക്തിയും ബലവും, ശ്രേഷ്ഠതയും ഭുജവും, പിതാവിന്റെ സ്വാഭാവിക ജ്ഞാനവും നീയാകുന്നു. സൃഷ്ടിക്കപ്പെട്ട സകലത്തേയും നീ മുഖാന്തിരം പിതാവ് സൃഷ്ടിച്ചു. സ്രഷ്ടാവിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും ആദാമിനെ നീ മുഖാന്തിരം സൃഷ്ടിക്കുകയും ചെയ്തു. രാജത്വം, പൗരോഹിത്യം, ദീർഘദർശനത്വം എന്നിവയാൽ നീ അലംകൃതനും, സ്വതന്ത്രനും, സ്വയാധികാരമുള്ളവനുമാകുന്നു. ലോകൈക പരാക്രമിയായ നിനക്കല്ലാതെ, അനേകർക്കുവേണ്ടി, ഈ വലിയ ഭാരം വഹിപ്പാൻ ആർക്കു കഴിയും? കർത്താവേ, നിന്റെ കല്പന ലംഘിക്കുകയാൽ, ഉന്നതപദവിയിൽനിന്നു വീണുപോയ ആദാമിന്റെമേൽ, നിന്റെ അനുഗ്രഹങ്ങൾ പൊഴിച്ചു. നിന്റെ പരിശുദ്ധ മഹോന്നതങ്ങളിൽനിന്ന് നീ ഇറങ്ങിവന്ന്, ആദാമിന്റെ പുത്രിയിൽനിന്നും മനുഷ്യനായി ജനിച്ചു. സ്വാഭാവികമായ രീതിയിൽ വളർന്ന്, സ്വമനസ്സാൽ പീഡ

ന്നുകൊണ്ട്, പ്രകൃതിയെ സംഭ്രമിപ്പിക്കുകയും, നീ സത്യദൈവമാണെന്ന് കാണിക്കുകയും ചെയ്തു. കുരിശാകുന്ന തണ്ടിന്മേൽ സ്ഥാപിക്കപ്പെട്ട മഹാദീപം, സൂര്യനിൽ ഊതുകയും അത് കെട്ടുപോകുകയും ചെയ്തു. സൃഷ്ടികളുടെ സത്യപ്രകാശമാകുന്ന വൻ സൂര്യനെ ഇരുട്ടിലേക്കിറക്കി. പരിശുദ്ധ കിരണം മരത്തിന്മേൽ തൂക്കപ്പെടുകയും അതിന്റെ കതിരുകൾ അഗാധങ്ങളായ പാതാളക്കുഴിയിലേക്ക് അയയ്ക്കപ്പെടുകയും ചെയ്തു. പ്രകൃതിയുടെ നാഥനായ നീ കുരിശിന്മേൽ തറയ്ക്കപ്പെട്ടു. പ്രകൃതികളെ പരിഭ്രമിപ്പിക്കുകയും അവ നിന്നെ ആദരിക്കുകയും ചെയ്തു. സ്രഷ്ടാവായ നിന്റെ പീഡാനുഭവസമയത്ത് ഉയരവും ആഴവും നീ ദൈവമാണെന്ന് സാക്ഷിച്ചു. സ്രഷ്ടാവായ നീ പ്രവർത്തിച്ച ഭയങ്കരകൃത്യങ്ങൾ നീ സ്രഷ്ടാവാകുന്നെന്ന് പ്രസംഗിച്ചു. തന്റെ നാഥനായ നീ നഗ്നനായിക്കിടക്കുന്നതു കണ്ട് പകൽ അതിന്റെ വസ്ത്രം കീറിക്കളഞ്ഞു. മദ്ധ്യാഹ്നത്തിൽ, അന്ധകാരത്തിന്റെ വസ്ത്രങ്ങൾ അതു ധരിച്ചു. ലോകം, ഈ ദിവസം മറ്റുള്ളവയോടുകൂടെ പെട്ടെന്ന് കറുപ്പു വസ്ത്രം ധരിച്ചു. നിന്റെ അവർണ്ണനീയമായ വരവിൽ, സത്യമായി വിസ്മയനീയങ്ങളായ വലിയകാര്യങ്ങൾ നീ പ്രവർത്തിച്ചു. " നിന്നെപ്പോലെ ആരുണ്ട്?" എന്നു പറഞ്ഞ് ഞങ്ങൾ അത്ഭുതപ്പെടുന്നു.

ഈ സുഗന്ധധൂപംമൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു, നിന്റെ താഴ്ചയുടെ രഹസ്യം എപ്പോഴും ഞങ്ങളിൽ ഉജ്ജ്വലിപ്പിക്കണമേ. നിന്റെ കുരിശിനെക്കുറിച്ചുള്ള സ്നേഹംകൊണ്ട് ഞങ്ങളെ നീ ചൂടുപിടിപ്പിക്കണമേ. നിന്റെ പരിശുദ്ധമായ ഉന്നതസ്ഥാനങ്ങളിൽനിന്ന് സമൃദ്ധങ്ങളായ അനുഗ്രഹങ്ങൾ ഞങ്ങൾക്കയച്ചുതരണമേ. ഞങ്ങളിലുള്ള നിന്റെ എല്ലാ കൃപകൾക്കായി, ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും...



# തിങ്കൾ - പ്രഭാതം

## പ്രാരംഭ പ്രാർത്ഥന

പട്ടക്കാരൻ : ശുബഹോ ലാബോ...

പ്രത്യുത്തരം : ബലഹീനരും പാപികളും ...

ദൈവമായ കർത്താവേ, നല്ല മുന്തിരിപ്പഴങ്ങൾക്കുപകരം കാട്ടുമുന്തിരികൾ കായ്ച്ച പഴയ ഇസ്രയേൽ എന്ന തോട്ടംപോലെ, ഞങ്ങളുടെ ഹൃദയമാകുന്ന നിലം നിഷ്ഫലമായിത്തീരാൻ ഇടവരാതെ കാത്തുസൂക്ഷിക്കണമേ. നേരെമറിച്ച്, നീ നട്ടു നിലനിർത്തിയ ഈ മുന്തിരിവള്ളികൾ തഴച്ചു പടർന്ന് ആസ്വാദ്യകരങ്ങളായ പഴങ്ങളും, രുചികരമായ രമ്യഫലങ്ങളും ഉല്പാദിപ്പിക്കുമാറാക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ...

## പ്രുമിയോൻ

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച്...

പ്രത്യുത്തരം : കാരുണ്യവാനായ കർത്താവേ...

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും...

ദൈവമായ കർത്താവേ, മിസ്രേംകാരായ പുറജാതികളുടെ ഇടയിൽ നീ ഒരു മുന്തിരിവള്ളി നട്ടു. അതിനെ അത്ഭുതങ്ങളാലും ശക്തിയാലും പുറത്തേക്കു വ്യാപിപ്പിച്ചു. അത് ഭൂമിയിലെങ്ങും നിറഞ്ഞു. എന്നാൽ അത് ഉചിതമായ ഫലങ്ങൾ തന്നില്ല. അതിലെ വേലക്കാർ തോട്ടത്തിൽവച്ച് നിന്റെ ദീർഘദർശികളെ കൊന്നു. അതിലെ പുരോഹിതന്മാർ നിന്റെ വത്സലപുത്രനെ കുരിശിൽ തറച്ചുകൊന്നു. അതിനാൽ ആ തോട്ടം സമൂലം നശിപ്പിക്കപ്പെട്ടു. പുറജാതികളുടെ ചവിട്ടേറ്റ യഥാർത്ഥ കൃഷിക്കാരനും, സത്യമായ തോട്ടത്തിന്റെ ഉടമസ്ഥനുമായ പിതാവേ, നിനക്കു സ്തുതി, നിനക്കു കീർത്തനം. ആ പഴയ ഇസ്രായേലിനു പകരം പുതിയ ഇസ്രായേലാകുന്ന സഭ നീ സ്ഥാപിച്ചു. അത്, നിനക്ക് മഹത്തരമായ മധുരഫലങ്ങൾ തന്നുകൊണ്ടിരിക്കുന്നു. ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാ സമയത്തും ...

### സെദറാ

സർവ്വത്തിന്റെയും സ്രഷ്ടാവും നാഥനും അദൃശ്യനുമായ പിതാവായ ദൈവമേ, ആദിമനുഷ്യനെ നീ മഹത്വത്തിന്റെയും ശ്രേഷ്ഠതയുടെയും പ്രതിച്ഛായയിൽ സ്വർഗ്ഗീയനും ഭൗമികനുമായി സൃഷ്ടിച്ചു. മറ്റു സൃഷ്ടിയുടെ നാഥനും രാജാവുമായി ഈ ലോകത്തിൽ അവനെ നീ കല്പിച്ച് നിയമിച്ചാക്കി. ദുഷ്ടന്റെ അസൂയമൂലം അവൻ വാസസ്ഥാനമായിരുന്ന ഏദനിൽനിന്ന് പുറത്താക്കപ്പെട്ടു. അവിടുത്തെ ആജ്ഞ ലംഘിച്ചതിനാൽ അവൻ കയ്പുരസത്തിനടിമയായി പരാജയപ്പെട്ടു. ഇപ്രകാരം അവൻ ജീവവൃക്ഷത്തിന്റെ അടുക്കൽനിന്ന് ദുഃഖകരമായ പ്രദേശത്തേക്ക് നിഷ്കാസിതനായി. എന്നാൽ നിന്റെ കൃപയിൽനിന്ന് അവൻ തള്ളപ്പെട്ടില്ല. പൂർവികരായ പുണ്യപിതാക്കന്മാരോടും, അബ്രഹാം, ഇസഹാക്ക്, യാക്കോബ് മുതലായ പിതാക്കന്മാരോടും അരുളിച്ചെയ്ത വാഗ്ദാനം അനുസരിച്ച് പുറജാതികളിൽനിന്ന് പ്രിയജനമായ ഇസ്രായേലിനെ നീ വേർതിരിച്ചു. അവർക്ക് തിരുനാമം നൽകി, വാഗ്ദാനം നിറവേറ്റി. അത്ഭുതശക്തികളും അടയാളങ്ങളും കാണിച്ച് ഇസ്രായേലാകുന്ന ആ മുന്തിരിവള്ളിയെ നീ പുറത്തുകൊണ്ടുവന്നു. ജാതികളെ നശിപ്പിച്ചശേഷം അതു നീ നട്ടുപിടിപ്പിച്ചു. ആ മുന്തിരിവള്ളി ഭൂമിയിലെങ്ങും പടർന്നു നിറഞ്ഞു. അതിന്റെ നിഴൽ മലകളേയും, ചില്ലകൾ കുന്നുകളേയും മറച്ചു. വാത്സല്യഭാജനമെന്നും ആദ്ധ്യാത്മിക പ്രഥമ സന്താനമെന്നു വിളിക്കപ്പെട്ടതുമായ ആ തോട്ടത്തിന് ചുറ്റും നീ ന്യായപ്രമാണമാകുന്ന വേലിക്കെട്ടുണ്ടാക്കി; ന്യായപ്രമാണമനുസരിച്ചുള്ള ചക്ക് അതിൽ കുഴിച്ചുവച്ചു. നിന്റെ പ്രതിജ്ഞയാകുന്ന ഉന്നത ഗോപുരം അതിൽ നിർമ്മിച്ചു. പ്രവചനങ്ങളാകുന്ന മഴകൊണ്ട് ആ തോട്ടത്തെ നനച്ചു വളർത്തി. ഉപദേശങ്ങളാലും ഉത്തമ പ്രവൃത്തികളാലും കൃഷി നടത്തി. സൽഫലങ്ങൾ നല്കുന്നതിനായി നീ അതിനെ ജനത്തിന്റെ സപ്രേമ്മാരായ സമർത്ഥരായ വേലക്കാരെ ഏല്പിച്ചു. വിളവുകാലത്ത് ആദ്യഫലങ്ങൾ വാങ്ങിക്കൊണ്ടുവരാൻ വിശുദ്ധ ദീർഘദർശികളായ സ്വന്ത ദാസന്മാരെ, മടിയന്മാരായിത്തീർന്ന ആ വേലക്കാരുടെ അടുത്തേയ്ക്കയച്ചു. ആ വേലക്കാർ ഫലങ്ങൾ സമർപ്പിച്ചില്ലെന്നു മാത്രമല്ല, ആ പ്രിയ ദാസന്മാരെ അവിവേകി



# ശനി - സൂത്താറാ

### പ്രൂമിയോൻ

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച്...

പ്രത്യുത്തരം : കാരുണ്യവാനായ കർത്താവേ,...

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും...

ദൈവമായ കർത്താവേ, നീ തിരുമനസ്സാൽ ജഡപ്രകാരം മരണത്തോടു യോജിച്ചു. നിന്റെ കർതൃത്വം സൃഷ്ടികളോടു പ്രസംഗിക്കാൻ, പ്രകൃതിയെ നീ ഇളക്കി. നിന്റെ നഗ്നത അഹങ്കാരികൾ കാണാതിരിക്കാൻ സൂര്യനെ നീ അന്ധകാരമയമാക്കി. നിന്റെ ശബ്ദത്താൽ ദൈവികപ്രകാരം പാറകൾ പൊളിഞ്ഞു. നിന്റെ ബലത്താൽ ശവക്കല്ലറകൾ തുറന്നു. മരണത്താൽ മരിച്ചവരെ ജീവിപ്പിച്ചു. കുരിശിൽ തറച്ചവരെ ശാസിക്കാൻ സ്വയം മരണം വരിച്ചു. ശവക്കല്ലറയിൽ കിടന്നവരെ പുറത്തേക്ക് കൊണ്ടുവന്നു. ജീവനുള്ളവനും ജീവൻ നൽകുന്നവനുമായ നിനക്ക് ഈ സമയത്തും സകല പെരുന്നാളുകളിലും...

### സെദറാ

മിശിഹാതമ്പുരാനേ, നിർണ്ണയിപ്പാൻ കഴിയാത്ത അത്ഭുതങ്ങൾ കാണിച്ച നീ ബലവാനാകുന്നു. ആകാശത്തെ മേൽക്കട്ടിപോലെ വിരിക്കുകയും, ഭൂമിയെ വെള്ളത്തിൻമീതെ ഉറപ്പിക്കുകയും ചെയ്ത, സ്രഷ്ടാവായ നിന്നെ അപമാനിച്ച് കുരിശിൽ മലർത്തിക്കിടത്തി. സർവ്വാധിപതിയായ നിന്റെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും ദിവസം ആകാശത്ത് ഇരുട്ടു പരത്തി. പരാക്രമശാലിയായ നീ ഗോഗുൽത്താമേൽ കിടന്നപ്പോൾ ഭൂമിയുടെ അടിസ്ഥാനങ്ങൾ വിറച്ചു. പുത്രൻതമ്പുരാനായ നിന്നെ അസൂയയാൽ ശത്രുക്കൾ കുരിശിൽ തറച്ചു. സർവ്വശക്തനായ നീ പഞ്ചഭൂതങ്ങളെ ദർശിക്കുകയും അവ ഭ്രമിച്ച് ഉരുകി അലിഞ്ഞുപോകുകയും ചെയ്തു. നീതിസൂര്യനായ നീ, കുരിശിൽകിടന്നു നിലവിളിക്കുകയും ആകാശത്തെ ഇളക്കുകയും ചെയ്തു. ഭൂമിയിൽ ഇറ്റിറ്റുവീണ രക്തത്താൽ ഭൂതലത്തിന്റെ കീഴ്ഭാഗങ്ങൾ കുലുങ്ങി. ഉയരത്തിലെ മണവാളനായ നീ സ്ലീബായിൽ കിട

ത്തിൽനിന്നും ഞങ്ങളെ രക്ഷിക്കുകയും ചെയ്ത മിശിഹാതമ്പുരാനേ, നീ മരണമില്ലാത്തവനാകുന്നു. പാതാളത്തിൽ പിടിക്കപ്പെട്ടിരുന്ന ആത്മാക്കളോട് നീ പുനരുത്ഥാനവും മരിച്ചവരുടെ ഉയിർപ്പും പ്രസംഗിച്ചു. ആദാമിനേയും ഹൗവ്വായേയും ആദിമുതലുള്ള സകല പുണ്യവാന്മാരേയും ഉയിർപ്പിന്റെയും ഏദനിലേക്കുള്ള തിരിച്ചുവരവിന്റെയും ആശയാൽ ആശ്വസിപ്പിച്ചു. പ്രകൃത്യാ നീ മരണമില്ലാത്തവനും, നാശമില്ലാത്തവനും ആണെങ്കിലും മൂന്നുദിവസം ശവക്കല്ലറയിൽ കിടക്കാൻ തിരുമനസ്സായി. ഇങ്ങനെയെല്ലാം പ്രവർത്തിച്ച മരണമില്ലാത്തവനായ കർത്താവേ, നീ പരിശുദ്ധനാകുന്നു. ഞങ്ങളുടെ മിശിഹാതമ്പുരാനേ, ഇപ്പോൾ ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. നിന്റെ ശ്രേഷ്ഠാനുഗ്രഹങ്ങൾക്ക് ഞങ്ങളെ അർഹരാക്കണമേ. നിന്റെ വാഗ്ദാനങ്ങൾ നിറവേറ്റി ഞങ്ങളെ ആശ്വസിപ്പിക്കണമേ. നിന്റെ ഉയിർപ്പിന്റെ ഞായറാഴ്ചയിൽ ഞങ്ങളെ സന്തോഷിപ്പിക്കണമേ. ഞങ്ങൾക്കും ഞങ്ങളുടെ മരിച്ചുപോയവർക്കും നീതിയുടെ പുതുമ ഉണ്ടാക്കിത്തരണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ...

## എത്രോ

മിശിഹാതമ്പുരാനേ, നീ എല്ലാറ്റിനും മതിയാകുന്നവനാകുന്നു. നിന്റെ പ്രസാദത്തിന്, മനുഷ്യർ ഭൂമിയിലെ സസ്യങ്ങളിൽനിന്നും സുഗന്ധദ്രവ്യങ്ങളിൽനിന്നും, ഒന്നും സമർപ്പിക്കേണ്ട ആവശ്യമില്ല. എങ്കിലും നിക്കോദിമൂസും യൗസേഫും, സുഗന്ധദ്രവ്യങ്ങൾകൊണ്ടും നിർമ്മലവസ്ത്രങ്ങൾകൊണ്ടും ജഡപ്രകാരം സംസ്ക്കരിക്കുന്നതിന് സ്വമനസ്സാ നീ സമ്മതിച്ചു. സൗരഭ്യവും പരിമളവുമായ യേശുതമ്പുരാനേ, നിന്റെ മനുഷ്യസ്നേഹത്താലുള്ള ക്രൂശാരോഹണത്തിന്റെ ഓർമ്മ കഴിക്കുന്ന ഈ പെരുന്നാളിൽ, നിന്റെ കർത്തൃത്വത്തിന് ഇപ്പോൾ ഞങ്ങൾ സമർപ്പിക്കുന്ന ഈ സുഗന്ധധൂപം ഞങ്ങളുടെ പാപപങ്കിലങ്ങളായ കൈകളിൽനിന്ന് അംഗീകരിക്കണമേ. ഇഹത്തിലും പരത്തിലും ഞങ്ങൾക്കും ഞങ്ങളുടെ പരേതർക്കും കടങ്ങളുടെ പരിഹാരവും പാപങ്ങളുടെ മോചനവും നല്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും...



കളായ അവർ പീഡിപ്പിക്കുകയാണ് ചെയ്തത്. ചിലരിൽ കുറ്റം ആരോപിച്ചു. ചിലരെ അടിച്ചു. മറ്റു ചിലരെ ദണ്ഡിപ്പിച്ചു. വേറെ ചിലരെ അപമാനിച്ചു. ചിലരെ മുറിവേല്പിച്ചു. കുറേപ്പേരെ കൊല ചെയ്തു. ആ വേലക്കാർക്ക് ലജ്ജയും നാണവും തോന്നാൻവേണ്ടി, നീ നിന്റെ പുത്രനെ അവസാനം അവരുടെ അടുത്തേക്ക് അയച്ചു. അവന്റെ താഴ്മയും സൗമ്യതയുംകണ്ട് അവർ അവനെ അധിക്ഷേപിക്കുകയും, "ഭ്രാന്തൻ", "ശമരിയാക്കാരൻ" എന്നൊക്കെ വിളിക്കുകയും ചെയ്തു. അവനെ എല്ലാപ്രകാരത്തിലും പീഡിപ്പിച്ച് അപമാനിച്ചു. ന്യായസ്ഥലത്ത് കൊണ്ടുചെന്ന് പരിഹാസവസ്ത്രം ധരിപ്പിച്ചു. അവനാണ് അവകാശി എന്നറിഞ്ഞപ്പോൾ അവനെ തോട്ടത്തിൽ നിന്നും പുറത്താക്കി കുരിശിൽ തറച്ചു. മധുരഫലങ്ങൾക്കുപകരം കാടിയും കയ്പുനീരും കുടിപ്പിച്ചു. എന്നാൽ തോട്ടത്തിന്റെ നാഥനും സ്ഥാപകനുമായ നീ ന്യായപൂർവ്വം അവരോടു പ്രതികാരം ചെയ്തു.

നല്ല മുന്തിരിപ്പഴങ്ങൾക്കു പകരം കാട്ടുമുന്തിരികൾ കായ്ച്ച ആ ശപിക്കപ്പെട്ട തോട്ടത്തെ വേരോടെ പറിച്ചെടുത്ത് പുറജാതികളുടെ ഇടയിൽ ചിതറിച്ചു. ആ വേലക്കാരെ അങ്ങനെ അമ്പരിപ്പിക്കുകയും, ചവിട്ടേല്ക്കുകയും ചെയ്യുമാറാക്കിത്തീർത്തു. അതിൽ കാട്ടുജന്തുക്കൾ മേഞ്ഞു നടന്നു. നീ അതിന്റെ കൊമ്പുകൾക്ക് തീ കൊളുത്തി. ന്യായപ്രമാണമാകുന്ന വേലി പൊളിച്ചുകളഞ്ഞു. ഉറപ്പുള്ള ഗോപുരം തട്ടി മറിച്ചു. പുരോഹിതകർമ്മങ്ങളാകുന്ന ചക്ക് പറിച്ചു മാറ്റി. അതിനു പകരം പുറജാതികളിൽനിന്നുള്ള പുതിയ ജനമാകുന്ന ഒരു തോട്ടം നിനക്കായിട്ടു നട്ടുണ്ടാക്കി. അവർ നിന്റെ ഏകപുത്രന്റെ രക്തത്താൽ രക്ഷിക്കപ്പെടുകയും ചെയ്തു. വിഗ്രഹാരാധനയാകുന്ന വഞ്ചന വിട്ട്, നിന്നെ അറിയുന്നതിലേക്ക് പിന്തിരിഞ്ഞ ഒരു സഭ, പുറജാതികളിൽനിന്നും ഗോത്രങ്ങളിൽനിന്നും ആളുകൾ ചേർന്നുണ്ടായി. അതിന്റെ സന്തതികൾ നിന്റെ സത്യം പാലിക്കുന്നു. അതിന്റെ മക്കൾ നിന്നെ "ഞങ്ങളുടെ പിതാവേ" എന്നു വിളിക്കുന്നു. നിന്റെ ഏകപുത്രന്റെ മരണത്തെ അതു പുകഴ്ത്തുന്നു. അവന്റെ വിശുദ്ധ പീഡകളിൽ അവൾ വിജയം ആഘോഷിക്കുന്നു. "ഭർത്താവില്ലാത്തവളുടെ മക്കൾ ഭർത്താവുള്ളവളുടെ

മക്കളേക്കാൾ അധികം വർദ്ധിച്ചു" എന്ന് ഇവളെക്കുറിച്ച് ദീർഘദർശി പ്രസംഗിച്ചു. കർത്താവേ, അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു, നിന്റെ വലത്തുകൈ അതിന്മേൽ വയ്ക്കണമേ. ബലവത്തായ നിന്റെ ഭുജംകൊണ്ട് അവളുടെ ശത്രുക്കളെ നശിപ്പിക്കണമേ. നിന്റെ ബലത്താൽ അതിനെ അടുപ്പിക്കുകയും സമീപസ്ഥരെ കാത്തുകൊള്ളുകയും ചെയ്യണമേ. ഇടയന്മാരെ സന്തോഷിപ്പിക്കണമേ. പുരോഹിതന്മാരെ ആനന്ദിപ്പിക്കണമേ. ശെമ്മാശന്മാരെ വെടിപ്പുള്ളവരാക്കണമേ. അതിന്റെ എല്ലാ സംഘങ്ങളേയും പക്വബുദ്ധികളാക്കണമേ. മരിച്ചുപോയവരെ നിന്റെ ഭാഗ്യമുള്ള ഭവനങ്ങളിൽ വിശ്രമിപ്പിക്കണമേ. ഞങ്ങൾ നിനക്ക് സ്തുതിയും സ്തോത്രവും അർപ്പിക്കും. ആമ്മീൻ



ഞങ്ങളെ പീഡിപ്പിക്കുന്ന ദുഷ്ടനെ നീ പീഡിപ്പിച്ചു. പ്രകൃതിയിൽ കഷ്ടതയില്ലാത്തവനായ നീ കഷ്ടതയുള്ളവരായ ഞങ്ങൾക്ക് കഷ്ടതയില്ലായ്മ നേടിത്തന്നു. സകലത്തെയും വഹിച്ചിരിക്കുന്നവനും, ഗ്രഹിക്കാൻ കഴിയാത്തവനുമായ നിന്നെ സംസ്ക്കാരത്തിനേല്പിച്ചു. പുണ്യവാനും നീതിമാനുമായ അരിമത്യാക്കാരൻ യൗസേഫ്, നിന്നെ കൈകളിൽ എടുത്തു. നിന്റെ സ്നേഹിതനായ നിക്കോദിമൂസ് വെടിപ്പുള്ള വസ്ത്രങ്ങൾകൊണ്ടും, മൂരും നറുംപശയുംകൊണ്ടും നിന്നെ പൊതിഞ്ഞ്, സുഗന്ധം പൂശി, മരിച്ചവനെപ്പോലെ സംസ്ക്കരിച്ചു. പ്രകൃതിയിൽ അറുതിയില്ലാത്തവനായ നിന്നെ പാറ വെട്ടിയുണ്ടാക്കിയ പുതിയ കല്ലറയിൽ വച്ചു. അപ്പോൾ നിന്റെ സംസ്ക്കാരത്തെ ആദരിക്കാൻ, സ്വർഗ്ഗത്തിൽനിന്ന് ദൂതന്മാർ ഇറങ്ങിവന്നു. അവരുടെ കോപം ശത്രുക്കളായ യഹൂദസംഘത്തെ നശിപ്പിച്ചുകളയാതിരിക്കാനായി കുരിശാരോഹണസമയത്ത് നീ കാണിച്ച ആംഗ്യം അവരെ ഇറങ്ങിവരാൻ സമ്മതിച്ചില്ല. എന്നാൽ അവർ നിന്റെ സ്നേഹിതന്മാരുടെ അടുത്തേക്കിറങ്ങിവന്നു. "ദൈവമേ, നീ പരിശുദ്ധനാകുന്നു. ബലവാനേ, നീ പരിശുദ്ധനാകുന്നു. മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു" എന്നു പറഞ്ഞുകൊണ്ട് അവരെ ജയത്തിന്റെ സ്തുതി പഠിപ്പിച്ചു. "ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമേ" എന്ന് അവർ ഏറ്റുപാടി.

കർത്താവേ, ഞങ്ങൾ സത്യവിശ്വാസത്താൽ യൗസേഫിനോടും നിക്കോദിമോസിനോടുംകൂടെ ഇപ്രകാരം പറയുന്നു, ദൈവമായിത്തന്നെ സ്ഥിതിചെയ്തുകൊണ്ട്, ഞങ്ങൾക്കുവേണ്ടി ഭേദംകൂടാതെ മനുഷ്യനായിത്തീരുകയും, മനുഷ്യപുത്രരായ ഞങ്ങളെ നിന്റെ കൃപയാൽ ദൈവപുത്രരാക്കിത്തീർക്കുകയും ചെയ്ത വചനമായ ദൈവമേ, നീ പരിശുദ്ധനാകുന്നു. പാപികളായ ഞങ്ങൾക്കുവേണ്ടി വിനയപ്പെടുകയും അധിക്ഷേപവും, അപഹാസവും, ബലഹീനതയും സഹിക്കുകയും, അശുദ്ധങ്ങളായ എല്ലാ ദുർവികാരങ്ങൾക്കും എതിരായ ശക്തിയും, ധൈര്യവും, ഞങ്ങൾക്കു തരികയും ചെയ്ത ബലവാനേ, നീ പരിശുദ്ധനാകുന്നു. ഞങ്ങൾക്കുവേണ്ടി കുരിശിന്മേൽ മരിക്കുകയും, ജഡപ്രകാരമുള്ള നിന്റെ മരണത്താൽ ദുഷ്ടനിൽനിന്നും മരണ

### സെദറാ

എല്ലാറ്റിന്റെയും ജീവനും, പുനരുത്ഥാനവുമായ ഞങ്ങളുടെ മിശിഹാതമ്പുരാനേ, മരണമില്ലായ്മയും നാശമില്ലായ്മയും നിനക്കു മാത്രമുള്ളതാകുന്നു. വിശുദ്ധിയും പുണ്യവും നിന്നിൽ മാത്രം പൂർണ്ണമായി കണ്ടെത്തിയിരിക്കുന്നു. മേലുള്ളവരിൽനിന്നും താഴെയുള്ളവരിൽനിന്നും എപ്പോഴും യോഗ്യതയുടെ സ്തുതി നിനക്ക് ന്യായമായിരിക്കുന്നു. എന്റെ കർത്താവേ, നിന്റെ സ്നേഹാതിരേകത്താലും കരുണാബാഹുല്യത്താലും, ഞങ്ങൾക്കുവേണ്ടി പീഡ ഏല്പാനും മരിക്കാനുംവേണ്ടി മനസ്സോടെ എഴുന്നെള്ളിവന്ന്, പരിശുദ്ധ കന്യകാമറിയാമിൽനിന്ന് പ്രകൃതിയിലും ആകൃതിയിലും വ്യത്യാസംകൂടാതെ ജഡം എടുത്തവതരിച്ചു. സൃഷ്ടിക്കപ്പെട്ട എല്ലാവരുടെയും അറിവിനെ അതിശയിപ്പിക്കുന്ന എല്ലാ കൃത്യവും കുരിശുവരെ നീ നിർവഹിച്ചു.

സംഭ്രമപൂർണ്ണമായ കുരിശാരോഹണത്താൽ, അവർണ്ണനീയങ്ങളായ അത്ഭുതങ്ങൾ നീ കാണിച്ചു. നട്ടുച്ചയ്ക്കു സൂര്യൻ ഇരുണ്ടുപോയി. പകൽസമയം രാത്രിയായി കാണപ്പെട്ടു. കരിമ്പാറകൾ പിളർന്നു. അടച്ചിരുന്ന ശവക്കല്ലറകൾ തുറക്കപ്പെട്ടു. പരിശുദ്ധന്മാരുടെ ശരീരങ്ങൾ ജീവിച്ചെഴുന്നേറ്റു. ദൈവാലയത്തിലെ തിരശീല മേൽതൊട്ട് അടിവരെ കീറി; കള്ളൻ വിശ്വസിച്ച് ഏറ്റുപറയുകയും മറ്റവനെ, കുറ്റപ്പെടുത്തുകയും ചെയ്തു. ശതാധിപൻ "ഇവൻ സാക്ഷാൽ ദൈവപുത്രൻ" എന്ന് പുകഴ്ത്തിപറഞ്ഞു. നിന്റെ വിലാവിൽനിന്ന് ജീവകരവും അനശ്വരവുമായ രക്തവും വെള്ളവും ഒഴുകി. നീ മരിച്ചിട്ടും ജീവനുള്ളവനായി കാണപ്പെട്ടു. നീ ഭൂമിയിൽ ഇരുന്നിട്ടും ഉന്നതങ്ങളിൽ വസിക്കുന്നു. ദൈവത്വത്തിലും മനുഷ്യത്വത്തിലും നീ ഏകദൈവമായി വിശ്വസിക്കപ്പെടുന്നു. ആദാം അനുഭവിക്കേണ്ടിയിരുന്ന പീഡമുഴുവനും നീ സഹിച്ചു. സർവ്വശക്തനായ നീ, ഞങ്ങളുടെ പീഡകൾ നിന്റേതാക്കിതീർത്തു. നിന്റെ കൃപയാൽ വിജയിച്ചതായ ജയം ഞങ്ങളുടേതാക്കിത്തീർത്തു. മനസ്സോടെ ഞങ്ങളുടെ മരണം നീ കയ്യേറ്റു. നിന്റെ ജീവനുള്ള മരണത്താൽ ഞങ്ങളെ മരിപ്പിക്കുന്ന മരണത്തെ നീ അടിപ്പെടുത്തി, മരണമില്ലാത്ത നീ ഞങ്ങൾക്ക് മരണമില്ലായ്മ നൽകി. നിന്റെ പീഡാനുഭവത്താൽ



# തിങ്കൾ - മൂന്നാം മണി

### പ്രുമിയോൻ

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച്...

പ്രത്യുത്തരം : കാരുണ്യവാനായ കർത്താവേ...

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും...

ഞങ്ങളുടെ മിശിഹാതമ്പുരാനേ, നീ പുണ്യവാനും പരിശുദ്ധനും, അവർണ്ണനീയനും, പീഡാരഹിതനും, മരണമില്ലാത്തവനും അക്ഷയനും ആകുന്നു. മനുഷ്യരുടെ രക്ഷയ്ക്കുവേണ്ടി നീ തിരുമനസ്സോടെ പീഡയേറ്റു. നിന്റെ പീഡാനുഭവങ്ങൾകൊണ്ട് ഞങ്ങളെ പീഡാരഹിതരാക്കി. ഞങ്ങൾക്കുവേണ്ടി മരണം വരിച്ച് ക്രൂരനായ മരണത്തെ നീ വധിച്ചു. നാശമോ, മരണമോ, പീഡയോ ഇല്ലാത്ത നിത്യജീവൻ ഞങ്ങൾക്കു നല്കിയ നിനക്കു സ്തുതി. ഈ സുഗന്ധധൂപം വഴി ഞങ്ങൾ നിന്നോട് ഇപ്രകാരം പ്രാർത്ഥിക്കുന്നു. നിന്റെ പീഡയിൽ പങ്കുചേരുവാൻ ഞങ്ങളെല്ലാവരേയും അർഹരാക്കണമേ. ഞങ്ങൾ നിന്നോടൊപ്പം മഹത്വപ്പെട്ട് ലോകത്തിനും അതിന്റെ പീഡകൾക്കുമായി കുരിശിൽ തറയ്ക്കപ്പെട്ടവരായി തീരുമാറാകണമേ. നിനക്ക് ഈ സമയത്തും എല്ലായ്പ്പോഴും സ്തുതിയും സ്തോത്രവും ഉചിതമാകുന്നു.

### സെദറാ

മിശിഹാതമ്പുരാനേ, അദൃശ്യമായ ഉണ്മയിൽ, നീ മഹോന്നതനും, അത്യുന്നതമായ ദൈവത്വത്തിൽ വന്ദ്യനും, മഹത്വമുള്ളവനുമാകുന്നു. സാരാംശത്തിൽ പിതാവിനോടും പരിശുദ്ധ റൂഹായോടും സമനുമായ നീ, മനുഷ്യരക്ഷയ്ക്കായി ഭൂമിയിലേക്കിറങ്ങി വന്നു. മരണത്തിന്റേയും, പാപത്തിന്റേയും കെടുതിയിൽ ജീർണ്ണിച്ചുപോയ സൃഷ്ടിയെ പുതുക്കാൻവേണ്ടി, പിതാവിന്റെ ഇഷ്ടപ്രകാരം മനുഷ്യരുടെ ഇടയിൽ വസിച്ചു. ന്യായപ്രമാണത്തിൽ അവ്യക്തമായി പറയപ്പെട്ടവ നീ സ്ഥിരീകരിച്ചു. പഴയ പുസ്തകത്തിന്റെ മൂകാവസ്ഥ, കർണ്ണാനന്ദകരമായി വ്യാഖ്യാനിച്ചു. യഹൂദിയപ്രദേശത്ത് അനേകം സൽപ്രവർത്തികൾ

ചെയ്തിട്ടും അനുസരണയില്ലാത്ത ജനം നിന്റെ നന്മകളേയും നിന്നേയും നിരസിച്ചു. വിസ്മയകരങ്ങളും ആരോഗ്യപ്രദങ്ങളും രമ്യങ്ങളുമായ നിരവധി അത്ഭുതങ്ങൾ അവരുടെയിടയിൽ ചെയ്തിട്ടും അസൂയാലുക്കളായ ആ ജനം നിന്നെ പഴിക്കുകയും, വെറുക്കുകയും ചെയ്തു. ആ അഹങ്കാരികൾ അന്യായമായി നിന്നെ കുരിശിൽ തറയ്ക്കാൻ ഒരുമ്പെട്ടു. മര്യാദയില്ലാത്ത ആ ജനം കൗശല ചോദ്യങ്ങൾ ചോദിച്ച് നിന്നെ കുടുക്കാൻ ശ്രമിച്ചു. നിന്റെ രക്തം ചിന്താൻവേണ്ടി ന്യായപ്രമാണത്തിനെതിരായ അപരാധം അവർ പറഞ്ഞുണ്ടാക്കി. എളുപ്പം കുടുക്കിൽപ്പെടുത്താൻവേണ്ടി "സീസറിന് തലവരിപ്പണം കൊടുക്കുന്നത് യുക്തമോ, അല്ലയോ" എന്ന് കൗശലത്തിൽ ചോദിച്ചു. ക്ഷണികമായ രാജത്വത്തിനെതിരായിട്ടാണ് നിൽപ്പെന്നുവന്നാൽ, എളുപ്പത്തിൽ കുറ്റം ചുമത്താമല്ലോയെന്ന് അവർ കരുതി. എന്നാൽ ജ്ഞാനിയും നാഥനുമായ അങ്ങയുടെ തിരുമുമ്പിൽ കപടതന്ത്രങ്ങളൊന്നും നിലനിന്നില്ല. അവരുടെ ക്രോധത്തിനെതിരായി ശാന്തനായി മറുപടി പറഞ്ഞു. കപടതന്ത്രങ്ങൾക്കെതിരായി ബുദ്ധിപൂർവ്വം ഉപമകളുപയോഗിച്ചു. അവർ പറഞ്ഞുണ്ടാക്കിയ അപരാധം അവരിൽത്തന്നെ ചുമത്തി. അവരുടെ തിന്മ നിമിത്തം അവരെ നിശബ്ദരാക്കി എങ്കിലും, ആ പരമദുഷ്ടന്മാർ അവരുടെ ദുഷ്കൃത്യങ്ങളിൽനിന്നു വിരമിക്കാതെ കൂടെക്കൂടെ ലഹള കൂട്ടിക്കൊണ്ടിരുന്നു. അവരുടെയിടയിൽ ഇടവിടാതെ ചെയ്തുപോന്ന സൽപ്രവർത്തികളും അടയാളങ്ങളും സംശയപൂർവ്വം വീക്ഷിച്ച് അവർ വിവാദവിഷയമാക്കി. അവ തങ്ങൾക്കെതിരെയുള്ള തിന്മകളും ദ്രോഹങ്ങളുമായിട്ടാണവർ കരുതിയത്. തന്മൂലം അവർ അങ്ങയുടെ നന്മയെ, അസൂയയാൽ കുറ്റപ്പെടുത്തുകയും, കൂടെക്കൂടെ വഞ്ചക സംഘത്തെ വിളിച്ചുകൂട്ടുകയും, കൊടുംകൊലയ്ക്ക് തക്ക സമയം നോക്കിയിരിക്കുകയും ചെയ്തു. നീയാകട്ടെ, ദയയും ദീർഘക്ഷമയും നിമിത്തം, പുരോഹിതന്മാരുടെ അസൂയയും സപ്രേന്മാരുടെ വെറുപ്പും, പ്രീശേന്മാരുടെ ദ്വേഷവും, ദുഷ്ടന്മാരുടെ ക്രൂരതയുമെല്ലാം സഹിച്ചു. സകലത്തേയും പൂർണ്ണമായി രക്ഷിക്കാൻവേണ്ടി കുരിശുമരണത്തിനൊരുങ്ങി.



# ശനി - സന്ധ്യ

## പ്രാരംഭപ്രാർത്ഥന

പട്ടക്കാരൻ : ശുബഹോ ലാബോ......

പ്രത്യുത്തരം : ബലഹീനന്മാരും ...

മനുഷ്യരെ സ്നേഹിക്കുന്നവനായ കർത്താവേ, യൗസേഫും, നിക്കോദിമൂസുംകൂടെ നിന്നെ മൂറും നറുമ്പശയും ഇട്ടു സംസ്കരിച്ചു. ഇതാ, ഞങ്ങൾ അവരോടുകൂടെ സൽക്രിയകളാൽ, ജീവിപ്പിക്കുന്നതായ നിന്റെ സംസ്കാരത്തെ ബഹുമാനിക്കുന്നു. പുതിയ ശവക്കല്ലറയിൽ എന്നപോലെ നീ ഞങ്ങളുടെ ആത്മാക്കളിൽ വിശ്രമിക്കുമാറാകണമേ. നിന്റെ സ്ലീബായാൽ രക്ഷിച്ച ജീവിച്ചിരിക്കുന്നവരോടും, നിന്റെ അനുഗ്രഹം പ്രാപിച്ച മരിച്ചവരോടുംകൂടെ ഞങ്ങൾ നിനക്കും നിന്റെ പിതാവിനും, വിശുദ്ധ റൂഹായ്ക്കും, സ്തുതിയും കീർത്തനവും അർപ്പിക്കുമാറാകണമേ. മോറൻ വാലോഹാൻ...

## പ്രുമിയോൻ

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച്...

പ്രത്യുത്തരം : കാരുണ്യവാനായ കർത്താവേ,...

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും...

ഞങ്ങളുടെ മിശിഹാതമ്പുരാനേ, മരണമുള്ള ഞങ്ങൾക്കുവേണ്ടി, നീ സ്വമനസ്സാ ജഡത്തിൽ മരിച്ചു. എല്ലാവരുടെയും ജീവനും പുനരുത്ഥാനവും നീയാകുന്നു. പാപത്താൽ കൊല്ലപ്പെട്ടിരുന്ന ഞങ്ങളെ ജീവിപ്പിക്കാൻ നിനക്ക് തിരുവുള്ളം തോന്നി. അതിനാൽ കൊല്ലപ്പെട്ടവനെപ്പോലെ മരിച്ചവരുടെ ഇടയിൽ വസിച്ചു. നിന്റെ സംസ്കാരത്താൽ ശവക്കല്ലറയിലെ നാശം തീർക്കുകയും, മരിച്ചവരുടെ ഇടയിൽ അനശ്വരമായ ജീവനും പുനരുത്ഥാനവും വിതയ്ക്കുകയും ചെയ്തു. നിന്റെ ശരീരത്താൽ ഞങ്ങളുടെ ശരീരങ്ങളെ ഉപദ്രവവും നാശവും പറ്റാതെ കാത്തു രക്ഷിക്കുന്നു. നിന്റെ ആത്മാവാൽ ഞങ്ങളുടെ ആത്മാക്കൾക്ക് രക്ഷ പ്രസംഗിക്കുകയും ചെയ്യുന്നു. സന്ധ്യാപ്രാർത്ഥനയുടെ ഈ സമയത്തും സകല പെരുന്നാളുകളിലും...

ആദാമും ഹവ്വായും അവിടെനിന്ന് പുറപ്പെട്ടുപോയി. വെള്ളിയാഴ്ച പറുദീസായുടെ വാതിൽ തുറക്കപ്പെടുകയും വലത്തുഭാഗത്തെ കള്ളൻ അതിലേക്ക് കടക്കുകയും ചെയ്തു. വെള്ളിയാഴ്ച, പറുദീസാ സൂക്ഷിക്കാൻ ക്രോബേന്മാർക്ക് മൂർച്ചയുള്ള വാൾ കൊടുക്കപ്പെട്ടു. വെള്ളിയാഴ്ച മിശിഹാതമ്പുരാൻ കുന്തംകൊണ്ടുള്ള കുത്തേറ്റ് മൂർച്ചയുള്ള വാൾ ഒടിച്ചു. ശത്രുതയാകുന്ന വേലി പൊളിച്ചു. വെള്ളിയാഴ്ച ആദാം, പുരോഹിതനും ദീർഘദർശിയുമായിത്തീർന്നു. വെള്ളിയാഴ്ച യൂദന്മാരിൽനിന്ന്, രാജത്വവും, പൗരോഹിത്യവും, ദീർഘദർശനത്വവും എടുത്തുകളഞ്ഞു. വെള്ളിയാഴ്ച ആനന്ദകരമായ പറുദീസായിൽനിന്ന് ആദാം ശാപഭൂമിയിലേക്ക് ഇറങ്ങിപ്പോയി. വെള്ളിയാഴ്ച മിശിഹാതമ്പുരാൻ മണ്ണിൽ ഉറങ്ങിക്കിടന്നവരുടെ അടുത്തേക്കിറങ്ങി. പാപം ഒഴികെയുള്ള എല്ലാ മാനുഷിക വ്യാപാരങ്ങളും മിശിഹാതമ്പുരാൻ നിറവേറ്റി. മരണത്തെ താൻ ബലാൽ ജയിച്ചു. പാപത്തെ ശിക്ഷയ്ക്കു വിധിച്ചു. ആദാമിനെ സംസ്ക്കരിക്കുകയും, മൽക്കിസദേക്ക് പൗരോഹിത്യശുശ്രൂഷ നടത്തുകയും, അബ്രഹാം പുത്രനെ ബലികഴിക്കാൻ ഒരുമ്പെടുകയും ചെയ്ത സ്ഥലത്തുതന്നെ നമ്മുടെ രക്ഷകനായ യേശുതമ്പുരാന്റെ കുരിശുമരം നാട്ടി. രഹസ്യപൂർണ്ണമായ ചോരയും നീരും ആദാമിന്റെ വായിലേക്ക് ഇറ്റിറ്റു വീണു. നമ്മുടെ അടുക്കൽ നമുക്കുവേണ്ടി താൻ ചെയ്ത വ്യാപാരത്തിനുവേണ്ടി, നാം തനിക്കും തന്റെ പിതാവിനും പരിശുദ്ധാത്മാവിനും ...



രക്ഷാകരമായ ആ പീഡാനുഭവത്തെ സ്മരിക്കുന്നതിന് ആത്മീയ ദരിദ്രരും ദുഃഖിതരുമായ ഞങ്ങൾ കൃപയാൽ അർഹരായിത്തീരട്ടെ. മഹത്തായ ആ സ്മരണകൊണ്ടാടുന്നതിന് ഇതാ ഞങ്ങൾ ഒരുങ്ങിയിരിക്കുന്നു. നിന്റെ പീഡാനുഭവത്താൽ പാപത്തിന്റെ എല്ലാ നികൃഷ്ടവികാരങ്ങളിൽനിന്നും ഞങ്ങളുടെ ആത്മാക്കളെ മോചിപ്പിക്കണമേ. ഞങ്ങൾ എന്നെന്നും നിന്റെ കരുണയെ പുകഴ്ത്തുന്നവരായിത്തീരട്ടെ. പഴി പറയുന്നവരും മര്യാദയില്ലാത്തവരുമായി തീരരുതേ. ശ്രേഷ്ഠമായ പെസഹാപെരുന്നാളിലും, ആനന്ദപൂർണ്ണമായ പുനരുത്ഥാനത്തിലും, വിശുദ്ധിയും ജീവനും സിദ്ധിക്കത്തക്കവണ്ണം സംബന്ധിക്കാനും, എപ്പോഴും നിഷ്ക്കളങ്കതയോടെ അടുത്തുവരുവാനും ഞങ്ങളെ യോഗ്യരാക്കണമേയെന്ന് നിന്റെ മനുഷ്യസ്നേഹത്തോടു ഞങ്ങൾ അപേക്ഷിക്കുന്നു. ഈ സുഗന്ധധൂപംവഴി നിന്റെ അനുഗ്രഹങ്ങൾ യാചിക്കുന്നു. സന്തോഷത്തോടും, ആനന്ദത്തോടും ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും അർപ്പിക്കും. ആമ്മീൻ.

# തിങ്കൾ-ആറാം മണി

## പ്രുമിയോൻ

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച്...

പ്രത്യുത്തരം : കാരുണ്യവാനായ കർത്താവേ...

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും...

ഞങ്ങളുടെ കർത്താവേ, നീ തന്നത്താൻ മരണത്തിനേല്പിച്ചു കൊടുത്തു. വിശപ്പുള്ള ചെന്നായ്ക്കളിൽനിന്ന് ഉത്തമ ഇടയനായ നീ, നിന്റെ ആട്ടിൻകൂട്ടത്തെ സംരക്ഷിച്ചു. ദുഷ്ടരിൽനിന്ന് പീഡ അനുഭവിച്ച നീ, വന്ദിക്കുന്നവരെ സ്തോത്രഗീതങ്ങൾ പഠിപ്പിച്ച ദയാലുവാകുന്നു. മാനുഷികമായ ത്യാഗത്തിനു സ്വയം അധീനനായി, നീതികെട്ടവരിൽനിന്ന് പരിഹാസവും മരണവും കയ്യേറ്റു. അപ്രകാരം ലോകത്തെ രക്ഷിച്ച സ്വന്ത പുത്രനായ നിനക്ക്, ഈ സമയത്തും...

## സെദറാ

വചനമാകുന്ന ദൈവമേ, നിനക്കു സ്തുതി. താഴ്മപൂണ്ടപ്പോൾ നീ ഉന്നതനായി. ശൂന്യനാക്കപ്പെട്ടപ്പോൾ പൂർണ്ണനായി. ജഡം ധരിച്ചപ്പോൾ ദൈവത്വം നശിക്കാത്തവനായിരുന്നു. ശത്രുക്കൾ നിന്നെ പിടികൂടിയപ്പോൾ നീ ശണ്ഠയ്ക്കു നിന്നില്ല. അടിച്ചപ്പോൾ നിലവിളിച്ചില്ല. പരിക്കേല്പിച്ചപ്പോൾ ദുഃഖിച്ചില്ല. പരിഹസിച്ചപ്പോൾ എതിർത്തില്ല. ചോദ്യം ചെയ്തപ്പോൾ ഉത്തരം പറഞ്ഞില്ല. കൊലയ്ക്കുള്ള ആട്ടിൻകുട്ടിയെപ്പോലെ കൊണ്ടുപോയപ്പോൾ യാതൊന്നും മിണ്ടിയില്ല. വസ്ത്രങ്ങൾ ഉരിഞ്ഞെടുത്തപ്പോൾ പരിഭ്രമിച്ചില്ല. പരിഹാസ വസ്ത്രങ്ങൾ ധരിപ്പിച്ചപ്പോൾ വിരോധിച്ചില്ല. കുരിശിൽ തറച്ചപ്പോൾ ഭയപ്പെട്ടില്ല. ഉപദ്രവിച്ചപ്പോൾ യഥാർത്ഥസ്ഥിതിയിൽനിന്ന് വ്യത്യാസപ്പെട്ടില്ല. കാടിവെള്ളം തന്നപ്പോൾ തർക്കിച്ചില്ല. ദ്രോഹങ്ങൾ ചെയ്തവർക്കുവേണ്ടി നീ പ്രാർത്ഥിച്ചു. അവരോടു ക്ഷമിക്കണമേ എന്ന് പിതാവിനോട് അപേക്ഷിച്ചു. കിഴക്കേ ദിക്ക് നിന്നെ കണ്ട് ദുഃഖിച്ചു. പടിഞ്ഞാറെ ദിക്ക് നിന്നെ സൂക്ഷിച്ചുനോക്കി വിറച്ചു.



പ്രശോഭിച്ചുകൊണ്ട് പറുദീസായിൽ മൂന്നുമണിക്കൂർ ഇരുന്നു. നമ്മുടെ കർത്താവ് ആദാമിന്റെ മക്കളായ മനുഷ്യരുടെ അടിയേറ്റുകൊണ്ട്, മൂന്നുമണിക്കൂർനേരം ന്യായസ്ഥലത്തുനിന്നു. വെള്ളിയാഴ്ച ഹവ്വാ, നന്മതിന്മകളെക്കുറിച്ചുള്ള വൃക്ഷത്തിന്റെ അടുക്കലേക്ക് ചെന്നു. വെള്ളിയാഴ്ച ആറുമണിക്ക് ജീവവൃക്ഷമാകുന്ന മിശിഹാതമ്പുരാൻ, കുരിശിന്മേൽ കയറി. വെള്ളിയാഴ്ച, ഹവ്വാ ആദാമിന് മരണകരമായ പഴം പറിച്ച് കൊടുക്കുകയും അവൻ അത് തിന്നുകയും ചെയ്തു. വെള്ളിയാഴ്ച, ജനങ്ങൾ നമ്മുടെ കർത്താവിന് കാടിയും കയ്പ്പുനീരും നീട്ടിക്കൊടുക്കുകയും ചെയ്തു. വെള്ളിയാഴ്ച ആദാം നഗ്നനായി മൂന്നു മണിക്കൂർനേരം പറുദീസായിലിരുന്നു. വെള്ളിയാഴ്ച മിശിഹാതമ്പുരാൻ മൂന്നു മണിക്കൂർ നേരം നഗ്നനായി കുരിശിന്മേൽ കിടന്നു. വെള്ളിയാഴ്ച മരണമുള്ളവരായ മനുഷ്യരുടെ മാതാവായ ഹവ്വാ ആദാമിന്റെ ഇടത്തുഭാഗത്തുനിന്ന് പുറപ്പെട്ടു. വെള്ളിയാഴ്ച ജീവന്റെ കാസായും ആത്മീയപാനീയവും മിശിഹാതമ്പുരാന്റെ വിലാവിൽനിന്ന് പുറപ്പെട്ടു. വെള്ളിയാഴ്ച ആദാമും ഹവ്വായും പാപം ചെയ്തു. വെള്ളിയാഴ്ച അവരുടെ പാപം ക്ഷമിക്കപ്പെട്ടു. വെള്ളിയാഴ്ച അവരിരുവരുടെയും കണ്ണുകൾ തുറക്കപ്പെട്ട് തങ്ങൾ നഗ്നരാണെന്നറിഞ്ഞു. വെള്ളിയാഴ്ച സത്യപ്രകാശം അവർക്കുദിക്കുകയും അവർ പുതിയ ജീവൻ നേടുകയും ചെയ്തു. വെള്ളിയാഴ്ച ദുരാഗ്രഹിയായ മരണം അവരുടെമേൽ വാഴ്ച നടത്തി. വെള്ളിയാഴ്ച മിശിഹാവഴി മരണത്തിന്റെ അധികാരം പൊയ്പ്പോയി. വെള്ളിയാഴ്ച ആദാമും ഹവ്വായും ദുഃഖത്താൽ തലതാഴ്ത്തിക്കൊണ്ട് പറുദീസായിൽനിന്ന് പുറപ്പെട്ടുപോയി. വെള്ളിയാഴ്ച കുരിശടയാളം അവരെ സന്തോഷത്തോടെ പറുദീസായിലേക്ക് തിരികെകൊണ്ടുപോന്നു. വെള്ളിയാഴ്ച മിശിഹാതമ്പുരാൻ മഹത്വത്തിന്റെ വസ്ത്രം അഴിച്ചുകളഞ്ഞു. ആദാമും ഹവ്വായും വൃക്ഷങ്ങളുടെ ഇടയിൽവച്ചഴിച്ചുകളഞ്ഞ മഹത്വ അങ്കി അവരെ വീണ്ടും ധരിപ്പിച്ചു. വെള്ളിയാഴ്ച മിശിഹാതമ്പുരാൻ സാത്താനെ നാണിപ്പിച്ച്, അവന്റെ സൈന്യങ്ങളെ ലജ്ജിപ്പിച്ചു. വെള്ളിയാഴ്ച പറുദീസായുടെ വാതിൽ അടയ്ക്കപ്പെട്ടു. തങ്ങൾ അധഃപതിച്ച് നിന്ദ്യന്മാരായിത്തീർന്നതിനാൽ

"ആദാമേ, ആദാമേ, നീ എവിടെയാകുന്നു?" എന്ന ദൈവത്തിന്റെ ഗംഭീരവിളി അവൻ കേട്ടു. "എന്റെ നാഥാ, നിന്റെ ശബ്ദം കേട്ട് ഞാൻ ഒളിച്ചിരിക്കുകയാണ്" എന്ന് മുഖലജ്ജയോടെ അവൻ ഉത്തരം പറഞ്ഞു. നീ കോപിച്ച്, "അനുസരണയില്ലാത്ത ദാസാ, നീ നിന്റെ അവകാശം വിട്ട് മുള്ളുനിറഞ്ഞ ശപിക്കപ്പെട്ട ഭൂമിയിലേക്ക് പോകുക" എന്ന് അവനോട് കല്പിച്ചു. ഈ വെള്ളിയാഴ്ച അവൻ കർത്തൃകല്പനയാൽ ബഹിഷ്ക്കരിക്കപ്പെട്ടു. അവന്റെ സഹായത്തിനായി സൃഷ്ടിക്കപ്പെട്ട ഹവ്വായോടുകൂടെ ദുഃഖകരമായ ജീവിതത്തിലേക്ക് അവൻ തള്ളപ്പെട്ടവനായിത്തീർന്നു.

നിന്റെ രാജകീയ പ്രതിച്ഛായ നശിച്ചുപോകുന്നത് നിന്റെ കൃപ സമ്മതിക്കാത്തതിനാൽ, നിന്റെ സ്വരൂപമായ മനുഷ്യന്റെ രക്ഷയ്ക്കായി, വചനമായ അനാദ്യന്തനെ നീ നിയോഗിച്ചു. പാപരഹിതനായി നിന്റെ വ്യാപാരങ്ങൾ നിറവേറ്റി. ആദാമിനെ രക്ഷിക്കാൻ വെള്ളിയാഴ്ചതന്നെ, കുരിശാരോഹണത്തിന് ഒരുങ്ങിച്ചെന്നു. ഒരു ദുഷ്ടനെപ്പോലെ നിന്നെ, ഹന്നായുടെ ഭവനത്തിൽ ബന്ധനസ്ഥനാക്കി. കുറ്റക്കാരനെപ്പോലെ വടികൊണ്ടടിച്ചു. ബലഹീനനെപ്പോലെ നീ തൂണിൽ കെട്ടിപിടിച്ചു. പീലാത്തോസിന്റെ കൊട്ടാരത്തിൽവച്ച്, കുറ്റക്കാരനെപ്പോലെ നിന്നെ കൊലപ്പെടുത്താൻ ഏല്പിച്ചുകൊടുത്തു.

വെള്ളിയാഴ്ച ആദാം സൃഷ്ടിക്കപ്പെട്ടു. മേടമാസം പതിനാലാം തീയതി വെള്ളിയാഴ്ച നമ്മുടെ നാഥനായ മിശിഹാതമ്പുരാൻ നമുക്കുവേണ്ടി ജഡത്തിൽ പീഡയനുഭവിച്ചു നമ്മെ രക്ഷിച്ചു. വെള്ളിയാഴ്ച മിശിഹാതമ്പുരാൻ, ആദാമിന്റെ മക്കളായ അശുദ്ധരിൽ നിന്ന് തുപ്പലേറ്റു. വെള്ളിയാഴ്ച, മൃഗങ്ങളും, ജന്തുക്കളും അവയ്ക്ക് പേരിട്ടു കിട്ടുന്നതിനായി തലകുനിച്ചുകൊണ്ട് ആദാമിന്റെ മുമ്പിൽ ഒരുമിച്ചുകൂടി. വെള്ളിയാഴ്ച യൂദന്മാർ, "യൂദന്മാരുടെ രാജാവേ, വിജയിച്ചാലും" എന്നപഹസിച്ചുകൊണ്ട് യേശുവിനെതിരായി സഭ കൂടി. "ബാശാനിലെ അനേകം കാളകളും കാളക്കുട്ടികളും എന്നെ ചുറ്റിവളഞ്ഞു" എന്ന് ദാവീദ് പറഞ്ഞത് നിറവേറി. വെള്ളിയാഴ്ച ആദാമിന്റെ തലയിൽ, രാജകീയ കിരീടം വെയ്ക്കപ്പെട്ടു. ആദം മഹിമയോടെ



മറ്റു ദിക്കുകൾ സംഭ്രമിച്ചു. സൂര്യൻ മുകളിൽ വിവർണ്ണനായി. ചന്ദ്രൻ അമ്പരന്നു. ആകാശവീഥിയിൽനിന്ന് നക്ഷത്രങ്ങൾ പൊഴിഞ്ഞുവീണു. മൃതരായവർ ജീവിച്ചെഴുന്നേറ്റു. ദൈവാലയത്തിലെ തിരശ്ശീല കീറിപ്പോയി. മലകളും കുന്നുകളും പിളർന്നു. ഭൂമുഖത്ത് ഇരുട്ടു പരന്നു. നട്ടുച്ചയ്ക്ക് രാത്രി കാണപ്പെട്ടു. മരണം പെട്ടെന്ന് മന്ദീഭവിച്ചു. പിശാചുക്കളിൽനിന്നുള്ള ക്രൂരത കുറഞ്ഞു. പാപം മറഞ്ഞു. മനുഷ്യവർഗ്ഗം രക്ഷിക്കപ്പെട്ടു. നിന്റെ ദീർഘക്ഷമയ്ക്കു സ്തുതി. ഞങ്ങളോടുള്ള വാത്സല്യം നിമിത്തം രക്ഷയ്ക്കുവേണ്ടി ഇപ്രകാരം എളിമപ്പെട്ട് എഴുന്നെള്ളി വന്ന നിനക്കു സ്തുതി. ഈ സുഗന്ധധൂപംവഴി നിന്റെ അനുഗ്രഹം തേടിക്കൊണ്ട് ഞങ്ങൾ ഇപ്രകാരം പ്രാർത്ഥിക്കുന്നു: നിന്റെ പരിശുദ്ധ തിരുനാമത്താൽ, ഞങ്ങൾ ഉന്നതി പ്രാപിക്കട്ടെ. ഞങ്ങളെ നിന്റെ പീഡാനുഭവങ്ങളിലും രാജ്യത്തിലെ മഹത്വത്തിലും സംബന്ധിക്കുന്നവരാക്കണമേ. നിന്റെ മഹത്തായ കുരിശുമരണത്തിൽ, ഞങ്ങൾ വിജയം ഘോഷിക്കുമാറാകണമേ. അതിനെ നാൾതോറും ഞങ്ങളുടെ ആത്മാക്കളിൽ വഹിക്കാൻ അർഹരാക്കണമേ. നിന്നെ ഭക്തിപൂർവം ഭജിക്കുന്നവർക്ക് നൽകിയിരിക്കുന്ന ഭയങ്കരമായ അടയാളത്തിന്റെ ജീവനുള്ള മുദ്രകൊണ്ട് ഞങ്ങളെ സംരക്ഷിക്കണമേ. അതിന്റെ ഉൽകൃഷ്ടങ്ങളും ദിവ്യങ്ങളുമായ കതിരുകളെ ഞങ്ങളിൽ പ്രകാശിപ്പിക്കണമേ. നിന്റെ വിശുദ്ധ സ്നേഹമാകുന്ന വീഞ്ഞിനാൽ, ഞങ്ങളെ ലഹരി പിടിപ്പിക്കണമേ. നിന്റെ ജീവദായകമായ പെസഹായുടെ സംബന്ധത്തിലേക്ക് ഞങ്ങളെ അടുപ്പിക്കണമേ. നിന്റെ പുനരുത്ഥാനം ശ്രേഷ്ഠമായി കൊണ്ടാടുന്നതിന് ഞങ്ങളെ ഒരുക്കണമേ. ഞങ്ങളുടെയും ഞങ്ങളുടെ പരേതരുടെയും വിശ്വാസികളായ സകലരുടെയും പാപമോചനത്തിൽ സന്തോഷിക്കാൻ ഞങ്ങൾക്ക് സംഗതിയാക്കണമേ. ഞങ്ങളും അവരും നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും... ആമ്മീൻ.

# തിങ്കൾ - ഒൻപതാം മണി

## പ്രുമിയോൻ

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച്...

പ്രത്യുത്തരം : കാരുണ്യവാനായ കർത്താവേ,...

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും...

ഇര തേടുന്ന ചെന്നായ്ക്കളിൽനിന്ന് സ്വന്തം മരണം വഴി ആട്ടിൻകൂട്ടത്തെ രക്ഷിച്ച നല്ല ഇടയനായ കർത്താവേ, നീ പീഡകളിൽനിന്ന് അകന്നിരിക്കുന്നവനും, ആടുകളെ ജീവിപ്പിക്കുന്നവനുമാകുന്നു. ഞങ്ങളുടെ പാപവികാരങ്ങളെ നശിപ്പിക്കാനായി ഞങ്ങൾക്കുവേണ്ടി ശരീരപ്രകാരം പീഡകൾ സഹിച്ചു. നിനക്ക് ഈ സമയത്തും സകല പെരുന്നാളുകളിലും... ആമ്മീൻ

## സെദറാ

പാപത്തിന് അടിമപ്പെട്ടവരായ ഞങ്ങളെ സ്വതന്ത്രരാക്കാൻ, പാപികളുടെ കൈകളിൽ തന്നെത്താൻ ഏൽപിച്ചുകൊടുത്ത കർത്താവേ, അന്ധകാരമയമായ ഞങ്ങളുടെ ആത്മാക്കളെ പ്രകാശിപ്പിക്കാൻവേണ്ടി ദുഷ്ടന്മാരായ നിഴലുകൾക്ക് നീ സ്വയം വെളിപ്പെടുത്തിക്കൊടുത്തു. നീതി സൂര്യനും ന്യായാധിപതിമാരുടെ ന്യായാധിപതിയും ആയ നീ, ന്യായവിധിയുടെ അതിവേദനകളിൽനിന്ന് ഞങ്ങളെ രക്ഷിക്കാൻ ശിക്ഷാവിധിയേറ്റു. ബലവാനായ പിശാചിന്റെ ബന്ധനങ്ങളിൽനിന്ന് ഞങ്ങളെ മോചിപ്പിക്കാൻ നീ ബന്ധിക്കപ്പെട്ടു. പാപത്തിന്റെ ലജ്ജയിൽനിന്ന് ഞങ്ങളെ വേർപെടുത്താൻ ലോകൈകയോദ്ധാവായ നീ പരിഹാസമേറ്റു.

നീ വിശുദ്ധനും, വിശുദ്ധി നല്കുന്നവനുമാകുന്നു. മനുഷ്യർക്ക് സന്തോഷം നല്കാൻ നീ, ദണ്ഡനം ഏറ്റു. രാജാധിരാജാവും, മഹത്വമുള്ളവനുമായ നീ ഞങ്ങളുടെ മലിനതകളും വ്രണങ്ങളും ഞങ്ങളിൽനിന്ന് ഉരിഞ്ഞുകളയുവാൻവേണ്ടി നിന്റെ വസ്ത്രങ്ങൾ ഉരിഞ്ഞു കളഞ്ഞു. അഗ്നിജ്വാല ധരിച്ചവനായ നീ, ഞങ്ങളെ മഹത്വവും പ്രഭയും ധരിപ്പിക്കാൻ പരിഹാസം ധരിച്ചു.



# വെള്ളി - ഒൻപതാം മണി

## പ്രുമിയോൻ

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച്...

പ്രത്യുത്തരം : കാരുണ്യവാനായ കർത്താവേ,...

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും...

ന്യായാധിപതിമാരുടെ ന്യായാധിപതിയായ കർത്താവേ, നിന്റെ ദൈവികസ്വഭാവത്തിൽ നീ അദൃശ്യനും, സർവ്വോന്നതനുമാകുന്നു. പീഡനങ്ങളിൽനിന്നകന്നിരിക്കുന്നവനായ നീ, ഞങ്ങൾക്കുവേണ്ടി, സ്വമനസ്സാ പീഡയേൽക്കാൻ ഞങ്ങളുടെ അടുക്കലേക്കു വന്നു. ഞങ്ങളെ രക്ഷിക്കാൻ സദയം ജഡത്തിൽ മരണം ആസ്വദിച്ച അമരനാണു നീ. പാപത്തിന്റെ ശിക്ഷാവിധിയിൽനിന്നു കരുണയോടെ ഞങ്ങളെ വേർപ്പെടുത്താനായി, വിസ്താരസ്ഥലത്തു പീലാത്തോസിന്റെ മുമ്പാകെ നീ നിന്നു. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും...

## സെദറാ

തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും ഞങ്ങളെ സൃഷ്ടിച്ച ഉന്നതനും, അത്യുൽകൃഷ്ടനുമായ ദൈവമേ, ഞങ്ങൾ നിന്റെ ശ്രേഷ്ഠമായ ഉൺമയെ സ്തുതിച്ച് ഏറ്റുപറയുന്നു. സ്വർഗ്ഗീയ പിതാവിന്റെ വചനമായ പുത്രാ, നിന്റെ രക്ഷയെ ഞങ്ങൾ പുകഴ്ത്തുന്നു. നിന്ദ്യമായ മണ്ണിൽനിന്നു തിരുമുമ്പാകെ സ്തുതിക്കാൻ ഞങ്ങളെ അനുഗ്രഹിച്ച പരിശുദ്ധറൂഹായെ ഞങ്ങൾ പുകഴ്ത്തുന്നു.

മേടമാസം 6-ാം തീയതി വെള്ളിയാഴ്ച നീ ആദാമിനെ സൃഷ്ടിച്ചു. അവൻ മഹിമയോടെ ഉല്ലസിപ്പാനും മാലാഖമാർക്കു ചാർച്ചക്കാരനാകുവാനും നീ അവനെ പറുദീസായിൽ വാഴിച്ചു. ഭൂമിയിലുള്ള സകലത്തിന്റെയും ആധിപത്യം വെള്ളിയാഴ്ച നീ അവനു നല്കി. എന്നാൽ മൂന്നുമണിക്ക് അവൻ മോഹനീയമായ പഴത്തിന്റെ അടുത്തുചെന്ന് അതു വെമ്പലോടെ പറിച്ച് ഭക്ഷിച്ച് താൻ നഗ്നനാണെന്ന സത്യം മനസ്സിലാക്കി ലജ്ജിച്ചു.

## എത്രോ

ഞങ്ങളുടെ രക്ഷകനായ പുത്രൻതമ്പുരാനേ, നിന്റെ സ്നേഹത്താൽ ഞങ്ങൾക്കുവേണ്ടി നീ ജഡത്തിൽ പീഡ അനുഭവിച്ചു. ആറാം മണിക്ക് നീ കുരിശിൽ നഗ്നനായി കിടക്കുന്നതു കാണാതിരിക്കാനായി സൂര്യൻ ഇരുണ്ടുപോയി. നിന്റെ ശബ്ദത്താൽ പാറകൾ പൊളിയുകയും ശവക്കല്ലറകൾ തുറക്കപ്പെടുകയും ചെയ്തു. അനേകം മരിച്ചവർ ഉയിർത്തെഴുന്നേറ്റു. ഇതിനെല്ലാം കാരണക്കാരനായ നിനക്ക് സ്തുതി. ഞങ്ങളുടെ ജീവിതകാലം മുഴുവനും പാപവീഴ്ച കൂടാതെ ഞങ്ങളെ തിരുമുമ്പാകെ നിറുത്തണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ...



മഹിമയുള്ളവനായ നീ, ഞങ്ങൾക്ക് ബഹുമാനം തരാൻ അപമാനമേറ്റു. ശക്തിമാനായ നീ, ഞങ്ങൾക്ക് ധൈര്യം നൽകി. ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളാൻ, ദൈവമായ നീ പ്രാർത്ഥിച്ചു. ഞങ്ങൾക്ക് മധുരം നല്കാൻവേണ്ടി ദയാലുവായ നീ കൈയ്പുനീരു കുടിച്ചു. അത്യുന്നതനായ നീ, പാപത്തെ കുരിശിൽ തറപ്പാനായി ക്രൂശിക്കപ്പെട്ടു.

ഞങ്ങളെ വിശുദ്ധന്മാരുടെ സംസർഗ്ഗത്തിൽ ഉൾപ്പെടുത്താൻ നീ അന്യായക്കാരോടുകൂടെ എണ്ണപ്പെട്ടു. നീതിമാനായ നീ, ഞങ്ങളുടെ കഷ്ടതകൾ മായിച്ചുകളയാനായി ശരീരപ്രകാരം പീഡ അനുഭവിച്ചു. മരണമില്ലാത്തവനായ നീ, മരണത്തെ കൊല്ലുവാൻ ശരീരപ്രകാരം മരിച്ചു. ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി ഈ പീഡകളെല്ലാം അനുഭവിച്ച നിന്നോട് ഈ പരിശുദ്ധധൂപം വഴി ഞങ്ങളപേക്ഷിക്കുന്നു, നിന്നോടുകൂടെ ക്രൂശിക്കപ്പെടാൻവേണ്ടി, ഞങ്ങളുടെ സകല ലൗകിക ഭാരങ്ങളും മോഹങ്ങളും നീക്കിക്കളയാൻ ഞങ്ങളെ ശക്തരാക്കണമേ. നിന്നോടുകൂടെ മരിക്കാൻവേണ്ടി, സകല പാപവിചാരങ്ങളേയും മോഹങ്ങളേയും മരിപ്പിക്കുന്നതിനും ഞങ്ങളെ സഹായിക്കണമേ. നിന്നോടുകൂടെ സംസ്ക്കരിക്കപ്പെടുന്നതിന്, നിന്റെ സ്നേഹത്തിൽനിന്ന് ഞങ്ങളെ അകറ്റുന്ന സകലത്തേയും സംസ്ക്കരിക്കുന്നതിന്, ഞങ്ങൾക്കു പ്രേരണ നല്കണമേ.

നിന്നിൽനിന്നു കിട്ടുന്ന ശക്തിമൂലം ഇങ്ങനെയെല്ലാം പ്രവർത്തിക്കാനും, നിന്റെ സഹായത്താൽ എല്ലാം പൂർത്തിയാക്കി നിന്നോടുകൂടെ ജീവിച്ചെഴുന്നേൽക്കാനും ഞങ്ങളെ സഹായിക്കണമേ. അങ്ങനെ മഹത്വവും ആനന്ദവും ഞങ്ങൾ പ്രാപിക്കട്ടെ. ഈ ലോകത്തിലെ അപമാനങ്ങൾക്കും, പീഡകൾക്കും, പ്രയാസങ്ങൾക്കും പകരം നീ മുഖാന്തിരം സ്വർഗ്ഗരാജ്യത്തിൽ വാഴ്ത്തപ്പെട്ട നിന്റെ പിതാവിനോടുകൂടെ സന്തോഷിച്ച് പ്രബലപ്പെടാൻ അനുഗ്രഹിക്കണമേ. നിന്റെ പരിശുദ്ധ റൂഹാമൂലം പ്രകാശങ്ങളുടെ കൂടാരങ്ങളിൽ നിന്റെ തിരഞ്ഞെടുക്കപ്പെട്ടവരോടുകൂടെ ആനന്ദിപ്പാനും അനശ്വരമായ സന്തോഷത്തിൽ ലയിപ്പാനും ഞങ്ങളെ യോഗ്യരാക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും...

## എത്രോ

ദൈവമായ കർത്താവേ, നിന്റെ സ്നേഹം ധരിക്കാനും, സത്യം അറിയാനും, ഞങ്ങളെ സഹായിക്കണമേ. നിന്റെ സ്നേഹത്താൽ കിരീടം ധരിച്ച് നിർമ്മലമായ ആത്മാവോടും, പരിമളമാകുന്ന ധൂപത്തോടുംകൂടി, നിന്റെ സന്നിധിയിൽ പ്രാർത്ഥനകളും അപേക്ഷകളും സമർപ്പിക്കാൻ ഞങ്ങളെ യോഗ്യരാക്കണമേ. ഇപ്പോൾ നിന്റെ സഭ, പീഡാനുഭവത്താൽ ശ്രേഷ്ഠമായിത്തീർന്ന്, നിന്റെ ക്രൂശാരോഹണത്തിൽ പുകഴ്ച നേടുന്നു. ഞങ്ങളുടെ ദൈവമായ കർത്താവേ, അവൾ സൽപ്രവർത്തികളാൽ അനുഗ്രഹിക്കപ്പെടുമാറാകട്ടെ. അങ്ങനെ നിന്റെ മണവറയിൽ പ്രവേശിച്ച്, നിന്നോടൊത്തു വസിക്കുവാനും വന്ദിക്കപ്പെടുവാനും സഹായിക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും...



ശിഷ്യന്മാർ ഓടി ഒളിക്കുന്നു. സ്നേഹിതന്മാർ ചിന്നിച്ചിതറുന്നു. "ബ്രക്യായുടെ പുത്രാ ഉണർന്നെഴുന്നേല്ക്കുക. ഇടയൻ അടിയേറ്റു. അവന്റെ ആടുകൾ ചിതറിപ്പോയി," എന്ന ദീർഘദർശനം ഇതാ നിറവേറിയിരിക്കുന്നു. അഗ്നിമയന്മാരെവിടെ? അഗ്നിജ്വാല ധരിച്ചവർ എവിടെ? മീഖായേലേ, നിന്റെ വൈരാഗ്യമെവിടെ? അസുറിയാക്കാരുടെ ആയിരങ്ങളെ കൊലചെയ്ത നിന്റെ വാൾ എവിടെ? ദൂതന്മാരുടെ തലവനായ ഗബ്രിയേലേ, നിന്റെ ഉഗ്രത എവിടെ? ശിഷ്യന്മാരേ, നിങ്ങൾ ഭയപ്പെടേണ്ട, ശക്തിപൂണ്ട് ധൈര്യത്തോടെ ഒന്നിച്ചുകൂടുവിൻ. ഇന്ന് ഗുരു അടിയേല്ക്കുന്നെങ്കിലും ദീർഘദർശി തന്നെക്കുറിച്ചു പറഞ്ഞപ്രകാരം, ഞായറാഴ്ച താൻ ഉയിർത്തെഴുന്നേല്ക്കും. ശെമയോനേ, നീ എവിടെപ്പോകുന്നു. യോഹന്നാനേ, നീ എവിടേക്ക് ഓടുന്നു? ബർത്തുൽമായേ, നീ എവിടേക്ക് ഓടി ഒളിക്കുന്നു? തോമ്മായെ, നീ എവിടേക്കു മാറുന്നു? പീലിപ്പോസേ, നീ എവിടേക്ക് അകലുന്നു? അന്ത്രയോസെ, നീ എന്തിനു ദു:ഖിക്കുന്നു? ലാബീ, നീ എന്തിനു കരയുന്നു? ശിഷ്യന്മാരേ, ചിതറിപ്പോകാനായിട്ട് വെമ്പരുതേ. ഇന്നു നിങ്ങൾ ഓടിപ്പോയാലും, ഞായറാഴ്ച നിങ്ങൾ ഒന്നിച്ചുകൂടും. ഇന്നു ഭയത്താൽ ഒളിക്കുന്നതിനുള്ള ഓട്ടമാണ്. ഞായറാഴ്ച ആനന്ദത്തിനുള്ള കൂട്ടമാണ്. ഇന്നു ഭയവും വിറയലുമത്രേ. ഞായറാഴ്ച സന്തോഷവും ആനന്ദവും. നിങ്ങളുടെ ഗുരു ശവക്കല്ലറയിൽനിന്ന് ജീവിച്ചെഴുന്നേറ്റു എന്നു കേൾക്കുമ്പോൾ, യൂദന്മാർ ദുഃഖിച്ചു വിലപിക്കും.

ഇതുനിമിത്തം ഞങ്ങളുടെ മിശിഹാതമ്പുരാനേ, ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു, നിന്റെ രക്ഷാകരമായ ഈ പീഡാനുഭവനാളിൽ ഞങ്ങളെ കഷ്ടതയില്ലാത്തവരും ഉപദ്രവം അനുഭവിക്കാത്തവരുമാക്കിത്തീർക്കണമേ. എല്ലാ പാപവികാരങ്ങളിൽനിന്നും ഞങ്ങളെ വേർപെടുത്തണമേ. നിന്റെ ദിവ്യശക്തിയാലും, നിന്റേയും, നിന്റെ പിതാവിന്റെയും, പരിശുദ്ധ റൂഹായുടെയും കൃപയാലും, ശത്രുവിന്റെ വ്യാപാരങ്ങളെല്ലാം ഞങ്ങൾ ജയിക്കുമാറാകണമേ. ഹോശോ വബ്...

ളികളിൽനിന്ന് കഷ്ടതയും കുരിശുമരണവും ആദാം വർഗ്ഗക്കാർക്കുവേണ്ടി, നീ സ്വീകരിച്ചു. ആ കൊലയാളികളുടെ ഹൃദയങ്ങൾ കരിങ്കല്ലിനേക്കാൾ കഠിനമായിരുന്നതിനാൽ, അവർ ചെയ്ത ക്രൂരകൃത്യങ്ങളെക്കുറിച്ച് ബോദ്ധ്യം വന്നില്ല. അവർ ചാഞ്ചല്യം കാണിച്ചുമില്ല. നീ ദൈവപുത്രനാണെന്നറിഞ്ഞിട്ടും, നിനക്കെതിരായി പ്രവർത്തിക്കാൻ മടിച്ചില്ല. അവർക്ക് ഹാ! കഷ്ടം. അവരുടെ ആത്മാക്കളിൽ സ്വാതന്ത്ര്യം തേടാതെ, ക്രൂരകൃത്യങ്ങൾ പ്രവർത്തിച്ച കൈകൾ കഴുകാതെ, ഹൃദയകാഠിന്യത്തിൽ ഉറച്ചുനിന്ന്, കൊലചെയ്യാൻ ഒരുക്കം ചെയ്തു. കുറ്റമില്ലാത്ത രക്തം ചിന്താനും, രക്ഷിതാവിന്റെമേൽ കൈവച്ച് കുറ്റം ചുമത്താനും അവർ സന്നദ്ധരായി. ശുഷ്കാന്തിയോടെ നിന്നെ പിടികൂടി ന്യായവിധിയ്ക്കായി കൊണ്ടുചെന്ന് ന്യായാധിപനെ ഏല്പിച്ചു. അവർ നിന്നെ കുരിശുചുമപ്പിച്ച് ഗോഗുൽത്തായിലേക്ക് കൊണ്ടുപോയി. ഭൂമിയുടെ മദ്ധ്യത്തിൽ നാട്ടിയിരുന്ന കുരിശിന്മേൽ കരേറ്റി. മഹത്ത്വമുള്ള ശിരസ്സിൽ മുൾക്കിരീടം വച്ചു. തിരുമുഖത്തു തുപ്പുകയും പരിഹസിക്കുകയും ചെയ്തു. നിന്നെ ചുമപ്പു കുപ്പായം ധരിപ്പിച്ചു. അവർ നിന്നെ കാടിയും കയ്പ്പും കുടിപ്പിച്ചു. തൃക്കൈകളിലും കാലുകളിലും ആണി അടിച്ചുതറച്ചു.

നിന്റെ വിലാപ്പുറത്തു കുത്തിയപ്പോൾ, ജീവനും മരണവും സൂചിപ്പിക്കുന്ന രക്തവും വെള്ളവും ഒഴുകി. "എന്റെ ദൈവമേ, എന്റെ ദൈവമേ, എന്നെ ഉപേക്ഷിച്ചതെന്തുകൊണ്ട്?" എന്നിങ്ങനെ നീ ഉയർന്ന ശബ്ദത്തിൽ അട്ടഹസിച്ചു പറഞ്ഞു. നിന്റെ ശബ്ദത്താൽ ഭൂമി കുലുങ്ങി. പാറ പൊളിഞ്ഞു. സൂര്യൻ ഇരുണ്ടുപോയി. തീക്കൽപാറകൾ പൊട്ടിച്ചിതറി. ദൈവാലയത്തിലെ തിരശ്ശീല അടിമുതൽ മുടിവരെ കീറി. അഗ്നിമയന്മാർ അന്ധാളിച്ചു. ആത്മമയന്മാർ വിറച്ചു. സഹചാരികൾ പരിഭ്രമിച്ചു. ദൂതന്മാർ വിസ്മയിച്ചു. ക്രൂബേന്മാർ വിറച്ചു. കർത്താവ് മരത്തിന്മേൽ തൂങ്ങിക്കിടക്കുന്നതുകണ്ട്, സ്രോപ്പേന്മാർ ചൂളിപ്പോയി. സ്രഷ്ടാവിന്റെ നഗ്നത കാണാതിരിക്കാൻ സൂര്യൻ രശ്മികൾ മറച്ചുകളഞ്ഞു. നിത്യപ്രകാശമായവൻ മരത്തിന്മേൽ തൂക്കപ്പെട്ടതു കാണുകയാൽ അന്ധകാരമുണ്ടായി.



# ചൊവ്വ - സന്ധ്യ

## പ്രാരംഭ പ്രാർത്ഥന

പട്ടക്കാരൻ : ശുബഹോ ലാബോ...

പ്രത്യുത്തരം : ബലഹീനരും പാപികളുമായ...

ഞങ്ങളുടെ ദൈവമായ കർത്താവേ, ദുഷ്ടന്മാർ നിന്നെ കൊല്ലാൻ കൊണ്ടുപോയി. താഴ്മയാൽ നീ മൗനം പൂണ്ടു. കുറ്റമില്ലാത്ത വെടിപ്പുള്ള കുഞ്ഞാടായ നീ, നിന്റെ ബലിയാൽ ലോകത്തിന്റെ പാപം വഹിച്ചു. നിന്റെ ജീവദായകമായ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും സാദൃശ്യം വഹിപ്പാനും പുനരുത്ഥാനദിവസത്തിൽ സ്തോത്രശബ്ദങ്ങളാൽ, നിനക്ക് ബലിയർപ്പിച്ച് സന്തോഷിപ്പിക്കുവാനും ഞങ്ങളെ യോഗ്യരാക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ...

## പ്രുമിയോൻ

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച്...

പ്രത്യുത്തരം : കാരുണ്യവാനായ കർത്താവേ,...

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും...

മിശിഹാതമ്പുരാനേ, ദൈവികപ്രകാരം സകല കഷ്ടതകളിൽനിന്നും നീ അകന്നിരിക്കുന്നവനാകുന്നു. ഭരണപ്രകാരം നിന്റെ കൃപമൂലം ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി നീ ശരീരത്തിൽ പീഡയനുഭവിച്ചു. മനുഷ്യസ്നേഹത്താൽ ഞങ്ങൾക്കുവേണ്ടി ശിക്ഷ ഏറ്റു. കുടുംബങ്ങളേയും ഗോത്രങ്ങളേയും നീതിയാൽ നീ ന്യായം വിധിക്കുന്നവനാകുന്നു. ഗോൽഗുത്തായുടെ മുകളിൽവച്ച് നീ ബലിയായി അർപ്പിക്കപ്പെട്ടു. വിശുദ്ധമായ സകല ബലികളും, നിനക്കും നിന്റെ പിതാവിനും പരിശുദ്ധറൂഹായ്ക്കുമായി അർപ്പിക്കപ്പെടുന്നു. ഞങ്ങൾ നിന്നോടപേക്ഷിച്ച് താഴ്മയോടെ പ്രാർത്ഥിക്കുന്നു. നിന്റെ കരുണയോടു യാചിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും മരിച്ചവരുടെ നല്ല ഓർമ്മയ്ക്കുംവേണ്ടി

പാപികളായ ഈ അടിയാരുടെ കൈകളിൽനിന്ന് ഈ ധൂപം കൈക്കൊള്ളണമേ. നിനക്ക് സന്ധ്യാപ്രാർത്ഥനയുടെ ഈ സമയത്തും...

### സെദറാ

ഞങ്ങളുടെ മിശിഹാതമ്പുരാനേ, കുരിശിലെ പീഡാനുഭവത്തോളം നിന്റെ കരുണ നിന്നെ ഇറക്കിക്കൊണ്ടുവന്നു. അനുഗ്രഹങ്ങളുടെ അളവറ്റ സമുദ്രമായ നീ, പീഡാനുഭവത്താലും താഴ്മയാലും ഞങ്ങൾക്ക് പൂർണ രക്ഷ നല്കി അനശ്വരമായ ജീവൻ ഒരുക്കിത്തന്നു.

നിന്റെ ജീവപ്രദമായ പീഡാനുഭവത്തെ ഞങ്ങൾ ഓർക്കുന്നു. രക്ഷാകരമായ താഴ്മയെ ഞങ്ങൾ പ്രശംസിക്കുന്നു. സർവ്വ രഹസ്യങ്ങളും നിറഞ്ഞ കുരിശിനെ ഞങ്ങൾ വന്ദിക്കുന്നു. വിശുദ്ധ റൂഹായുടെ ഗീതങ്ങളാൽ ഞങ്ങൾ ആനന്ദത്തോടെ ഉൽഘോഷിക്കുന്നു, പീഡാനുഭവത്താൽ ഞങ്ങളുടെ കഷ്ടതകൾ മായിച്ചുകളഞ്ഞ രക്ഷാകരമായ പീഡാനുഭവം ഇതാകുന്നു. പറുദീസയിലേക്ക് ഞങ്ങളെ തിരിച്ചുകൊണ്ടുവന്ന രക്ഷാകരമായ പീഡാനുഭവം ഇതാകുന്നു. യൂദാസ്കറിയാത്തായുടെ വഞ്ചന വെളിപ്പെട്ട രക്ഷാകരമായ പീഡാനുഭവം ഇതാകുന്നു. ന്യായാധിപതിയുടെ ന്യായാധിപതി, കുറ്റക്കാരനെപ്പോലെ ശിക്ഷ ഏല്ക്കേണ്ടിവന്ന രക്ഷാകരമായ പീഡാനുഭവം ഇതാകുന്നു. മഹത്വമുള്ള ഉയിർപ്പിലേക്ക് ഞങ്ങളെ വഴി നടത്തിയ രക്ഷാകരമായ പീഡാനുഭവം ഇതാകുന്നു. പരിശുദ്ധ പെസഹായിലെ ഭക്ഷണത്തിന് ശ്ലീഹന്മാരെ ക്ഷണിച്ച രക്ഷാകരമായ പീഡാനുഭവം ഇതാകുന്നു. ദാസനിൽനിന്നു ചെകിട്ടത്ത് അടിയേറ്റ നീതിമാനായ നാഥന്റെ രക്ഷാകരമായ പീഡാനുഭവം ഇതാകുന്നു. ആരുടെ മരണത്തിൽ ആകാശവീഥിയിൽ പ്രകാശങ്ങൾ ഇരുണ്ടുപോയോ, ആ നിന്റെ രക്ഷാകരമായ പീഡാനുഭവം ഇതാകുന്നു. ഏതൊന്നിനാൽ മനുഷ്യവർഗ്ഗത്തിന് ദൈവകൃപ ലഭിച്ചുവോ, ആ രക്ഷാകരമായ പീഡാനുഭവം ഇതാകുന്നു. ജീവിച്ചിരിക്കുന്ന രക്ഷകൻ, കുരിശിൽവച്ച്, കുരിശിൽ തറച്ചവർ കൊടുത്ത കൈയ്പുനീരും കാടിയും കുടിക്കാൻ ഇടയാക്കിയ രക്ഷാകരമായ പീഡാനുഭവം



# വെള്ളി - ആറാംമണി

### പ്രുമിയോൻ

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച്...

പ്രത്യുത്തരം : കാരുണ്യവാനായ കർത്താവേ,...

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും...

പ്രകാശത്തിന്റെയും ഉദയത്തിന്റെയും നാഥനായ കർത്താവേ, ഞങ്ങൾക്കുവേണ്ടി മരിക്കാനായി സ്വമനസ്സാലെ നീ കുരിശു വഹിച്ചു. നീ, സ്വശക്തിയാൽ സൃഷ്ടികളെ വഹിച്ചിരിക്കുന്ന ബലവാനാകുന്നു. നിന്റെ പുണ്യരക്തം ചിന്തി മനുഷ്യരുടെ പാപത്തിന്റെ കടച്ചീട്ട് കീറിക്കളഞ്ഞു. അദൃശ്യനും ഉന്നതനും സൃഷ്ടിക്കപ്പെടാത്തവനുമായ നീ, തൃക്കൈനീട്ടലാൽ ഭൂലോകത്തിന്റെ സകല അതിരുകളും പിടിയിലാക്കി. നിർമ്മലനായ നീ, സ്വമഹിമയുടെ ഉദയത്തിൽനിന്നു മാറാതെ ഞങ്ങളെ രക്ഷിപ്പാൻ ഞങ്ങളുടെ മനുഷ്യത്വത്തിന്റെ അസ്തമയത്തിലേക്ക് വാഹനമേറുകയും ചെയ്തു. നിനക്ക് ഈ സമയത്തും സകല പെരുന്നാളുകളിലും...

### സെദറാ

ആറു വചനങ്ങൾകൊണ്ട് ലോകത്തെയും അതിലുള്ള സകലത്തേയും സൃഷ്ടിച്ച്, തന്റെ ജ്ഞാനത്താൽ ക്രമപ്പെടുത്തിയ ജ്ഞാനമുള്ള സൃഷ്ടാവായ നിനക്കു സ്തുതി, നിനക്കു കീർത്തനം. നിന്റെ പുത്രൻ ആറുദിവസംകൊണ്ട് എല്ലാ സൂചനകളും നിറവേറ്റി സൃഷ്ടിയെ പുതുക്കി. ആ പരമ സ്വതന്ത്രനായ കർത്താവ്, വെള്ളിയാഴ്ച അറുതിയില്ലാത്ത അനുസരണത്താൽ, ആദിപിതാവായ ആദാമിന്റെ ആജ്ഞാലംഘനത്തിനു പരിഹാരം ചെയ്തു.

പുത്രൻതമ്പുരാൻ, വെള്ളിയാഴ്ച കുരിശിന്മേൽ തൃക്കൈകൾ നീട്ടി, ആദം കൊതിയോടെ കനിയിലേക്കു നീട്ടിയ കൈ സ്വസ്ഥമാക്കി. രക്തത്തിനും കൊലയ്ക്കും ദാഹിച്ച കൊലയാ

ഉയർത്തുകയും ചെയ്ത നിനക്കു സ്തുതി. നിന്റെ പീഡാനുഭവത്താൽ ഞങ്ങൾ രക്ഷിക്കപ്പെട്ടതിനാൽ നിനക്കു സ്തുതി. സർവ്വവല്ലഭത്വവും നിനക്കാകയാൽ നിനക്കു സ്തുതി. ആയിരുന്നവനും, ആയിരിക്കുന്നവനുമാകയാൽ നിനക്കു സ്തുതി. ശരീരപ്രകാരം ഞങ്ങൾക്കുവേണ്ടി പീഡ ഏറ്റവനും, പ്രകൃത്യാ പീഡാരഹിതനുമായ നിനക്കു സ്തുതി. എല്ലാ വായ്കളിൽനിന്നും നിനക്കു സ്തുതി. എല്ലാനാവുകളാലും നിനക്കു സ്തുതി. എല്ലാ സമയങ്ങളിലും നിനക്കു സ്തുതി. എല്ലാറ്റിനെക്കുറിച്ചും നിനക്കു സ്തുതി. നിർണ്ണയിക്കപ്പെടാവതല്ലാത്തവനായ നിനക്കു സ്തുതി. അറുതിയില്ലാത്തവനായ നിനക്കു സ്തുതി. ആയിരമായിരങ്ങളാലും നിനക്കു സ്തുതി. നിനക്കും നിന്റെ പിതാവിനും പരിശുദ്ധറൂഹായ്ക്കും പതിനായിരം സ്തുതി. ഹോശോ വബ്...



ഇതാകുന്നു. ലോകത്തിലെ സകല വസ്തുക്കളും ഭ്രമിക്കാൻ ഇടയാക്കിയ, രക്ഷാകരമായ പീഡാനുഭവം ഇതാകുന്നു. ഏതൊന്ന് വിശ്വാസികളെ ജീവന്റെ തുറമുഖത്തെത്തിച്ചുവോ, ആ രക്ഷാകരമായ പീഡാനുഭവം ഇതാകുന്നു. മനുഷ്യരക്ഷയ്ക്കുവേണ്ടി ഒരുക്കപ്പെട്ട രക്ഷാകരമായ പീഡാനുഭവം ഇതാകുന്നു. രക്ഷകനെ കുരിശിൽ കണ്ടതിനാൽ മൂകപ്രകൃതികൾ ഇളകിമറിയാൻ കാരണമാക്കിയ, രക്ഷാകരമായ പീഡാനുഭവം ഇതാകുന്നു. ഉത്തമനായ ഇടയന്റെ നേരെ ദുഷ്ടന്മാരായ ചെന്നായ്ക്കൾ പാഞ്ഞെത്താൻ കാരണമാക്കിയ രക്ഷാകരമായ പീഡാനുഭവം ഇതാകുന്നു. സൃഷ്ടികളുടെ നാഥനെ കുരിശിൽ തൂക്കിയ, രക്ഷാകരമായ പീഡാനുഭവം ഇതാകുന്നു. ദൈവമായ നാഥനോടു നന്മയ്ക്കു പകരം ദാസന്മാർ തിന്മ പ്രവർത്തിച്ച രക്ഷാകരമായ പീഡാനുഭവം ഇതാകുന്നു. പ്രാർത്ഥന കേൾക്കുന്നവൻ പിതാവിനോടു പ്രാർത്ഥിച്ച രക്ഷാകരമായ പീഡാനുഭവം ഇതാകുന്നു. അദൃശ്യമായ രഹസ്യങ്ങൾ വെളിപ്പെടുത്തിയ പീഡാനുഭവം ഇതാകുന്നു. പാറകൾ പൊളിയുന്നതിനും കബറുകൾ തുറക്കപ്പെടുന്നതിനും ഇടയാക്കിയ രക്ഷാകരമായ പീഡാനുഭവം ഇതാകുന്നു. അദൃശ്യനും ഉന്നതനുമായ പിതാവിന്റെ മഹത്വം കുരിശിൽ വിളങ്ങിയ രക്ഷാകരമായ പീഡാനുഭവം ഇതാകുന്നു.

ബലഹീനരും പാപികളുമായ ഞങ്ങൾ ഇന്നേദിവസം, ഈ വലിയ പീഡാനുഭവത്തിന്റെ ഓർമ്മയ്ക്കുവേണ്ടി സുഗന്ധധൂപം അർപ്പിച്ച് നിന്റെ കരുണയോട് അപേക്ഷിച്ചു പ്രാർത്ഥിക്കുന്നു. പീഡാനുഭവത്തിനും മരണത്തിനും നിന്നെ പ്രേരിപ്പിച്ച ആ ദിവ്യദയമൂലം, ഞങ്ങളുടെ പാപങ്ങളും അധർമ്മങ്ങളും ക്ഷമിച്ച് ഞങ്ങളെ പുണ്യമുള്ളവരാക്കണമേ. ഞങ്ങളുടെ നോമ്പും പ്രാർത്ഥനകളും കൈക്കൊള്ളണമേ. ജീവിപ്പിക്കുന്നതായ നിന്റെ കബറടക്കംവഴി ഞങ്ങളുടെ കാഴ്ചകൾ ഉന്നതത്തിലേക്ക് കരേറ്റണമേ. നിനക്ക് ഇടവിടാതെയുള്ള സ്തുതിയും മുടങ്ങാത്ത സ്തോത്രവും അർപ്പിക്കാൻ ഞങ്ങളെയും ഞങ്ങളുടെ പരേതരേയും യോഗ്യരാക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും...

## എത്രോ

ദൈവമായ കർത്താവേ, നിന്റെ സ്ലീബായാൽ രക്ഷിക്കപ്പെട്ട സഭയുടെ ധൂപം കൈക്കൊള്ളണമേ. നിന്റെ രക്തത്താൽ വില യ്ക്കു വാങ്ങിയ ഇടവകയുടെ ധൂപത്താൽ നിരപ്പാക്കണമേ. നിന്റെ മരണത്തിൽ പ്രശംസിക്കുന്നവരുടെ അപേക്ഷ ശ്രദ്ധിക്കണമേ. നിന്റെ മുറിവുകളെ ചുംബിക്കുന്ന മണവാട്ടിയുടെ പ്രാർത്ഥന കേൾക്കണമേ. നിന്നിൽനിന്ന് അകറ്റുന്ന എല്ലാ വികാരങ്ങ ളിൽനിന്നും, നിന്റെ ജനവും അവകാശവുമായ ഞങ്ങളെ കാത്തു സൂക്ഷിക്കണമേ. ഞങ്ങളെ നിന്റെ പീഡാനുഭവത്തിൽ പങ്കുചേ രാനും നിന്റെ മഹത്വത്തിൽ, മഹിമ ധരിപ്പാനും ഉയിർപ്പിൽ സന്തോഷിക്കാനും യോഗ്യരാക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും അർപ്പിക്കും.



യുടെയും ആളുകൾ "അവനെ കുരിശിൽ തറയ്ക്കുക; തറ യ്ക്കുക" എന്നട്ടഹസിച്ചു. ഈ വെള്ളിയാഴ്ച നീതികെട്ട ന്യായാ ധിപന്മാർ, സർവ്വനാഥനായ നിന്നെ ശിക്ഷയ്ക്കു വിധിച്ചു. ഈ വെള്ളിയാഴ്ച വലത്തുഭാഗത്തെ കള്ളൻ നിന്നെ മരത്തിന്മേൽ കണ്ടപ്പോൾ നീ ദൈവമാകുന്നുവെന്ന് വിശ്വസിച്ചേറ്റു പറഞ്ഞു. ഈ വെള്ളിയാഴ്ച സൂര്യൻ, നീതിയുടെ മഹാസൂര്യനായ നിന്നെ കണ്ടിട്ട് ഇരുണ്ടുപോയി. ഈ വെള്ളിയാഴ്ച അറുതിയില്ലാത്ത അനുഗ്രഹസമുദ്രമായ നിനക്ക്, കുടിയ്ക്കാൻ കാടിയും കൈപ്പു നീരും തന്നു. ഈ വെള്ളിയാഴ്ച, ആകാശത്തെ മേൽക്കട്ടി പോലെ വിരിച്ച നീ കുരിശിന്മേൽ നിന്നെത്തന്നെ മനസ്സോടെ വിരിച്ചു. ഈ വെള്ളിയാഴ്ച, മരത്തിന്മേൽ തൂങ്ങിക്കിടക്കുന്ന നിന്നെ കണ്ടിട്ട്, അഗ്നിമയന്മാരും ആത്മമയന്മാരും വിസ്മയ ത്തോടെ നിന്നു. ഈ വെള്ളിയാഴ്ച സാത്താനും അവന്റെ സൈന്യങ്ങളായ എല്ലാ പിശാചുക്കളും, അഗ്നിയുടെ മുമ്പാകെ മെഴുകുപോലെ ഉരുകിപ്പോയി. ഈ വെള്ളിയാഴ്ച, ആകാശവീ ഥിയിൽ സൂര്യൻ അസ്തമിക്കുകയും, നീ ഭൂമിയുടെ മദ്ധ്യത്തിൽ രക്ഷയുണ്ടാക്കുകയും ചെയ്തു. ഈ വെള്ളിയാഴ്ച ഞങ്ങളുടെ വർഗ്ഗത്തിന് മരണത്തിൽനിന്ന് രക്ഷ കിട്ടി.

ഈ വെള്ളിയാഴ്ച വിസ്മയനീയവും ദൈവികവുമായ രഹസ്യം നിറഞ്ഞ ക്രൂശാരോഹണംമൂലം ജീവനുള്ള കുരിശ്, പാപത്തെ കുരിശിൽ തറച്ചു. ഈ വെള്ളിയാഴ്ച ശവക്കല്ലറകളും പാറകളും പിളരുകയും മരിച്ചവർ നിന്റെ ശബ്ദത്താൽ ജീവിച്ചെ ഴുന്നേൽക്കുകയും ചെയ്തു. ഈ വെള്ളിയാഴ്ച, നാഥനായ നിന്നെ വിശ്വാസപൂർവ്വം സ്വീകരിക്കുന്ന ഭക്തന്മാർക്ക്, നിന്റെ തിരുവിലാവിൽനിന്ന് ജീവന്റെ കാസായാകുന്ന രക്തവും വെള്ളവും ഒഴുക്കി. ഈ വെള്ളിയാഴ്ച, നിന്റെ മരണത്തിന്റെ യും, ഉയിർപ്പിന്റെയും രഹസ്യത്തിൽ വിശ്വസിച്ചവരും, വിശ്വസി ക്കുന്നവരുമായ മനുഷ്യർക്ക്, പൂർണ്ണമായ വീണ്ടെടുപ്പുണ്ടായി. ഈ വെള്ളിയാഴ്ച പരിശുദ്ധസഭ അഭംഗമായ സ്തുതി സമർപ്പിച്ച് ഉൽഘോഷിക്കുന്നു: ഞങ്ങൾക്കുവേണ്ടി തിരുവിഷ്ടപ്രകാരം വലിയ താഴ്മയ്ക്കായി ഇറങ്ങിവന്ന മിശിഹാതമ്പുരാനേ, നിനക്കു സ്തുതി. മഹത്തായ ജയത്താൽ ഉന്നതപ്പെടുകയും ഏദൻ തോട്ടത്തിൽവെച്ച് പരാജിതമായ ഞങ്ങളുടെ സ്വഭാവത്തെ

# വെള്ളി - മൂന്നാം മണി

## പ്രുമിയോൻ

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച്...

പ്രത്യുത്തരം : കാരുണ്യവാനായ കർത്താവേ, ...

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും...

ഞങ്ങളുടെ രക്ഷകനായ മിശിഹാതമ്പുരാനേ, നീ ഞങ്ങളെ രക്ഷിച്ച പരിശുദ്ധനും, ഞങ്ങളുടെ ജീവൻ വീണ്ടെടുത്തവനും, ബലിയാൽ ഞങ്ങളുടെ പാപങ്ങൾ നീക്കിക്കളഞ്ഞ ജീവിപ്പിക്കുന്ന കുഞ്ഞാടുമാകുന്നു. ജീവദായകമായ നിന്റെ പീഡാനുഭവത്താൽ ദുഷ്ടന്റെ കാഠിന്യത്തിൽനിന്ന് ഞങ്ങളെ മോചിപ്പിച്ചവനാകുന്നു. ജീവിപ്പിക്കുന്ന നിന്റെ മരണത്താൽ, ഞങ്ങളെ മരണത്തിന്റെ പിടിയിൽനിന്ന് വീണ്ടെടുത്തു. രക്ഷാകരമായ കുരിശിനാൽ ഞങ്ങൾക്ക് നഷ്ടപ്പെട്ട പൂർവ്വാവകാശത്തിലേക്ക് ഞങ്ങളെ തിരിച്ചുകൊണ്ടുവന്നു. നിനക്ക് ഈ സമയത്തും സകല പെരുന്നാളുകളിലും...

## സെദറാ

ജ്ഞാനമുള്ള ശില്പിയാകുന്ന ദൈവമേ, ആറാംദിവസമാകുന്ന ഈ വെള്ളിയാഴ്ച, ആദാമിനെ നീ കല്പിച്ചു സൃഷ്ടിച്ചു. നിന്റെ ശ്രേഷ്ഠസ്വരൂപം അവനിൽ പകർത്തി. ആനന്ദങ്ങളുടെയും സർവ്വശ്രേയസുകളുടെയും ഇരിപ്പിടമായ പറുദീസാ, വിശ്വാസപൂർവ്വം അവനെ ഏൽപിക്കുകയും ചെയ്തു. എന്നാൽ അവന്റെ സ്വാതന്ത്ര്യത്താൽ, ഭാര്യയുടെ ആലോചനയ്ക്ക് വിധേയനായി, നിന്റെ കല്പന ലംഘിച്ചു. അതിനാൽ ഈ വെള്ളിയാഴ്ച ദിവസം, അവൻ പറുദീസായിൽനിന്ന് ബഹിഷ്ക്കരിക്കപ്പെട്ടു. എന്നാൽ കർത്താവേ, നീ അവനോട് ദയ കാണിക്കുകയും, അവന്റെമേൽ മനസ്സലിയുകയും, നിന്റെ കരുണ പാപിയായ അവന്റെ വീഴ്ചയിന്മേൽ ചൊരിയുകയും ചെയ്തു. ഈ വെള്ളിയാഴ്ച ദിവസത്തിൽത്തന്നെ കഷ്ടതയ്ക്കും കുരിശുമരണത്തിനും നീ എഴുന്നെള്ളിവന്നു. ഈ വെള്ളിയാഴ്ച ഹന്നാന്റെയും കയ്യാപ്പാ



# ചൊവ്വ - സൂത്താറാ

## പ്രുമിയോൻ

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച്...

പ്രത്യുത്തരം : കാരുണ്യവാനായ കർത്താവേ,...

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും...

സത്യവാനായ കർത്താവേ, ഫലം കായ്ക്കാത്ത അത്തിവൃക്ഷത്തെ നീതിയാൽ നീ ശപിച്ചു. നിന്നെ സ്തുതിക്കാത്ത സംഘത്തെ ന്യായമായി നീ വേരോടെ പറിച്ചുകളഞ്ഞു. നിനക്ക് വിവാഹം പറഞ്ഞു നിശ്ചയിച്ച മണവാട്ടിയായ സഭയെ നീ കൃപയോടെ സ്ഥാപിച്ചു. സൽഗുണസമൃദ്ധിയാൽ നിന്റെ വലത്തുഭാഗത്ത് അവൾ മഹത്വത്തോടെ നിൽക്കുന്നു. നിന്റെ പീഡാനുഭവത്തെ സന്തോഷപൂർവ്വം, ലജ്ജകൂടാതെ അവൾ ഏറ്റുപറയുന്നു. നിന്റെ മുറിവുകൾമൂലം സകല കഷ്ടതകളിൽനിന്നും അവൾ സൗഖ്യമാക്കപ്പെട്ടു. നിനക്ക് ഈ സമയത്തും, സകല പെരുന്നാളുകളിലും...

## സെദറാ

സ്രഷ്ടാവായ ദൈവമേ, നീ ശ്രേഷ്ഠതയിൽ മഹത്വമുള്ളവനും, ആലോചനയിൽ അറുതിയില്ലാത്തവനുമാകുന്നു. നീ ശ്രേഷ്ഠതയുടെ ബലത്തിൽ പ്രബലനും, കൃപാബഹുത്വത്തിൽ ഉന്നതനും, ജ്ഞാനധനത്തിൽ മഹോന്നതനുമത്രേ. ഉണ്മയുടെ സൗന്ദര്യത്തിൽ നീ വിസ്മയനീയനാകുന്നു. നിന്റെ തേജസ്സിന്റെ പ്രഭയാൽ സൃഷ്ടികളെ അലങ്കരിച്ചു. ഭൂമിയെ മഹത്വത്തിന്റെ അങ്കി ധരിപ്പിച്ചു.

നിർമ്മാതാവായ നീ, നിത്യജ്ഞാനത്താൽ സകലത്തേയും സൃഷ്ടിക്കുകയും, ആദ്യന്തമില്ലാത്ത ജ്ഞാനത്താൽ ആകാശത്തെ വിരിക്കുകയും ചെയ്തു. അബ്രഹാമിനോടു ചെയ്ത ഉടമ്പടി അനുസരിച്ച് അദ്ദേഹത്തിന്റെ പുത്രിയെന്നവണ്ണം തെരഞ്ഞെടുക്കപ്പെട്ട ഇസ്രയേൽ, അവിശ്വസ്തയായപ്പോൾ പുറജാതികളുടെ ഇടയിലേക്ക് തള്ളപ്പെട്ടു. എന്നാൽ പിതാവിനോടും

പരിശുദ്ധാത്മാവിനോടുംകൂടെ അതിനെ വീണ്ടെടുത്തലങ്കരിക്കാൻ മോശയ്ക്ക് നീ ന്യായപ്രമാണം കൊടുത്തു. ജനമാകുന്ന മണവാട്ടിക്ക് നീ മോതിരം നൽകി. മേൽത്തരം ദൃഷ്ടാന്തങ്ങളാലും ഉപമകളാലും കൂടാരത്തിലെ വസ്ത്രങ്ങളാലും അതിനെ അലങ്കരിച്ചു. വാത്സല്യമുള്ള മകളോടെന്നപോലെ, ന്യായപ്രമാണപള്ളിയറയിൽ അടങ്ങി ഇരിക്കുന്നതിനായി പാതിവൃത്യമാകുന്ന മൂടുപടംകൊണ്ട് അവളെ നീ മൂടി. ലോകത്തിലെ മഹത്വമുള്ള മുന്തിരിവള്ളിയെന്ന് അവൾക്ക് നീ പേരിട്ടു. ദീർഘദർശന വചനങ്ങളാകുന്ന, ജീവവചനങ്ങളാൽ അവളെ ഉപദേശിച്ചു. അതിനുചുറ്റും വിശുദ്ധ കല്പനകളാകുന്ന, വേലി ഉത്സാഹപൂർവ്വം കെട്ടി. ശുദ്ധീകരണത്തിനായി ബലികളാകുന്ന ചക്ക് അതിൽ കുഴിച്ചിട്ടു. സൽഗുണസമൃദ്ധിയിൽ ദീർഘദർശിമാരാകുന്ന ശീതളമേഘങ്ങളാൽ അതിനെ നനച്ചു. സന്തോഷവർഷങ്ങളാൽ അതിനെ ഐശ്വര്യപ്പെടുത്തി. അതിൽ നിന്റെ ഭരണം നിലനിർത്തുന്നതിന് അതിന്റെ കൊമ്പുകളിൽനിന്ന് ഒരു ചില്ല വേർതിരിച്ച് രാജ്യത്തിന്റെ ചൊങ്കോലാക്കി. നിന്റെ ബഹുമാനത്തിന്റെ പ്രഭാവത്തിന് തെരഞ്ഞെടുക്കപ്പെട്ട ഒരു കൊമ്പാകുന്ന ജനത്തെ തെരഞ്ഞെടുത്തു. എന്നാൽ അഹങ്കാരപൂർവ്വം ആ ജനം നിന്റെ സാക്ഷികളുടെയും ന്യായപ്രമാണങ്ങളുടെയും വ്യവസ്ഥ നിരസിച്ചു. നിന്റെ ദീർഘദർശിമാരെയും സ്ഥാനാധിപതികളെയും കൊന്നു. വ്യർത്ഥമായ ആരാധനകളെ സ്നേഹിച്ചു. നിന്റെ ജനമാകുന്ന മണവാട്ടിയുടെ അമിതമായ അനുസരണക്കേട് കണ്ട് മണവാളനായ നീ അവളെ രക്ഷിക്കാനായി കരുണാപൂർവ്വം ഇറങ്ങിവരുവാൻ തീരുമാനിച്ചു. അങ്ങനെ പൂർവ്വികരും ദീർഘദർശികളും വരച്ചുകാണിച്ച ദൃഷ്ടാന്തങ്ങളും നീ പരിപൂർണ്ണമാക്കി. മനുഷ്യനായി വന്ന് പീഡയനുഭവിച്ചു. രക്ഷാകരമായ കുരിശുമരണത്തിനു മുമ്പുള്ള പീഡാനുഭവത്തിന് നീ ഊർശ്ലേം പട്ടണത്തിലേക്ക് പ്രവേശിച്ചപ്പോൾ, വഴിയരികെയുള്ള അത്തിവൃക്ഷത്തിന്റെ അടുക്കലേക്ക് ചെന്നു. നിരസിക്കപ്പെട്ട മുന്തിരിവള്ളിയുടെ അടുത്തേക്ക് ഫലത്തിനായി ചെന്നതുപോലെ ഇതിൽനിന്ന് ഫലം ലഭിക്കാൻ ആഗ്രഹിച്ചു. എന്നാൽ രണ്ടും ഒരുപോലെ ഫലശൂന്യങ്ങളാണെന്ന് കണ്ടപ്പോൾ ഒന്നിനെ ഉണ



ചെയ്യപ്പെട്ട നിനക്ക് സ്തുതി. മഹിമയോടെ ജീവിച്ചെഴുന്നേറ്റ് പിതാവിന്റെ അടുക്കലേക്ക് കരേറിയെങ്കിലും, ഇനി വന്ന് നിന്നോടുകൂടെ ഞങ്ങളെ പിതാവിന്റെ അടുത്തേക്ക് കൊണ്ടുവരാനിരിക്കുന്ന നിനക്ക് സ്തുതി. ഞങ്ങൾ നിന്റെ മനുഷ്യത്വത്തെ ഏറ്റുപറയുകയും, നിന്റെ ദൈവത്വത്തെ പുകഴ്ത്തുകയും ചെയ്യുന്നു. ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടിയുള്ള സകലവും നിവൃത്തിയായ ഈ പ്രഭാതത്തിൽ, ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി ഈ കൃത്യമെല്ലാം സാധിച്ച വചനമായ ദൈവമേ, ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ പീഡാനുഭവത്തിന്റെ ഓർമ്മ കഴിക്കുന്ന ഈ നാളിൽ, ബലഹീനരായ ഞങ്ങൾ തിരുമുമ്പാകെ ഈ ധൂപം സമർപ്പിച്ചുകൊണ്ട് പ്രാർത്ഥിക്കുന്നു; നിന്റെ പീഡാനുഭവത്തിൽ, പീഡസഹിക്കാനും, താഴ്മയിൽ സാമ്യപ്പെടാനും, നിന്റെ പുനരുത്ഥാനത്തിൽ ആനന്ദിക്കാനും, നിന്റെ ഇഷ്ടം ചെയ്ത എല്ലാവരോടുമൊത്ത് ഉല്ലസിക്കാനും ഞങ്ങളെ അനുഗ്രഹിക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ...

## എത്രോ

മരത്തിന്മേൽ തൂക്കപ്പെട്ട്, പുണ്യമുണ്ടാക്കുന്ന ബലിയായിത്തീർന്ന കർത്താവേ, നിനക്ക് സ്തുതി. നിന്റെ വധം ലോകത്തിൽ സുഗന്ധമാക്കിത്തീർത്ത പ്രസാദകരമായ ധൂപകലശമേ, നിനക്ക് സ്തുതി. നിന്റെ സഭ, പാപത്തിന്റെ അശുദ്ധിയിൽനിന്നും, അശുദ്ധബലികളിൽനിന്നും, അഭക്തിജന്യങ്ങളായ ദുഷ്കൃത്യങ്ങളിൽനിന്നും വെടിപ്പാക്കപ്പെട്ടു. നിന്റെ രക്തത്താൽ മരണത്തിൽനിന്നും, നാശത്തിൽനിന്നും ഞങ്ങൾ രക്ഷിക്കപ്പെട്ടതിനാൽ, ഞങ്ങളുടെ രക്ഷകാ, നീ മഹത്വമുള്ളവനാകുന്നു. ഞങ്ങൾ നിന്റെ കുരിശിനെ വന്ദിച്ച് കഷ്ടാനുഭവങ്ങളെ ഏറ്റുപറയുന്നു. ഞങ്ങൾ നിന്റെ കുരിശിനാൽ ജീവിച്ചു; മരണത്താൽ സ്വതന്ത്രരായി; നിന്റെ സഹായങ്ങൾ വലിയവയാകുന്നു. ഞങ്ങളുടെ നിസ്സാരമായ സ്തുതികൾ നിനക്കെത്രയോ തുച്ഛമാകുന്നു. നീ സൃഷ്ടിച്ചു രക്ഷിച്ച സകലത്തിനാലും നിനക്ക് സ്തുതി. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ...

കൊണ്ടുപോയി ബന്ധിച്ചു. ഇന്ന് നീ ന്യായാധിപന്റെ മുമ്പിൽ മൗനമായി നിന്നു. മുകളിൽ ഈറേന്മാർ നിന്നെക്കണ്ടു വിറയ്ക്കുന്നു. താഴെ അഗാധത്തിൽ ഉള്ളവർ നിന്നെ അപഹസിക്കുന്നു. അത്യുന്നതങ്ങളിൽ സ്രോപ്പേന്മാർ നിനക്ക് കാദീശ് പാടുന്നു. താഴെ അഗാധങ്ങളിൽ അഹങ്കാരികൾ നിന്നെ ദുഷിക്കുന്നു. അത്യുന്നതങ്ങളിൽ പ്രകാശം പുറംകുപ്പായംപോലെ ധരിച്ചിരിക്കുന്നവൻ, താഴെ അഗാധങ്ങളിൽ നിന്ദനീയമായ പരിഹാസക്കുപ്പായം ധരിക്കുന്നു. അത്യുന്നതങ്ങളിൽ അഗ്നിരഥം നിന്നെ ആഘോഷിക്കുമ്പോൾ, താഴെ അഗാധങ്ങളിൽ കുരിശുമരത്തിന്മേൽ നീ തറയ്ക്കപ്പെടുന്നു. അത്യുന്നതങ്ങളിൽ പിതാവിനോടുകൂടെ പുകഴ്ത്തപ്പെട്ടു സ്തുതിക്കപ്പെടുന്നവൻ, അഗാധങ്ങളിൽ അധർമ്മികളോടുകൂടെ ഗണിക്കപ്പെടുന്നു. അത്യുന്നതങ്ങളിൽ രാജാവും, രാജാധിരാജനും അധികാരികൾക്ക് കിരീടം നിർമ്മിക്കുന്നവനുമായ നീ, താഴെ അഗാധങ്ങളിൽ കുരിശിൽ തറയ്ക്കപ്പെടുന്നു. അത്യുന്നതങ്ങളിൽ വിശേഷബുദ്ധിയുള്ള രഥങ്ങളാൽ പ്രബലനായ നീ, താഴെ അഗാധങ്ങളിൽ മുൾക്കിരീടം ധരിച്ചിരിക്കുന്നു. അത്യുന്നതങ്ങളിൽ പിതാവിനോടും റൂഹായോടുംകൂടെ ഒന്നിച്ച് ശ്രേഷ്ഠസിംഹാസനത്തിൽ മഹിമയോടെ വാണരുളുന്ന നീ, താഴെ അപമാനത്തിനും, അപഹാസത്തിനും, തന്നെത്താൻ ഏല്പിച്ചു കൊടുക്കുന്നു. അത്യുന്നതങ്ങളിൽ ക്രൂബേമാലാഖയോട് ജീവവൃക്ഷം സൂക്ഷിക്കാൻ കല്പിച്ച നിന്റെ വിലാപ്പുറം, താഴെ അഗാധങ്ങളിൽ കുന്തംകൊണ്ട് കുത്തിത്തുളയ്ക്കപ്പെടുന്നു. ആംഗ്യംകൊണ്ട് മാറായിലെ കയ്പുവെള്ളം മധുരമാക്കിത്തീർത്ത നിനക്ക് താഴെ അഗാധങ്ങളിൽ കയ്പും കാടിയും നൽകുന്നു. ആദാമിൽ ജീവാത്മാവിനെ ഊതി നൽകിയ നീ, പാതാളത്തിലേക്കിറങ്ങി മരിച്ചവരോടുകൂടെ പരിഗണിക്കപ്പെടുന്നു.

ഇതിനാൽ ഈ ധൂപംവഴി കൃതജ്ഞതയർപ്പിച്ച് ഞങ്ങൾ ഇപ്രകാരം പറയുന്നു: നിന്റെ ന്യായവിധികൾ നിർണ്ണയിക്കപ്പെടാൻ പറ്റാത്ത കർത്താവേ, നിനക്ക് സ്തുതി. നിന്റെ താഴ്മ നിമിത്തം നിനക്ക് സ്തുതി. ഞങ്ങൾക്കുവേണ്ടി ജഡത്തിൽ പീഡയനുഭവിച്ച നിനക്കു സ്തുതി. കുരിശിന്മേൽ തറയ്ക്കപ്പെട്ട നിനക്ക് സ്തുതി. മരണമടഞ്ഞു ഞങ്ങളെ ജീവിപ്പിച്ച നിനക്ക് സ്തുതി. സംസ്ക്കാരം



ക്കിക്കളയുകയും മറ്റതിനെ നിന്റെ പിതാവിന്റെ ഭവനത്തിൽനിന്ന് തള്ളി പുറത്താക്കുകയും ചെയ്തു.

അത്ഭുതകരമായ നിന്റെ മനുഷ്യസ്നേഹത്തോട് ഞങ്ങളപേക്ഷിക്കുന്നു, ഉന്നതമായ നിന്റെ ദൈവത്വത്തെ നിരപ്പാക്കുന്ന അനുഗ്രഹഫലങ്ങൾ നിനക്ക് സമർപ്പിക്കുന്നതിന് നിന്റെ മണവാട്ടിയായ സഭയെ, പരിപാകതയുള്ളതും വാഴ്ത്തപ്പെട്ടതുമാക്കിത്തീർക്കണമേ. അതിന്റെ കൊമ്പിനെ ലോകത്തിന്റെ നാനാഭാഗത്തും നീ ഉയർത്തണമേ. അതിന്റെ സന്താനങ്ങളുടെ സംഘത്തെ എല്ലാ ശ്രേഷ്ഠ ദാനങ്ങളാലും നീ പ്രാബല്യപ്പെടുത്തണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും...

# ചൊവ്വ - പ്രഭാതം

## പ്രാരംഭ പ്രാർത്ഥന

പട്ടക്കാരൻ : ശുബഹോ ലാബോ...

പ്രത്യുത്തരം : ബലഹീനരും പാപികളും ...

ഞങ്ങളുടെ മിശിഹാതമ്പുരാനേ, നിന്റെ പീഡാനുഭവത്തിന്റെ സഹായത്താൽ, നിന്നെ അഭിനന്ദിക്കുന്നവരുടെ ഹൃദയങ്ങളിൽനിന്നും ബോധങ്ങളിൽനിന്നും പാപമയമായ അശുദ്ധ വിചാരങ്ങളുടെ അന്ധകാരമറ നീ നീക്കിക്കളയണമേ. നിന്റെ പീഡാനുഭവത്തിൽ ഞങ്ങൾ പങ്കുചേർന്നുകൊണ്ട് പുനരുത്ഥാനദിവസത്തിൽ നിന്നോടുകൂടെ സന്തോഷിക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും...

## പ്രുമിയോൻ

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച്...

പ്രത്യുത്തരം : കാരുണ്യവാനായ കർത്താവേ,...

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും...

ഞങ്ങളുടെ മിശിഹാ കർത്താവേ, നീ ഞങ്ങൾക്കുവേണ്ടി സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്നു. എങ്കിലും, നിന്റെ ശ്രേഷ്ഠതയിൽ നീ വസിച്ചു. ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി സ്വയം ശൂന്യമാക്കിയെങ്കിലും, നിന്റെ പരിപൂർണ്ണതയിൽനിന്ന് വിട്ടുമാറിയില്ല. മനുഷ്യശരീരമെടുത്ത് ദൃശ്യനായി വന്നപ്പോഴും, ദൈവത്വത്തിലും ആത്മീയാവസ്ഥയിലും മാറ്റമില്ലാത്ത പൂർണ്ണനായും നിർമ്മലനായും നീ സ്ഥിതിചെയ്തു. ശരീരപ്രകാരം ക്രൂശിക്കപ്പെട്ടെങ്കിലും, യഥാർത്ഥ ഉണ്മയിൽ മാറ്റം വന്നില്ല. ശരീരപ്രകാരം മരിച്ചെങ്കിലും, ജീവനുള്ളവനായ നീ, മഹിമയിൽ നിന്നകലാതെ സ്ഥിതിചെയ്തു. മരണമില്ലാത്തവനായ നിനക്ക് പ്രഭാതപ്രാർത്ഥനയുടെ ഈ നേരത്തും...



ന്മാരായ സ്വർഗ്ഗീയസൈന്യങ്ങൾ നിന്റെ തേജസ്സിൽ ചുളുങ്ങിപോകുന്നു. അങ്ങനെയുള്ളവനായ നീ ഭൂമിയിൽ താഴ്മയോടെ കാണപ്പെട്ടു. മാലാഖമാർ നിന്റെ തേജസ്സിൽ വിറയ്ക്കുന്നുവെങ്കിലും നീ ഇന്ന്, മണ്മയരാൽ പിടിക്കപ്പെട്ടു. ക്രൂബേന്മാരുടെ മേൽ വഹിക്കപ്പെടുന്നവനും സ്രോപ്പേന്മാരാൽ സ്തുതിക്കപ്പെടുന്നവനുമായ നീ ഇന്ന്, കളിമണ്ണിനാൽ പരിഹസിക്കപ്പെട്ടു. സ്വർഗ്ഗീയസേനകൾക്ക് നിന്റെ മഹത്വത്തോട് സമീപിക്കാൻ ത്രാണിയില്ലാതിരിക്കെ, ഇന്നു നീ ദാസന്മാരാൽ അപമാനിക്കപ്പെട്ടു.

ഈ വെള്ളിയാഴ്ച രാവിലെ പീലാത്തോസ് ആസ്ഥാനമണ്ഡപത്തിൽ ഇരുന്നു. യേശുതമ്പുരാനേ, നീ അവന്റെ മുമ്പിൽ കുറ്റക്കാരനെപ്പോലെ ബന്ധിക്കപ്പെട്ടവനായി നിന്നു. സ്വർഗ്ഗീയർ സ്തുതിക്കുന്നതുപോലും നിന്റെ മഹത്വത്തിനുപോരാതിരിക്കെ ശത്രുക്കളായ ദുഷ്ടന്മാർ ഇന്ന് തിരുമുഖത്ത് അപമാനത്തിന്റെ അശുദ്ധമായ തുപ്പൽ വീഴ്ത്തി. ആകാശവും ആകാശങ്ങളുടെ ആകാശവും നിന്റെ സ്തുതി മുഴക്കുന്നെങ്കിലും, ഇന്നു നീ ചമ്മട്ടികൾകൊണ്ട് അടിക്കപ്പെട്ടു. എല്ലാ ജനങ്ങളും ആരുടെ മുമ്പിൽ വിചാരണയ്ക്കു നില്ക്കുന്നുവോ, ആ നീ ഇന്നു രാവിലെ വിചാരണ ചെയ്യപ്പെട്ടു. ആകാശത്തെ മേൽക്കട്ടിപോലെ വിരിക്കുകയും ഭൂമിയെ വെള്ളത്തിന്മീതെ ഉയർത്തുകയും ചെയ്തവനായ നീ ഇന്ന് പീലാത്തോസിന്റെ മുമ്പാകെ ശിക്ഷയ്ക്കു വിധിക്കപ്പെട്ടു.

വെള്ളിയാഴ്ച രാവിലെ ദൈവം ആദാമിനെ പറുദീസായിൽ രാജാവാക്കി. വെള്ളിയാഴ്ച യേശുവിനെ കൊല്ലണമെന്നുള്ള ഉത്തരവ് പുറപ്പെട്ടു. വെള്ളിയാഴ്ച പ്രഭാതത്തിൽ ആദം സൃഷ്ടിക്കപ്പെട്ടു. വെള്ളിയാഴ്ച രാവിലെ, അവനെ സൃഷ്ടിച്ചവൻ, അവന്റെ മക്കളിൽനിന്ന് ശിക്ഷയേറ്റു. വെള്ളിയാഴ്ച രാവിലെ ആദം തന്റെ സ്രഷ്ടാവിൽനിന്നകന്നു. വെള്ളിയാഴ്ച രാവിലെ കർത്താവായ നീ അവനുവേണ്ടി അടികൊണ്ടു. തന്റെ വചനത്താൽ പർവ്വതങ്ങളെ സൃഷ്ടിക്കുകയും സമുദ്രങ്ങളെ മണൽത്തിട്ടകൊണ്ട് വേർതിരിക്കുകയും ചെയ്തവൻ ഇന്ന് ന്യായസ്ഥലത്ത് ബന്ധനത്തിലാക്കപ്പെട്ടു. വിശേഷബുദ്ധിയുള്ള എല്ലാവർക്കും വചനം നൽകിയവനെ, ഇന്നേദിവസം ഹന്നാസിന്റെ ഭവനത്തിൽ

# വെള്ളി - പ്രഭാതം

## പ്രുമിയോൻ

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച്...

പ്രത്യുത്തരം : കാരുണ്യവാനായ കർത്താവേ,...

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും...

മഹത്ത്വമുള്ള രക്ഷിതാവായ കർത്താവേ, വെട്ടുവാൻ ആട്ടിൻകുട്ടിയെന്നപോലെ, കാരാഗൃഹത്തിൽനിന്ന് നിന്നെ ശിക്ഷാവിധിയ്ക്ക് കൂട്ടിക്കൊണ്ടുപോയി. ന്യായാധിപനായ പീലാത്തോസിന്റെ സന്നിധിയിൽ "രോമം വെട്ടുന്നവന്റെ മുമ്പിൽ ചെമ്മരിയാടുപോലെ" നിലകൊള്ളുകയും, താഴ്മമൂലം മൗനിയായി നില്ക്കുകയും ചെയ്തു. ദുഷ്ടന്മാരാൽ അന്യായമായ മരണശിക്ഷയ്ക്ക് നീ വിധിക്കപ്പെട്ടു. അതിനാൽ പാപശിക്ഷയിൽനിന്ന് കൃപമൂലം ഞങ്ങളെ കുറ്റമില്ലാത്തവരാക്കിത്തീർത്തു. ന്യായാധിപതിയുടെ ന്യായാധിപതിയായ നീ പരിഹാസവും നിന്ദയും ഏറ്റു. ലജ്ജയിൽനിന്ന് നിന്റെ തിരുമുഖം പിൻതിരിക്കാതെ, കരുണയാൽ ഞങ്ങളെ പാപത്തിന്റെ ലജ്ജയിൽനിന്ന് സ്വതന്ത്രരാക്കി. മഹോന്നതനായ നീ, അഹങ്കാരികളിൽനിന്ന് അശുദ്ധമായ തുപ്പൽ തിരുമുഖത്തേറ്റു. ആജ്ഞാലംഘനക്കാരനായ ആദാമിനേയും അവന്റെ വർഗ്ഗത്തേയും, സ്വർഗ്ഗരാജ്യത്തിന്റെ അവകാശത്തിലേക്ക് വീണ്ടുകൊണ്ടുവരാൻ ധൈര്യവും മുഖപ്രസന്നതയും കാണിച്ചു. നിനക്ക് പ്രഭാതപ്രാർത്ഥനയുടെ ഈ സമയത്തും സകല പെരുന്നാളുകളിലും...

## സെദറാ

വചനമായ ദൈവമേ, കാലത്തിനുമപ്പുറം പിതാവിന്റെ ഹൃദയത്തിൽനിന്ന് ദൈവികപ്രകാരം ജനിച്ച നീ, കാലാവസാനത്തിൽ പരിശുദ്ധ കന്യകമറിയാമിൽനിന്ന് ഉദിച്ചു. അങ്ങനെ ദീർഘദർശിമാരുടെ ദർശനങ്ങളും, ദർശനക്കാരുടെ ഉപമകളും നീ നിറവേറ്റി. തലമുറകളിൽനിന്നും വംശങ്ങളിൽനിന്നും മറഞ്ഞിരുന്ന രഹസ്യം ഇന്ന് ലോകമദ്ധ്യത്തിൽ പ്രത്യക്ഷമായി. അഗ്നിമയ





## സെദറാ

ജീവപ്രദമായ പീഡാനുഭവത്തിന്റെ രഹസ്യത്തെക്കുറിച്ച് പരിശുദ്ധ ശിഷ്യന്മാരെ അറിയിച്ച മിശിഹാതമ്പുരാനേ, ശ്രേഷ്ഠമായ ഉണ്മയിൽ നീ കഷ്ടതയിൽനിന്ന് അകന്നവനാകുന്നു. രഹസ്യകാര്യങ്ങൾ അറിയുന്നതിനും പരസ്യകാര്യങ്ങളുടെ ന്യായാധിപതിയുമായ നീ ശിഷ്യന്മാരോട് ഇപ്രകാരം പറഞ്ഞു: "ഇതാ, നാം ഊർശ്ലേമിലേക്ക് പോകുന്നു. മനുഷ്യപുത്രൻ അധർമ്മികളുടെ കൈയിൽ ഏല്പിക്കപ്പെടും. അവർ അവനെ അടിക്കുകയും കുരിശിൽ തറയ്ക്കുകയും ചെയ്യും. മൂന്നാം ദിവസം അവൻ ഉയിർത്തെഴുന്നേൽക്കും."

പാപത്തിന്റെ സകലക്ലേശങ്ങളിൽനിന്നും ഞങ്ങളെ രക്ഷിക്കാനായി, ശരീരത്തിൽ ഞങ്ങൾക്കുവേണ്ടി പീഡയനുഭവിച്ച നിന്നെ ഞങ്ങൾ ദൈവമെന്നും, സ്വഭാവത്തിൽ പീഡയില്ലാത്തവനെന്നും അറിയുന്നു. ആത്മീയ ശബ്ദങ്ങളാൽ ഞങ്ങൾ നിന്നെ വന്ദിച്ച് സ്തുതിച്ചു പറയുന്നു, കൊല്ലുവാൻ കൊണ്ടുപോകുന്ന ആട്ടിൻകുട്ടിയെപ്പോലെ മൗനം ദീക്ഷിച്ചവനും, ക്രൂശാരോഹണ സമയത്ത് "രോമം വെട്ടുന്നവന്റെ മുമ്പിൽ പെണ്ണാടെന്നപോലെ" നിശബ്ദനായി നിന്നവനുമായ ദൈവിക കുഞ്ഞാട് നീ ആകുന്നു. കയ്യാപ്പായുടെ ദാസരിൽനിന്ന്, പരിഹാസവും അടിയും ഏറ്റ ദൈവിക കുഞ്ഞാട്, നീ ആകുന്നു. യൂദാസ്ക്കറിയാത്തയുടെ വഞ്ചന, മുൻകൂട്ടി വെളിപ്പെടുത്തിയ ദൈവികകുഞ്ഞാട് നീ ആകുന്നു. അധർമ്മികൾ, കാരണം കൂടാതെ കുറ്റം ചുമത്തി ശിക്ഷയ്ക്ക് വിധിച്ച ദൈവിക കുഞ്ഞാട് നീ ആകുന്നു. വലത്തുഭാഗത്തെ കള്ളനിൽ വിശ്വാസം ജനിപ്പിച്ച, ദൈവിക കുഞ്ഞാട് നീ ആകുന്നു. തന്റെ സഭയ്ക്ക് ജീവന്റെ സങ്കേതസ്ഥലം നൽകിയ, ദൈവിക കുഞ്ഞാട് നീ ആകുന്നു. ആരുടെ മരണസമയത്ത് ഭൂമി കുലുങ്ങുകയും വിറയ്ക്കുകയും സൂര്യൻ ഇരുണ്ടുപോകുകയും ചെയ്തുവോ, ആ ദൈവിക കുഞ്ഞാട് നീ ആകുന്നു. ആരുടെ ക്രൂശാരോഹണസമയത്ത് പർവ്വതങ്ങളും കുന്നുകളും പാറകളും പിളർന്നുപോയോ, ആ ദൈവിക കുഞ്ഞാട് നീ ആകുന്നു. ദുഷ്ടന്മാർ, ആർക്ക് ഭക്ഷണപാനീയമായി കൈയ്പും കാടിയും

കൊടുത്തുവോ, ആ ദൈവിക കുഞ്ഞാട് നീ ആകുന്നു. അഹങ്കാരികളായ ശത്രുക്കൾ ആരുടെ തലയിൽ പരിഹാസപൂർവ്വം മുൾക്കിരീടം വച്ചുവോ, ആ ദൈവിക കുഞ്ഞാട് നീ ആകുന്നു. പീലാത്തോസിന്റെ ഭാര്യ, ആര് ദൈവമാകുന്നുവെന്ന് സ്വപ്നം വഴി ഗ്രഹിച്ചുവോ, ആ ദൈവിക കുഞ്ഞാട് നീ ആകുന്നു.

കുറ്റക്കാരനായ ആദാമിനു പകരം, ആക്ഷേപവും നിന്ദയും സഹിച്ച ദൈവിക കുഞ്ഞാട് നീയാകുന്നു. ഞങ്ങൾക്കുവേണ്ടി ദുഷ്ടരിൽനിന്ന് അപമാനവും പരിഹാസവും സഹിച്ച, ദൈവിക കുഞ്ഞാട് നീയാകുന്നു. പ്രധാനാചാര്യന്റെ ഭൃത്യനിൽനിന്നുള്ള അടി ചെകിട്ടത്തേറ്റ ദൈവികകുഞ്ഞാട് നീയാകുന്നു. ലജ്ജയിൽനിന്നും തുപ്പലിൽനിന്നും മുഖം തിരിച്ചു കളയാതിരുന്ന ദൈവിക കുഞ്ഞാട് നീയാകുന്നു. കുരിശിൽ കിടന്നുകൊണ്ട് “എന്റെ ദൈവമേ, എന്റെ ദൈവമേ,” എന്നു നിലവിളിച്ച ദൈവിക കുഞ്ഞാട് നീ ആകുന്നു. വഞ്ചകരായ പുരോഹിതന്മാരുടെ കല്പനപ്രകാരം, ആരുടെ കൈകാലുകളിൽ ആണികൾ തറയ്ക്കപ്പെട്ടുവോ, ആ ദൈവിക കുഞ്ഞാട് നീ ആകുന്നു. ആത്മാവിനെ പിതാവിന്റെ കൈയിൽ ഏല്പിച്ച ദൈവിക കുഞ്ഞാട് നീ ആകുന്നു. ആരുടെ ശബ്ദത്താൽ ഉറങ്ങിക്കിടന്നവർ ഉണർന്ന് വന്ദിച്ചുവോ, ആ ദൈവിക കുഞ്ഞാട് നീ ആകുന്നു. പാതാളത്തിൽ ഇറങ്ങിച്ചെന്ന് അവിടെയുണ്ടായിരുന്ന നീതിമാന്മാരെ ആനന്ദിപ്പിക്കുകയും പാതാളവാതിലുകൾ തകർക്കുകയും ചെയ്ത ദൈവിക കുഞ്ഞാട് നീ ആകുന്നു.

കാരുണ്യവാനായ കർത്താവേ, നിന്റെ നന്മയോട് ഞങ്ങൾ അപേക്ഷിച്ചു പ്രാർത്ഥിക്കുന്നു, ഞങ്ങൾക്കുവേണ്ടി സഹിച്ച രക്ഷാകരമായ പീഡാനുഭവത്തിൽ നിന്നെ വിളിക്കുന്ന ഞങ്ങളുടെമേൽ കരുണ ചെയ്യണമേ. നീ ഞങ്ങൾക്ക് സഹായിയും സങ്കേതസ്ഥലവും ആയിരിക്കണമേ. നിന്റെ പീഡാനുഭവങ്ങളെ വിശ്വസിച്ച് നിന്റെ സ്ലീബായെ ഏറ്റുപറഞ്ഞിട്ടുള്ള ഞങ്ങളും ഞങ്ങളുടെ പരേതരും, നിന്റെ വലത്തുഭാഗത്തുനിന്ന് കരുണ ദർശിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും...



നിന്റെ സഭയെ, വിജയദായകമായ നിന്റെ കുരിശാൽ കാത്തുകൊള്ളണമേ. ഞങ്ങളുടെ അകൃത്യങ്ങൾ മായിച്ചുകളയണമേ.

നിന്റെ കഷ്ടാനുഭവങ്ങളുടെ ഓർമ്മ കഴിക്കുന്ന ഈ സമയത്ത്, ബലഹീനരും നിസ്സാരരുമായ ഞങ്ങൾ ഈ സുഗന്ധധൂപം സമർപ്പിച്ചുകൊണ്ട് വീണ്ടും അപേക്ഷിക്കുന്നു. മനസ്സോടും മനസ്സുകൂടാതെയും, അറിവോടും അറിവുകൂടാതെയും, ഞങ്ങൾ ചെയ്തുപോയ പാപങ്ങൾക്ക് മോചനവും കടങ്ങൾക്ക് പരിഹാരവും നല്കി അശുദ്ധരായ ഞങ്ങളെ നിർമ്മലരാക്കണമേ. ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും, കുറ്റമറ്റതും നിർമ്മലവുമായ ജീവിതം തിരുമുമ്പാകെ നയിക്കാൻ ഞങ്ങളെ കാത്തുകൊള്ളണമേ. വേണ്ട ധൈര്യത്തോടെ ഞങ്ങളുടെ ആത്മാക്കളെയും പിതാവിന്റെ തൃക്കൈകളിൽ സമർപ്പിക്കാൻ ഞങ്ങളെ സഹായിക്കണമേ. ജീവകരമായ നിന്റെ സ്ലീബായാകുന്ന വലുതും രക്ഷാകരവുമായ അടയാളത്തോടുകൂടെയുള്ള, നിന്റെ രണ്ടാമത്തെ എഴുന്നെള്ളത്തിൽ ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും അർപ്പിക്കുമാറാകണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും...

ഞങ്ങൾ ഉരിഞ്ഞുകളഞ്ഞ പരിശുദ്ധ റൂഹായെ വീണ്ടും ഞങ്ങളെ ധരിപ്പിക്കുന്നതിന് നീ പരിഹാസപൂർവ്വം ചുവപ്പു വസ്ത്രം ധരിച്ചു. ഞങ്ങളിൽ മരണത്തിനു കാരണമാക്കിയ പാപം, നീ ധരിച്ച മുൾക്കിരീടത്തിലെ മുള്ളുകളാൽ സമൂലം നശിപ്പിക്കപ്പെട്ടു. യഹൂദപുരോഹിതന്മാർ നിന്നെ പിടിപ്പിച്ച പരിഹാസ ചെങ്കോലാൽ, ജീവന്റെ പുസ്തകത്തിൽ, ഞങ്ങളുടെ പേരുകൾ നീ എഴുതി ചേർത്തു. കുരിശുമരത്തിൽവച്ച് നിന്റെ വസ്ത്രം ഉരിഞ്ഞെടുത്തതിനാൽ, പാപത്തിന്റെ അധിപതിയും വ്യാജത്തിന്റെ പിതാവുമായ സാത്താനെ നീ നാണിപ്പിച്ചു; അങ്ങനെ ആദാമിന്റെ ലജ്ജ മറയ്ക്കുകയും ചെയ്തു. പഴം പറിച്ച്, ലോകത്തിലേക്ക് പാപവും മരണവും, അവയുടെ എന്നേക്കുമുള്ള വാഴ്ചയും വരുത്തിവച്ചു. അവയ്ക്കു പകരം, നിന്റെ വിശുദ്ധ തൃക്കൈകളിൽ ആണികൾ തറയ്ക്കുന്നതിന് നീ വിട്ടുകൊടുത്തു; തൃപ്പാദങ്ങളെ ഇരുമ്പ് ബന്ധനങ്ങൾക്കായി നല്കുകയും ചെയ്തു. മരണകരമായ വൃക്ഷത്തിന്റെ കായ് പറിച്ചു തിന്നതിനുപകരം നീ കാടികുടിക്കുകയും കയ്പ് ആസ്വദിക്കുകയും ചെയ്തു. അക്രമികളോടുകൂടെ നീ എണ്ണപ്പെട്ടു. ആദം വഴിയുള്ള പരിഹാസം നീക്കാനായി, കള്ളന്മാരുടെ ഇടയിൽവച്ച് നീ നിന്ദയേറ്റു. ദീർഘദർശിമാർ മുൻകൂട്ടി സൂചിപ്പിച്ചിരുന്നതെല്ലാം, നിന്റെ ദേഹത്തിൽ നിറവേറ്റി. “ഇതാ എല്ലാം നിറവേറിയിരിക്കുന്നു” എന്നുപറഞ്ഞ് നിന്റെ തല ചായ്ച്ച് ആത്മാവിനെ ഏല്പിച്ചുകൊടുത്തു.

പ്രജാവാത്സല്യത്താൽ ഞങ്ങളെ രക്ഷിക്കാൻവേണ്ടി ഇതെല്ലാം നിറവേറ്റിയ കർത്താവേ, ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു: അവർണ്ണനീയമായ നിന്റെ താഴ്ചയും മനസ്സോടെയുള്ളതും രക്ഷാകരവും ചൈതന്യപ്രദവുമായ നിന്റെ പീഡാനുഭവവുമോർത്ത്, അതിന്റെ അനുസ്മരണ നടത്തുന്ന ദു:ഖകരമായ ഈ ദിവസത്തിൽ, നിന്റെ ബഹുലങ്ങളായ അനുഗ്രഹങ്ങൾ ഞങ്ങളിൽ പുതുക്കണമേ. നിഷ്ക്കളങ്കമായ വിശ്വാസത്തോടെ നിന്റെ പീഡകൾ വന്ദിച്ച്, നിന്റെ മനുഷ്യാവസ്ഥകൾ ഏറ്റുപറയാനും ഞങ്ങളെ സഹായിക്കണമേ. നീ എല്ലാറ്റിന്റെയും സാക്ഷാൽ ദൈവമെന്നറിഞ്ഞ് ഏറ്റുപറയാൻ, ഞങ്ങളെ സഹായിക്കണമേ. എല്ലായിടത്തുമുള്ള, കാതോലികവും അപ്പസ്തോലികവുമായ



## എത്രോ

ഞങ്ങളുടെ മിശിഹാതമ്പുരാനേ, കുരിശിന്മേലുള്ള നിന്റെ ബലിയാൽ ലോകത്തിലെ പാപമാകുന്ന ദുർഗന്ധം നീക്കി, അതിൽ കൃപയാകുന്ന പരിമളം വീശി; നീ വിലയേറിയ മൂറോൻ തൈലവും, മേൽത്തരമായ നറുദീനും, ജ്ഞാനിയായ തോട്ടക്കാരനുമാകുന്നു. ഞങ്ങളുടെ പാപപങ്കിലങ്ങളായ കൈകളാൽ നിനക്ക് സമർപ്പിക്കുന്ന ഈ ധൂപത്തിൽ, പ്രീതിതോന്നി സന്തോഷപൂർവ്വം അതിനെ കൈക്കൊള്ളണമേ. ഇതിനാൽ ലോകമാസകലമുള്ള നിന്റെ സഭയെ പുണ്യപ്പെടുത്തണമേ. തിരുനാമം

# ചൊവ്വ – മൂന്നാം മണി

## പ്രുമിയോൻ

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച്...

പ്രത്യുത്തരം : കാരുണ്യവാനായ കർത്താവേ....

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും...

നീതിമാനും ജ്ഞാനിയുമായ കർത്താവേ, ക്രൂശിൽ തറച്ച വരെ, നീ ചിതറിച്ചു. കൃപയാൽ വന്ദിക്കുന്നവരെ കൂട്ടിച്ചേർത്തു. ബലഹീനതയാൽ ബലത്തേയും, താഴ്മയാൽ അഹങ്കാരത്തേയും കീഴടക്കി. സൂത്രശാലികളായ ഭരണകർത്താക്കളുടെ അഹങ്കാരം അമർത്തി. ബലഹീനതയാൽ പ്രഭുക്കന്മാരുടെ സിംഹാസനങ്ങൾ മറിച്ചിട്ടു. മൂഢനെന്ന ഭാവത്താൽ, വിദ്വാന്മാരുടെ തത്വജ്ഞാനത്തെ നിരർത്ഥകമാക്കി. വന്ദനീയമായ കുരിശിന്റെ വിനയത്തിൽനിന്നു വീശിയ കാറ്റിനാൽ തർസ്സീസിലെ കപ്പലുകൾ തകർത്തു. പരിശുദ്ധവും രക്ഷാകരവുമായ പീഡാനുഭവത്തിന്റെ പുണ്യത്താൽ, അക്രമികളുടെ കപ്പൽപ്പായ്കൾ കീറിക്കളഞ്ഞു. സത്യവാനായ നിനക്ക് ഈ സമയത്തും എല്ലാ കാലങ്ങളിലും...

## സെദറാ

ദൈവമായ കർത്താവേ, ശക്തനും, സർവ്വാധിപതിയും ജീവനുള്ളവനും, ഭാഗ്യവാനുമായ പിതാവിന്റെ ജീവനുള്ള വചനവും, സഹായങ്ങളുടെ ഉറവയും നീയാകുന്നു. നീ മനുഷ്യർക്കു രക്ഷ നല്കുന്നവനും, സൃഷ്ടികളുടെ അറിവിൽനിന്നും, വിവേകത്തിൽനിന്നും, നിർണ്ണയത്തിൽനിന്നും ഉയർന്നിരിക്കുന്നവനുമാകുന്നു. നിന്റെ പ്രതിച്ഛായയായ മനുഷ്യൻ പാപത്താൽ തകർന്നതും സാത്താന്റെ കെണിയിൽ വീണതും കണ്ടപ്പോൾ, അതിരില്ലാത്തതും നിത്യവുമായ നിന്റെ കരുണ അവനെ രക്ഷിക്കാൻ നിർബന്ധിച്ചു. പരിശോധിക്കപ്പെടുവാൻ വഹിയാത്ത അദൃശ്യാവസ്ഥയിൽ, ദൈവമായി സ്ഥിതിചെയ്തുകൊണ്ട്, നീ വ്യത്യാ





സാത്താന്റെ സ്ഥിരഭവനക്കാരുമായ യഹൂദന്മാരുടെ ക്രൂരതയാൽ താഴ്ചയും, പീഡയും, അപമാനവും, നിന്ദയും, പരിഹാസവും, നീ സഹിക്കുകയും ചെയ്തു.

കല്പന ലംഘനംമൂലമുള്ള ശിക്ഷാവിധിയിൽനിന്ന് ആദാമിന്റെ വർഗ്ഗത്തെ രക്ഷിക്കാനായി, കരുണാസമൃദ്ധിയാലും അനുകമ്പാതിരേകത്താലും നീ മനസ്സോടെ എഴുന്നള്ളിവന്നു. നിന്റെ ദാസനായ മോശ, മിസ്രേമിൽവച്ച്, മുൻകൂട്ടിവരച്ച, സ്ഥിരതയുള്ളതും രക്ഷാകരവുമായ ദൃഷ്ടാന്തം, നീ മുൻകൂട്ടി അറിയിക്കുകയും, നിന്റെ ശരീരത്തിൽ അതു നിറവേറ്റുകയും ചെയ്തു. നിന്റെ വിശുദ്ധ സഭയുടെ ചൈതന്യപ്രദങ്ങളായ അറിവുകളും രഹസ്യങ്ങളും നിറഞ്ഞ മാളികയിൽവച്ച്, രക്ഷാകരമായ ആ സന്ധ്യയിൽ ശ്ലീഹന്മാരുടെ കൂട്ടത്തിന് മുമ്പാകെ ഇത് നിറവേറ്റി. പഴയതിനെ ആട്ടിൻകുട്ടിയിൽ അവസാനിപ്പിക്കുകയും, പുതിയതിനെ അപ്പത്തിൽ ആരംഭിക്കുകയും, രഹസ്യപൂർണ്ണമായ അത്താഴത്തിൽവച്ച് നിന്റെ തിരുശരീരവും, തിരുരക്തവും ഞങ്ങൾക്കു കടങ്ങളുടെ പരിഹാരത്തിന്, ഭക്ഷണവും പാനീയവുമായി നീ തരികയും ചെയ്തു. വഞ്ചനയുടെ ചുംബനത്തിനായി തല ചായ്ച്ചുകൊടുത്തു; ശത്രുക്കളായ യൂദന്മാർ നിന്നെ പിടിക്കുകയും ചെയ്തു. ഞങ്ങളുടെ മേലുള്ള കഠിനശിക്ഷയിൽനിന്നും ന്യായവിധിയിൽനിന്നും ഞങ്ങളെ വീണ്ടെടുക്കാനായി നിന്റെ മനസ്സോടെയുള്ള കുരിശിലെ താഴ്ചയാൽ അപമാനത്തിനായി നീ എഴുന്നെള്ളി വന്നു. ആറാം ദിവസം ഞങ്ങൾക്കുവേണ്ടി നീ ന്യായസ്ഥലത്ത് കയറി നിന്നു. പാപദാസ്യത്തിൽനിന്നും ശിക്ഷയിൽനിന്നും ഞങ്ങളെ സ്വതന്ത്രരാക്കാനായി അഹങ്കാരിയായ ഭൃത്യനിൽനിന്ന് ചെകിട്ടത്ത് അടിയേറ്റു; കുറ്റക്കാരനെപ്പോലെ വിധിക്കപ്പെടുകയും ചെയ്തു. ന്യായാധിപനായ പീലാത്തോസ് കല്പിച്ചപ്രകാരം ചമ്മട്ടികൊണ്ട് അടിയേറ്റ് ഞങ്ങളുടെ വംശത്തലവന്റെ കുറ്റത്തിന് പ്രതിവിധി ഉണ്ടാക്കുകയും ചെയ്തു.

ഈ വെള്ളിയാഴ്ച, അശുദ്ധരിൽനിന്ന് തിരുമുഖത്തേറ്റ തുപ്പലിനാൽ, കല്പന ലംഘനമൂലം നിന്ദ്യമായ ലജ്ജ ഞങ്ങളുടെ എല്ലാവരുടെയും മുഖത്തുനിന്ന് നീക്കിക്കളഞ്ഞു. സാത്താനായ ഘോരസർപ്പത്തിന്റെ അസൂയയാൽ വൃക്ഷങ്ങളുടെ ഇടയിൽവച്ച്

# വെള്ളി - സൂത്താറ

## പ്രുമിയോൻ

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച്...

പ്രത്യുത്തരം : കാരുണ്യവാനായ കർത്താവേ,...

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും...

രക്ഷകനായ മിശിഹാതമ്പുരാനേ, ന്യായാധിപതിമാരുടെ ന്യായാധിപതിയായ നീ, മൗനപൂർവ്വം വിധി സ്വീകരിച്ച്, ഞങ്ങളുടെ കുറ്റങ്ങൾ പരിഹരിച്ചു. നിന്റെ ദേഹം അടികൾക്കും, കവിൾത്തടങ്ങൾ മർദ്ദനങ്ങൾക്കും നല്കി. നീ ഏറ്റ അടികളാൽ ഞങ്ങളുടെ കഷ്ടതകൾ നീ നീക്കി. നീ ധരിച്ച മുൾക്കിരീടത്താൽ ഞങ്ങളുടെ പാപം വഹിച്ചു. ഞങ്ങളെ ആത്മീയമായി കൊല്ലുന്നവനെ ഓടിച്ചുകളയാൻ വേണ്ടി, നീ കൊല്ലപ്പെട്ടു. നിന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ നീ ഹനിച്ചു. നിനക്ക് ഈ സമയത്തും സകല പെരുന്നാളുകളിലും...

## സെദറാ

ദൈവമായ കർത്താവേ, നിനക്കു സ്തുതി. പിതാവിന്റെ ഏകജാതനായ നീ, സാരാംശത്തിൽ സദൃശനായ പരിശുദ്ധ റൂഹായുടെ വ്യാപാരത്താൽ, അഭിന്നമായി ഞങ്ങളുടെ സ്വഭാവത്തോടു യോജിച്ചു. പാപമൊഴികെ, സകലത്തിലും ഞങ്ങൾക്ക് സദൃശ്യനായിത്തീരുകയും, ദൈവികവും മാനുഷികവുമായപ്രകാരം ഞങ്ങളോടുകൂടെ പെരുമാറുകയും ചെയ്തു. പീഡാനുഭവത്താലും, കുരിശുമരണത്താലും, രക്ഷാകരമായ എല്ലാ വ്യാപാരങ്ങളുടെ പൂർണ്ണതയാലും, മനുഷ്യവർഗ്ഗത്തിന്റെ പാപത്തിന് പൂർണ്ണപരിഹാരം നീ നല്കി. മരണത്തേയും സാത്താനെയും പാപത്തെയും നീ കീഴടക്കി. പുതിയ ജീവിതത്തിലേക്കുള്ള മാർഗ്ഗം ഞങ്ങൾക്കെല്ലാവർക്കുമായി തുറന്നു തന്നു. കുറ്റമില്ലാത്ത രക്തത്താൽ പുതിയ ഉടമ്പടി ഞങ്ങൾക്കെഴുതിത്തരാൻ, രക്ഷാകരമായ പീഡാനുഭവത്തിലേക്ക് സത്യമായ പ്രവൃത്തിയാൽ നീ എഴുന്നള്ളി വന്നു. ഞങ്ങളെ രക്ഷിക്കാനായി, സത്യവിരോധികളും



സമോ ഭേദമോ കൂടാതെ പൂർണ്ണമനുഷ്യനായിത്തീർന്നു. മനുഷ്യനെ സകലവിധ ക്ലേശങ്ങളിൽനിന്നും മോചിപ്പിച്ച്, അവനെ ദൈവപുത്രനാക്കുവാൻവേണ്ടി, മനുഷ്യജീവിതത്തിലെ കുറ്റകരമല്ലാത്ത സകലതും നീ മനസ്സോടെ സ്വീകരിച്ചു. ഞങ്ങളെ പീഡിപ്പിക്കുന്നവനെ പീഡിപ്പിച്ച്, പീഡാരഹിതരാക്കാൻവേണ്ടി, കുരിശിലെ പീഡാനുഭവത്തിന് നീ സ്വയം സന്നദ്ധനായി.

കർത്താവേ, നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു: രക്ഷാകരമായ നിന്റെ പീഡാനുഭവത്താൽ ഞങ്ങളെ സ്വസ്ഥരാക്കി സുഖപ്പെടുത്തണമേ. ഞങ്ങളെ പാപത്തിൽനിന്നും രക്ഷിക്കണമേ. മത്സരക്കാരനായ സാത്താന്റെ നിന്ദ്യവും നാശകരവുമായ എല്ലാ വികാരങ്ങളിൽനിന്നും ഞങ്ങളെ സ്വതന്ത്രരാക്കണമേ. വന്ദനീയമായ നിന്റെ സ്ലീബായുടെ ശക്തിയാൽ സാത്താന്റെ ക്രൂരമായ മേൽക്കോയ്മയെ ഞങ്ങൾ ജയിക്കുമാറാകണമേ. നിന്റെ രക്ഷാകരമായ പീഡാനുഭവങ്ങളെ ഞങ്ങൾ പ്രശംസിക്കുന്നതിനാൽ ഞങ്ങളെ ശ്രേഷ്ടതപ്പെടുത്തണമേ. പരലോകത്തിൽ നിന്റെ ദൈവികഭാഗ്യങ്ങളിൽ ഞങ്ങളെ മഹത്വപ്പെടുത്തണമേ. ഞങ്ങളുടെ രക്ഷയ്ക്ക് എതിരായ എല്ലാ പ്രതികൂലസാഹചര്യങ്ങളിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ. വന്ദനീയമായ നിന്റെ പീഡാനുഭവംനിമിത്തം ഞങ്ങളുടെ ബോധത്തിന്റെ മാർഗ്ഗങ്ങൾ ശരിപ്പെടുത്തണമേ.

ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി നീ ശാരീരിക പീഡകൾ സഹിച്ചു. സാരാംശത്തിൽ കഷ്ടതയില്ലാത്ത ദൈവമാകുന്ന നീമൂലം ഞങ്ങൾ പ്രശോഭിതരാകട്ടെ. നിന്റെ രക്ഷ നിത്യവും ഞങ്ങളിൽ പുതുക്കണമേ. നിന്റെ പെസഹായിലും, ആരാധകർക്ക് രക്ഷ നല്കുന്ന മഹത്വമുള്ള ഉയർപ്പിലും സംബന്ധിക്കുവാൻ ഞങ്ങളെ ഒരുക്കണമേ. നിന്റെ സഭയെ സംരക്ഷിക്കണമേ. അതിലെ ഭരണാധികാരികളെ വഴിതെറ്റിൽനിന്നും കാത്തുസംരക്ഷിക്കണമേ. ഇഹത്തിൽ നിന്റെ രക്ഷയുടെ പെരുനാളിൽ നിനക്ക് ഞങ്ങൾ സ്തുതി അർപ്പിക്കും. പരലോകത്തിൽ സ്വർഗ്ഗീയ സംഘങ്ങളോടും വിശുദ്ധന്മാരുടെ ഗണങ്ങളോടുംചേർന്ന് നിനക്കും, ഞങ്ങളുടെ രക്ഷയ്ക്ക് തിരുമനസ്സോടെ

നിന്നെ അയച്ച പിതാവിനും, ഞങ്ങളുടെ ആത്മാക്കളെ പൂർണ്ണമായി ശുദ്ധീകരിക്കുന്ന പരിശുദ്ധ റൂഹായ്ക്കും നിരന്തരം സ്തുതിഗീതങ്ങളും സ്തോത്രവും അർപ്പിക്കാൻ ഇടയാക്കണമേ.

## എത്രോ

ഞങ്ങളുടെ കർത്താവേ, നിന്റെ കൃപയുടെ സുവിശേഷപ്രകാശത്താൽ, ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമേ. നിന്റെ സ്ലീബായോടുള്ള സ്നേഹത്താൽ ഞങ്ങളുടെ ആത്മാക്കളെ സ്ഥിരപ്പെടുത്തണമേ. നിന്റെ സ്നേഹമാകുന്ന ഭാഗ്യത്താൽ ഞങ്ങളുടെ വിചാരങ്ങളെ കാത്തുകൊള്ളണമേ. നിന്റെ സ്തുതികളെ വർണ്ണിക്കുവാൻ ഞങ്ങളുടെ ഹൃദയങ്ങളെ നീ ഉയർത്തണമേ. നിന്നെ നിരപ്പാക്കുന്ന പുണ്യപ്രവർത്തികളുടെ പരിമളവാസനയെ ഞങ്ങളിൽ വീശണമേ. നിന്റെയും നിന്റെ പിതാവിന്റെയും പരിശുദ്ധറൂഹായുടെയും അനുകമ്പ കലർന്ന കരുണ ഞങ്ങളിൽ ചൊരിയണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും...



ണമേ. അങ്ങനെ വെടിപ്പോടും വിശുദ്ധിയോടും പ്രിയങ്കരമായ ദിവ്യമേശയ്ക്ക് പങ്കുചേരാൻ ഞങ്ങളെ യോഗ്യരാക്കണമേ. നിന്റെ ജീവൻ നല്കുന്ന കൂദാശകൾ ഞങ്ങൾക്ക് ശിക്ഷാവിധിയ്ക്കും, കുറ്റത്തിനും, ന്യായത്തീർപ്പിനുമായി ഭവിക്കരുതേ. മറിച്ച്, കടങ്ങളുടെ പരിഹാരത്തിനും, പാപങ്ങളുടെ മോചനത്തിനും ആത്മശരീരങ്ങളുടെ നൈർമല്യത്തിനുമായി ഭവിക്കുമാറാകണമേ. ഞങ്ങൾ, വിചാരങ്ങളാൽ ഉൽകൃഷ്ടജ്ഞാനത്തിലേക്ക് ഉയർന്നു പ്രവേശിക്കുന്നതിനും, ദൈവികമായ കിരണങ്ങളും കാന്തികളുംകൊണ്ട് തിളങ്ങുന്നതിനും നിന്റെ കൂദാശകൾ കാരണമായിത്തീരണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ...

## എത്രോ

ഞങ്ങളുടെ മിശിഹാതമ്പുരാനേ, ഈ സുഗന്ധധൂപം വഴി ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. പഴയതിന്റെ അവസാനവും പുതിയതിന്റെ ആരംഭവുമായ ഈ പെരുനാൾ വെടിപ്പോടെ ആഘോഷിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. നിന്റെ വിശുദ്ധ ശരീരവും, കുറ്റമില്ലാത്ത രക്തവും ഞങ്ങളുടെ ആത്മാക്കളിൽ കലർത്തി, സകല ലംഘനങ്ങൾക്കും മോചനം നൽകണമേ. വിശ്വാസികളായ പരേതരുടെ ആത്മാക്കൾക്ക് മോചനം നല്കുകയും ചെയ്യുമാറാകണമേ. ഞങ്ങളും അവരും നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ...

ശരീരം വിശുദ്ധ തൃക്കൈകൾകൊണ്ട് വിഭജിച്ച്, ശിഷ്യന്മാർക്ക് ഭക്ഷിക്കാനായി കൊടുത്തു; രക്തം കലർത്തി അവരെ കുടിപ്പിക്കുകയും ചെയ്തു. അങ്ങനെ സഭയാകുന്ന മണവാട്ടിക്ക്, പുതിയ ഉടമ്പടി നീ സ്ഥിരപ്പെടുത്തി നല്കി. ഈ സന്ധ്യയ്ക്ക്, അപ്പം മുക്കിക്കൊടുത്ത് വഞ്ചകനായ യൂദാ യെ, പരമാർത്ഥികളായ മറ്റുള്ളവർക്ക് വെളിപ്പെടുത്തിക്കൊടുത്തു. ഇന്ന് സന്ധ്യയ്ക്ക്, മൂകജന്തുക്കളെ ബലിക്കത്തിയിൽനിന്ന് രക്ഷിക്കുകയും, പഴയ ബലിയെ മായിക്കുകയും ചെയ്തു. ഈ സന്ധ്യയിൽ, നിഴലുകളെയും ദൃഷ്ടാന്തങ്ങളെയും മായിച്ച്, പരസ്യമായ സത്യത്തെ മറകൂടാതെ വെളിപ്പെടുത്തി, ഞങ്ങളുടെ മുമ്പാകെ വയ്ക്കുകയും ചെയ്തു. ഈ സന്ധ്യയ്ക്ക്, ലേവി തന്റെ ശുശ്രൂഷയിൽ നിന്നകലുകയും, അഹറോൻ തന്റെ സമാധാനബലികളിൽനിന്ന് വിശ്രമിക്കുകയും ചെയ്തു. ഈ സന്ധ്യയിൽ, ശെമഓൻ തുടങ്ങിയ ശ്രേഷ്ഠ ശിഷ്യസമൂഹത്തിന് പുരോഹിതസ്ഥാനം ഭരമേല്പിച്ചുകൊടുത്തു. നിന്റെ ജീവനുള്ള ശരീരം ജനങ്ങൾക്കു വിഭജിച്ചുകൊടുക്കാനും, കുറ്റമില്ലാത്ത രക്തം പകർന്നുകൊടുക്കാനും, അവർ ദൈവികഭണ്ഡാര വിചാരിപ്പുകാരായി നിയമിക്കപ്പെട്ടു. ഇതാ, ഇന്ന്, കർത്തൃകല്പനപ്രകാരം ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും, കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനുമായി അതു നൽകപ്പെടുന്നു.

മിശിഹാകർത്താവേ, പുതിയതും പരിശുദ്ധവുമായ "ഏവൻഗേലിയോൻ" എന്ന സത്യസുവിശേഷം പ്രചരിപ്പിക്കുന്നതിന് സൗകര്യമുണ്ടാക്കാൻ, നിഴലായ ന്യായപ്രമാണം നീ അവസാനിപ്പിച്ചു. വിസ്മയം നിറഞ്ഞ ഈ സന്ധ്യയിൽ ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു: ഞങ്ങളുടെ ഉള്ളിലുള്ള കോപം, വഴക്ക്, വഞ്ചന, കലഹം എന്നിവയിൽ നിന്നെല്ലാം ഞങ്ങളുടെ വിചാരങ്ങളെയും ഹൃദയങ്ങളെയും വിമുക്തമാക്കി, വെടിപ്പും വിശുദ്ധിയും നല്കണമേ. പാപങ്ങളെക്കുറിച്ചും കടങ്ങളെക്കുറിച്ചുമുള്ള വിശിഷ്ടമായ പശ്ചാത്താപത്തിന്റെ കഴുകലാൽ, ഞങ്ങളുടെ മനസ്സാക്ഷികളെ നിർമ്മലമാക്കണമേ. ഞങ്ങളുടെ ആത്മാക്കൾ അന്യോന്യമുള്ള സ്നേഹവാത്സല്യത്താൽ ദൈവികപ്രകാരം ബന്ധിക്കുമാറാകണമേ. ഞങ്ങളുടെ ബോധങ്ങൾ നിന്റെ ദിവ്യോപദേശങ്ങളുടെ കതിരുകളാലും പ്രഭയാലും പ്രകാശിക്കുമാറാക



# ചൊവ്വ - ആറാം മണി

## പ്രുമിയോൻ

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച്...

പ്രത്യുത്തരം : കാരുണ്യവാനായ കർത്താവേ,...

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും...

ഉൽകൃഷ്ടപുരോഹിതനായ കർത്താവേ, നീ ഞങ്ങളുടെ പാപമോചനത്തിന്, നിന്റെ ദേഹത്തെ പരിശുദ്ധ ബലിവസ്തുവായി അർപ്പിച്ചു. വിസ്മയനീയമായ നിന്റെ താഴ്മയാലും പീഡാനുഭവത്താലും ഞങ്ങളെ രക്ഷിച്ചു. ആജ്ഞ ലംഘിച്ചതിനുള്ള ശിക്ഷയാകുന്ന ആദ്യമരണത്തെ കുരിശുമരണംമൂലം നീ നീക്കിക്കളഞ്ഞു. നിനക്ക് കിട്ടിയ കൈയ്പുരസത്തിനുപകരം മധുരരസം ഞങ്ങൾക്ക് സമ്മാനമായി നല്കി. നിനക്ക് ഈ സമയത്തും സകല പെരുന്നാളുകളിലും...

## സെദറാ

സർവ്വത്തിന്റെയും സ്രഷ്ടാവും കർത്താവുമായ ദൈവമേ, നിന്റെ പീഡാനുഭവത്താൽ ഞങ്ങളുടെ കഷ്ടതകൾ നീ മായിച്ചുകളഞ്ഞു. നിന്റെ മരണത്താൽ ഞങ്ങളുടെ പാപങ്ങളെ നീ കൊന്നു. നിന്റെ മഹത്തായ സ്നേഹത്താലും സന്മനസ്സാലും പീഡാനുഭവത്തിനും മരണത്തിനും നീ എഴുന്നള്ളിവന്നു. യഹൂദജനത്തിൽനിന്ന് അപമാനവും അധിക്ഷേപവും സഹിച്ചു. സകലരുടെയും വിധികർത്താവായ നിന്നെ, ഒരു കുറ്റക്കാരനെപ്പോലെ ഗവർണ്ണറായ പീലാത്തോസിന്റെ മുൻപാകെ നിർത്തി വിസ്തരിച്ചു. ഒരു കൊലപാതകിയെപ്പോലെ നിന്നെ കൊലയ്ക്ക് വിധിച്ച് ഏല്പിച്ചുകൊടുത്തു.

ഉന്നതങ്ങളിൽ ക്രോബേന്മാരാൽ വാഴ്ത്തപ്പെടുന്നവനായ നീ, സ്ലീബാമേൽ മനസ്സോടെ കിടന്നു. മാലാഖമാർ തിരുമുമ്പിൽ അഗ്നിജ്വാലയാൽ അവരുടെ മുഖം മറച്ചു നില്ക്കുമ്പോൾ, വിവസ്ത്രനായ നീ കുരിശിൽ തറയ്ക്കപ്പെട്ടു. മദ്ധ്യാഹ്നത്തിൽ സൂര്യൻ

ഇരുണ്ടു. നിന്റെ കൈകളുടെ നീട്ടലാൽ സകലത്തെയും ശുദ്ധീകരിച്ചു. നിന്നെയും നിന്റെ പിതാവിനെയും പരിശുദ്ധ റൂഹായേയും വന്ദിപ്പാനായി, സകലരേയും നീ ആകർഷിച്ചു. അശുദ്ധ ബലികൾമൂലം മലിനമായിരുന്ന പ്രപഞ്ചത്തെ, നിന്റെ പരിമള വാസനയാൽ സുരഭിലമാക്കി. സ്ലീബാമരത്തിന്മേൽവച്ചുള്ള നിന്റെ നിലവിളിമൂലം, ദൈവാലയത്തിലെ തിരശ്ശീല കീറി. ഭൂമി വിറയ്ക്കുകയും, പാറകൾ പിളരുകയും, കബറുകൾ തുറക്കപ്പെടുകയും ചെയ്തു. സാത്താന്റെ ശക്തി തകർത്തു. ശവക്കല്ലറകളിൽ കിടന്നവരോട് ജീവനും നാശമില്ലായ്മയും പ്രസംഗിച്ചു. ഉയിർത്തെഴുന്നേറ്റവർ നിന്റെ ഉയിർപ്പിനെപ്പറ്റി അറിഞ്ഞു.

ഞങ്ങളുടെ കർത്താവേ, ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. നിന്ദ്യങ്ങളായ സകല വികാരങ്ങളിൽനിന്നും ഞങ്ങളെ സ്വതന്ത്രരാക്കണമെന്ന്, നിന്റെ പീഡാനുഭവത്തെയും, ആദ്യന്തമില്ലാത്ത നിന്റെ അനുഗ്രഹങ്ങളേയും അനുസ്മരിച്ചുകൊണ്ട് ഞങ്ങൾ യാചിക്കുന്നു. ഞങ്ങളെ കഷ്ടതയില്ലാത്തവരും ഉപദ്രവം അനുഭവിക്കാത്തവരുമാക്കിത്തീർക്കണമേ. ദുഷ്ടന്റെ ജ്വലിക്കുന്ന അസ്ത്രങ്ങളെയും പാപക്കെണികളേയും എതിർത്തു നില്ക്കുവാനുള്ള പ്രാപ്തി തരണമേ. ശത്രുവിന്റെ എല്ലാ എതിർപ്പുകളേയും ജയിക്കാനായി നിന്റെ ദൈവശക്തിയാകുന്ന ആയുധം ഞങ്ങളെ ധരിപ്പിക്കണമേ. നിന്റെ സ്ലീബായുടെ അടയാളത്താൽ ഞങ്ങളെ കാത്തു രക്ഷിച്ച്, അതിന്റെ ചിറകുകളുടെ കീഴിൽ ഞങ്ങളെ മറച്ചുകൊള്ളണമേ. നിന്നെ ഉപേക്ഷിക്കുകയും, നിന്റെ ഭരണത്തെ അധിക്ഷേപിക്കുകയും ചെയ്തിട്ടുള്ളവരോടുകൂടെ, നിന്റെ അവസാന എഴുന്നെള്ളത്തു ദിവസം, ഞങ്ങൾ ലജ്ജിക്കാൻ ഇടയാക്കരുതേ. നിന്റെ കുറ്റമില്ലാത്ത പീഡാനുഭവത്തെ പരിഹസിച്ചവരോടുകൂടെ, ഞങ്ങൾ വേദനിക്കാൻ ഇടവരരുതേ. അഹങ്കാരത്താൽ നിന്നെ കുരിശിൽ തറച്ചവരോടൊപ്പം, ഞങ്ങൾ ശിക്ഷിക്കപ്പെടാതിരിക്കട്ടെ. നിന്റെ തിരുമുഖത്ത് തുപ്പുകയും, നിന്നെ അടിക്കുകയും ചെയ്തവരോടുകൂടെ കൂരിരുട്ടിൽ ഞങ്ങൾ തപ്പിനടക്കാൻ ഇടയാക്കരുതേ. "നീ ദൈവപുത്രനാണെങ്കിൽ കുരിശിൽനിന്നിറങ്ങി വരിക. ഞങ്ങൾ വിശ്വസിക്കാം" എന്ന് ദുഷിച്ചു പറഞ്ഞ അവിശ്വാസികളുടെകൂടെ, ഞങ്ങളുടെ ആത്മാക്കൾ ക്ലേശിക്കാൻ ഇടയാക്കരുതേ. തല



സന്ധ്യാപ്രാർത്ഥനയുടെ ഈ സമയത്തും സകല പെരുന്നാളുകളിലും...

## സെദറാ

നീതിയുടെ മഹാസൂര്യനായ മിശിഹാതമ്പുരാനേ, ഈ ലോകത്തിലേക്കു വരുന്ന എല്ലാ മനുഷ്യരേയും പ്രകാശിപ്പിക്കുന്ന പിതാവിൽനിന്നുള്ള സത്യപ്രകാശം നീയാകുന്നു. നിന്റെ ദിവ്യജ്ഞാനപ്രകാശത്തിൽ സകലത്തേയും നീ നിറയ്ക്കുന്നു. വഴിതെറ്റിൽ അകപ്പെട്ടും അന്ധകാരത്തിൽ തപ്പിത്തടഞ്ഞും കഴിഞ്ഞ സൃഷ്ടിയെ പ്രകാശിപ്പിക്കാൻ കാലാവസാനത്തിൽ ജഡപ്രകാരം നീ ഇറങ്ങി വന്നു. ന്യായപ്രമാണപ്രകാരമുള്ള പെസഹായുടെ ഈ സന്ധ്യയിൽ ന്യായപ്രമാണസംബന്ധമായവ നീ നിവർത്തിച്ചു. ജീവന്റെ സുവിശേഷപ്രകാശം നീ ഉദിപ്പിച്ചു. മോശ മിസ്രേമിൽവച്ച്, സന്ധ്യയ്ക്ക് രൂപപ്പെടുത്തിയിരുന്നതിനെ, പ്രകാശം നിറഞ്ഞ നിന്റെ സന്ധ്യയിൽ, നീ ശരിയായി വിവരിച്ചു കാണിക്കുകയും ചെയ്തു.

നിന്റെ ദൈവത്വത്തിന്റെ ആനന്ദകരമായ തേജസ്സാൽ നീ എല്ലാറ്റിനേയും ആനന്ദിപ്പിക്കുന്ന പെസഹായാകുന്നു. നിന്റെ ശിഷ്യന്മാരോടൊന്നിച്ച് ന്യായപ്രമാണത്തിലെ പെസഹാ നീ കൗതുകത്തോടെ ഭക്ഷിച്ചു. ഇന്നു സന്ധ്യയ്ക്ക്, സർവ്വലോകത്തിന്റെയും പാപം വഹിക്കുന്ന ദൈവിക കുഞ്ഞാടായ നീ, രഹസ്യങ്ങളുടെ കുഞ്ഞാടിനെ അവസാനിപ്പിച്ചു. നിന്റെ ഭവനക്കാരായ ശിഷ്യന്മാരോട് ചേർന്ന് കയ്പ്പോടെ ഇതു ഭക്ഷിക്കുകയും, മരണത്തിന്റെ കയ്പുള്ള കാസാ കൈക്കൊള്ളാൻ നിശ്ചയിക്കുകയും ചെയ്തു. രണ്ടു നിയമങ്ങളുടെയും അതിർത്തിയാകുന്ന ഈ സന്ധ്യയ്ക്ക്, പഴയകാര്യങ്ങൾ നീക്കിക്കളയുകയും, പുതിയവ ആരംഭിക്കുകയും ചെയ്തു. ഈ സന്ധ്യയ്ക്ക് മനുഷ്യസ്നേഹത്താൽ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകുകയും, അരയിൽ ചുറ്റിയിരുന്ന തൂവാലകൊണ്ട് തുടയ്ക്കുകയും ചെയ്തു. അങ്ങനെ വലിയ താഴ്ചയിൽക്കൂടെയുള്ള അത്യുന്നതിയുടെ ഉദാത്ത മാതൃക കാണിച്ചുകൊടുത്തു. സമാധാനപരമായ സൗമ്യത അവരെ പഠിപ്പിച്ചു. ഈ സന്ധ്യയ്ക്ക്, ജീവിപ്പിക്കുന്നതായ നിന്റെ

# വെള്ളി - സന്ധ്യ

## പ്രാരംഭപ്രാർത്ഥന

പട്ടക്കാരൻ : ശുബഹോ ലാബോ...

പ്രത്യുത്തരം : ബലഹീനരും പാപികളും....

ദൈവമായ കർത്താവേ, ഞങ്ങളുടെ ശരീരങ്ങളെ വിശുദ്ധി കൊണ്ടും, ആത്മാക്കളെ വിശ്വാസംകൊണ്ടും, ബോധങ്ങളെ ആദ്ധ്യാത്മികജ്ഞാനംകൊണ്ടും ആയുധം ധരിപ്പിക്കണമേ. പരിപാകതയുള്ള വിശുദ്ധവിചാരങ്ങളോടും, വിനീത നടപടികളുടെ സ്ഫുടതയോടും, സത്യവിചാരങ്ങളുടെ നിർമ്മലതയോടും, നിന്റെ സ്വർഗ്ഗീയമേശയെ സമീപിക്കാൻ ഞങ്ങളെ അർഹരാക്കണമേ. ഞങ്ങളുടെ രക്ഷയുടെ ഈ ദിവസത്തിലും, ആയുഷ്ക്കാലം മുഴുവനിലും, മരണമില്ലായ്മ പ്രദാനം ചെയ്യുന്ന, നിന്റെ തിരുശരീരരക്തങ്ങളിൽ സംബന്ധിക്കുവാൻ ഞങ്ങൾ യോഗ്യരായിത്തീരണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ...

## പ്രുമിയോൻ

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച്...

പ്രത്യുത്തരം : കാരുണ്യവാനായ കർത്താവേ,...

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും...

ഞങ്ങളുടെ രക്ഷകനായ മിശിഹാതമ്പുരാനേ, തിരുവിഷ്ട പ്രകാരം ബലിയും പുരോഹിതനുമായ നീ ഇന്നു സന്ധ്യയ്ക്ക് മോശയുടെ ദൃഷ്ടാന്തത്തെ നിറവേറ്റുകയും എല്ലാവർക്കുംവേണ്ടി പിതാവിന് സ്വയം സ്വീകാര്യബലിയായി അർപ്പിച്ച്, ഉപമകൾ നിറവേറ്റുകയും രഹസ്യങ്ങൾക്ക് മുദ്രവയ്ക്കുകയും ചെയ്തു. ജീവിച്ചിരിക്കെ സ്വന്തം കൈകൾകൊണ്ട് പെസഹാ ഭക്ഷണസമയത്ത് സ്വന്തം ശരീരവും രക്തവും ശ്ലീഹന്മാർക്ക് നീ നൽകി. പരിശോധിച്ചറിയാൻ ആർക്കും കഴിയാത്ത അത്ഭുതമായ നിനക്ക്



കുലുക്കികൊണ്ട് “അവനെ ഞങ്ങളുടെ കണ്ണുകൾ കണ്ടു” എന്നു പരിഹസിച്ചു പറഞ്ഞവരോടുകൂടെ കരച്ചിലിനും പല്ലുകടിക്കും, ഞങ്ങളെ ഏല്പിച്ചു കൊടുക്കരുതേ.

കരുണാസമ്പന്നനായ കർത്താവേ, ഭയങ്കരമായ വിധിയുടെ നാഴികയിൽ ദയതോന്നി ഞങ്ങളെ അനുഗ്രഹിക്കണമേ. ഇപ്പോൾ നിന്റെ തിരുമുമ്പിൽ ഞങ്ങൾ സാഷ്ടാംഗം നമസ്ക്കരിക്കുന്നു. നിന്റെ ജീവദായകമായ പീഡാനുഭവത്തെ ബഹുമാനിക്കുന്നു. നിന്റെ സ്ലീബായെ പ്രശംസിക്കുന്നു. നിന്റെ മുറിവുകളെ ആലിംഗനം ചെയ്യുന്നു. നിന്റെ ദാസരായ ഞങ്ങളെല്ലാവരേയും രക്ഷിക്കണമേ. ഞങ്ങളുടെ സകല അധർമ്മങ്ങളും മായിച്ചു കളയണമേ. നിന്റെ സ്ലീബായുടെ ജയമുള്ള തണലിൽ, നീ ഞങ്ങളെ മറച്ചുകൊള്ളണമേ. സ്വർഗ്ഗീയ മണവാളനായ നിന്നോടുകൂടെ, നിന്റെ രാജ്യത്തിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും...

# ചൊവ്വ - ഒൻപതാം മണി

## പ്രുമിയോൻ

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച്...

പ്രത്യുത്തരം : കാരുണ്യവാനായ കർത്താവേ,...

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും...

തന്റെ ഉണ്മയിൽ പീഡയില്ലാത്തവനായ കർത്താവേ, നിനക്കു സ്തുതി. മർത്ത്യരായ ഞങ്ങളെ കഷ്ടതയില്ലാത്തവരും മരണമില്ലാത്തവരും ആക്കിത്തീർക്കാൻ നീ മനുഷ്യനായി അവതരിച്ച്, തിരുമനസ്സോടെ പീഡയനുഭവിച്ചു. നിന്റെ പീഡാനുഭവത്താൽ, പാപത്തിന്റെ കുറ്റപത്രം കീറിക്കളഞ്ഞു. നിന്റെ പരിശുദ്ധ പീഡാനുഭവത്താൽ, മേലുള്ളവരേയും താഴെയുള്ളവരേയും നിരപ്പാക്കി. നിനക്ക് ഈ സമയത്തും എല്ലാ കാലങ്ങളിലും...

## സെദറാ

വചനമായ ദൈവമേ, ഞങ്ങളുടെമേലുള്ള നിന്റെ കൃപയെക്കുറിച്ച് ന്യായമായി സ്തോത്രം ചെയ്യാൻ ആർക്കു കഴിയും? ഞങ്ങളെ ദൈവമക്കളാക്കിത്തീർക്കാൻ നീ സത്യമനുഷ്യനായിത്തീർന്നു. മത്സരക്കാരനായ സാത്താൻ ഞങ്ങളുടെ വർഗ്ഗത്തെ കഠിനമായി ഉപദ്രവിച്ചതുകണ്ട്, പീഡാനുഭവത്തിനും മരണത്തിനും നീ എഴുന്നള്ളിവന്ന് ഞങ്ങളെ രക്ഷിച്ചു. നിന്റെ ഈ ഇറങ്ങിവരവ്, പുണ്യവാന്മാരും ദീർഘദർശിമാരും മുൻകൂട്ടി അവരുടെ ദർശനങ്ങൾ വഴി ഞങ്ങളെ അറിയിച്ചു. ഹാബേൽ രക്തം ചിന്തി മരിച്ചത് ലോകരക്ഷയ്ക്കുവേണ്ടി, നീ ചൊരിയാനിരുന്ന രക്തത്തെ മുൻകൂട്ടി കാണിച്ചു. അബ്രഹാം തന്റെ പുത്രനെ ബലിപീഠത്തിനു മുകളിൽ ബന്ധിച്ചുവച്ചതും, ദൈവത്തിന്റെ ജീവനുള്ള കുഞ്ഞാടാകുന്ന നിന്റെ ബലിയെ ദൃഷ്ടാന്തപ്പെടുത്തി. യൗസേഫ് മിസ്രമിലേക്ക് കടന്നത്, നിന്റെ രക്ഷാമാർഗ്ഗം വരച്ചുകാണിച്ചു. പഴയനിയമത്തിലെ കുഞ്ഞാടിന്റെ രക്തം, രക്ഷകനായ നിന്റെ രക്തം മുൻകൂട്ടി കാണിച്ചു. അപ്പവും വീഞ്ഞും കാഴ്ചവച്ചുള്ള മൽക്കിസദേക്കിന്റെ ബലി, നീ സ്ഥാപിക്കുന്ന ബലിയെ സൂചിപ്പിച്ചു.



കളുമെല്ലാം നീ മായിച്ചുകളഞ്ഞു. നിന്റെ പീഡാനുഭവത്താൽ മനുഷ്യവർഗ്ഗത്തിന്റെ കഷ്ടതകൾ ഇല്ലാതാക്കി. പറുദീസായിൽവച്ച്, ആദിപിതാവായ ആദാമിനെ ആത്മാവിൽ കൊന്ന സാത്താനെ, നിന്റെ കുരിശാൽ നീ വധിച്ചു. നിന്റെ പുനരുത്ഥാനത്താൽ പാപക്കുഴിയിൽനിന്നു ഞങ്ങളെ കരേറ്റി. നിസ്സാരന്മാരായ ഞങ്ങളുടെ ഈ സുഗന്ധധൂപം സ്വീകരിച്ച് ഞങ്ങളിൽനിന്നു ശത്രുതയും കലഹവും തർക്കവും മായിച്ചുക്കളയണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ...

ക്കളഞ്ഞ് സൂചനകൾ നിറവേറ്റി. നിന്റെ പരിശുദ്ധ ശിഷ്യന്മാരോടൊന്നിച്ച്, പെസഹാ ഭക്ഷിക്കുമ്പോൾ, തന്നെത്താൻ താഴ്ത്തി അവരുടെ പാദങ്ങൾ കഴുകി. ആട്ടിൻകുട്ടിയെ ഭക്ഷിച്ചതിനാലും, പാദങ്ങൾ കഴുകിയതിനാലും, പഴയ കാര്യങ്ങൾ മാഞ്ഞുപോയി. അതിനുപകരം, യാഥാർത്ഥ്യം പ്രവേശിച്ചെന്നു കാണിച്ചു. താഴ്മയുടെ ആദർശം ശിഷ്യരെ പഠിപ്പിച്ചു. നിന്റെ വിശുദ്ധ കൈകളിൽ അപ്പമെടുത്ത്, വിഭജിച്ച് ശിഷ്യന്മാർക്ക് കൊടുത്തു. ലോകരക്ഷയ്ക്കുവേണ്ടി ഗോഗുൽത്തായിൽ നടത്താൻ പോകുന്ന ബലി സൂചിപ്പിച്ചു. പാനപാത്രത്തിൽ വെള്ളവും വീഞ്ഞും കലർത്തി. നിന്റെ വിലാവിൽ നിന്നൊഴുകുന്ന പാപമോചനം നല്കി, ജീവനുണ്ടാക്കുന്ന രക്തവും വെള്ളവും വെളിപ്പെടുത്തി. "എന്റെ മരണത്തിന്റെ ഓർമ്മക്കായി ഇതു നിങ്ങൾ ചെയ്യുവിൻ" എന്ന് ശിഷ്യന്മാരോട് നീ കല്പിച്ചു.

ജീവനുള്ള ശരീരം ഞങ്ങൾക്കു ഭക്ഷണമായിത്തന്ന കർത്താവേ, നിനക്കു സ്തുതി. സ്വമനസ്സാ മരിക്കാൻ വന്ന നിനക്കു സ്തുതി. ഞങ്ങൾക്കുവേണ്ടി കുരിശിൽ മരിച്ച നിനക്കു സ്തുതി. ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. വെടിപ്പോടും വിശുദ്ധിയോടുംകൂടെ നിന്റെ രഹസ്യങ്ങളിൽ സംബന്ധിക്കുന്നതിന് ഞങ്ങളെ യോഗ്യരാക്കണമേ. ഞങ്ങളുടെ ഹൃദയം അധർമ്മങ്ങളിൽനിന്ന് കഴുകപ്പെടുകയും, ഞങ്ങളുടെ "ആന്തരിക മനുഷ്യൻ" പാപമാലിന്യങ്ങളിൽനിന്ന് വെടിപ്പാക്കപ്പെടുകയും ചെയ്യുമാറാകണമേ. ഞങ്ങളുടെ വിചാരങ്ങളെ സകല മലിനതയിൽനിന്നും കറയിൽനിന്നും കഴുകി നിർമ്മലരാക്കണമേ. ഞങ്ങൾ രഹസ്യത്തിന്റെ മക്കളും ധർമ്മോപദേശങ്ങൾ പാലിക്കുന്നവരും നിന്നോടൊത്തു പെസഹാ ഭക്ഷിക്കുന്നവരും ആകണമേ. കപടചുംബനംകൊണ്ട് ഗുരുവിനെ ഒറ്റിക്കൊടുക്കാൻ വന്ന അഹങ്കാരിയായ യൂദാ‌യെപ്പോലെ, കാപട്യമുള്ളവർ ആകാതിരിക്കാൻ അനുഗ്രഹിക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ...

## എത്രോ

ഞങ്ങളുടെ കർത്താവും ദൈവവുമായ മിശിഹാതമ്പുരാനേ, നിന്റെ ബലിയാൽ, വിഗ്രഹാരാധനയുടെ നൈവേദ്യങ്ങളും ബലി



മിശിഹാ എഴുന്നെള്ളിവന്ന് ഊർശ്ലേമിൽവച്ച് കൊല്ലപ്പെടുമെന്നും, തന്മൂലം ആ സ്ഥലം നശിക്കുമെന്നും ദീർഘദർശനം ചെയ്തു. കുന്തം ഉയർത്തി ഒരാൾ നേടിയ വിജയം, നിന്റെ വന്ദ്യമായ സ്ലീബായുടെ വിജയം സൂചിപ്പിച്ചു. "ഞാൻ പീഡയനുഭവിക്കാൻ ഒരുങ്ങിയിരിക്കുന്നു"എന്ന പ്രവചനംവഴി നിന്റെ പീഡാനുഭവത്തെക്കുറിച്ച് പറഞ്ഞു. "നമ്മുടെ ക്ലേശങ്ങൾ അവൻ സഹിച്ചു. അവൻ കയ്യേറ്റു" എന്നു പ്രവചനം ഉണ്ടായി. "നിന്റെ വസ്ത്രം ചുവന്നിരിക്കുന്നതും നിന്റെ തിരുമേനി രക്തം പുരണ്ടിരിക്കുന്നതും എന്തുകൊണ്ട്?" എന്നൊരാൾ മുൻകൂട്ടി ചോദിച്ചു. കള്ളന്മാരുടെ നടുക്കുവച്ചുള്ള ജീവദായകമായ നിന്റെ മരണത്തെക്കുറിച്ച് പ്രവചനമുണ്ടായി. "നിന്റെ ദേഹം മരണത്തിനു വിട്ടുകൊടുക്കുകയും കുറ്റക്കാരോടുകൂടി എണ്ണപ്പെടുകയും ചെയ്യും" എന്ന് ഒരാൾ ദർശനത്തിൽ കണ്ടു. അധർമ്മികളിൽനിന്ന് തുപ്പലേറ്റതും ചമ്മട്ടിയടിയേറ്റതും, ഒരാൾ ഇപ്രകാരം വർണ്ണിച്ചു. "എന്റെ മുഖം തുപ്പലിനായും എന്റെ ദേഹം അടികൾക്കായും കൊടുത്തു. തുപ്പലിൽനിന്നും ലജ്ജയിൽനിന്നും എന്റെ മുഖം ഞാൻ പിന്തിരിച്ചില്ല." "നിന്റെ നിയമത്തിന്റെ രക്തം മൂലം ബന്ധനത്തിൽപ്പെട്ടവരെ നീ അഴിച്ചുവിട്ടു" എന്നൊരാൾ അറിയിച്ചു. ദീർഘദർശിമാരിൽ മഹത്വമുള്ളവനായ ഏശായ, പുറജാതികളിൽനിന്നും നീ തിരഞ്ഞെടുത്ത ജനങ്ങളുടെ അടുക്കലേക്ക് നീ പ്രവഹിപ്പിച്ചതായ കൃപയെക്കുറിച്ച് ഉദാഹരണസഹിതം മുൻകൂട്ടി അറിയിച്ചു. നിന്നെ വിട്ട് ഓടിപ്പോയ യൗനാനും ഇതുതന്നെയാണ് അറിയിപ്പിച്ചത്. ഏശായ, നിന്റെ താഴ്മയും മൗനവും മുൻകൂട്ടി കണ്ടുപറഞ്ഞു: "ആട്ടിൻകുട്ടിയെപ്പോലെ അവനെ വെട്ടാൻ കൊണ്ടുപോയി; രോമം വെട്ടുന്നവന്റെ മുമ്പിൽ പെണ്ണാടുപോലെ അനങ്ങാതെ നിന്നു". "എന്റെ കൈകളും കാലുകളും അവർ തുളച്ചു" എന്ന് ദാവീദ് രേഖപ്പെടുത്തി. ഇടയനെ അടിക്കും, ആടുകൾ ചിതറിപ്പോകും" എന്ന് സഖറിയ പ്രസ്താവിച്ചു.

കർത്താവേ, അങ്ങനെ നീ പ്രവചനങ്ങൾ നിറവേറ്റി. ഏശയ്യാ മുൻകൂട്ടി ഉദാഹരണമായിപ്പറഞ്ഞ തോട്ടത്തിലേക്ക് ഫലം അന്വേഷിപ്പാനായി നീ എഴുന്നെള്ളിവന്നു. എന്നാൽ ദീർഘദർശിമാരെ കൊല്ലുകയും അപമാനിക്കുകയും ചെയ്ത വേലക്കാർ എഴുന്നേറ്റ്,

ദീർഘദർശിമാരുടെ നാഥനും എല്ലാവർക്കും ദൈവവുമായ നിന്നെ, കുരിശുമരണത്തിനേല്പിച്ചുകൊടുത്തു. തന്മൂലം പ്രവചനത്തിൽ പറഞ്ഞപ്രകാരം നീ തോട്ടം നശിപ്പിക്കുകയും ഗോപുരം തകർക്കുകയും, വേലിപൊളിച്ചു കളയുകയും ചെയ്തു. സിയോനു പകരം നല്ല ഫലങ്ങൾ കായ്ക്കുന്ന തോട്ടമാകുന്ന വിശുദ്ധ സഭ സ്ഥാപിച്ചു. വിശുദ്ധ സഭയുടെ മക്കളാകുന്ന ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു, ദുഷ്ടനിൽനിന്നും അവന്റെ സകല കെണികളിൽനിന്നും ഞങ്ങളെ കാത്തുകൊള്ളണമേ. സഭയുടെ സന്താനങ്ങളാകുന്ന ഞങ്ങളെ നിന്റെ പീഡാനുഭവത്തിൽ പങ്കുചേരുവാനും മണവറയിൽ സന്തോഷിക്കുവാനും കുരിശിൽ വിജയം ഘോഷിക്കുവാനും അനുഗ്രഹിക്കണമേ. യഹൂദജനത്തിൽനിന്നും കിട്ടിയ പരിഹാസത്തിനുപകരം, ഉചിതമായ സ്തുതികൾ സമർപ്പിക്കാൻ സംഗതിയാക്കണമേ. നിന്റെ ആത്മീയ തോട്ടത്തിൽ വേല ചെയ്യാൻ ഞങ്ങൾക്ക് കൃപ നൽകണമേ. നിന്റെ വിശുദ്ധ തിരുനാമം ഞങ്ങളിൽ ശ്രേഷ്ഠതപ്പെടാൻ സ്ഥിരമായ നിരയും, സമൃദ്ധമായ സമാധാനവും ഞങ്ങളുടെ ഇടയിൽ വർദ്ധിപ്പിക്കണമേ. നിന്റെ ഉയിർപ്പിന്റെ ആനന്ദകരമായ പെരുനാൾ വെടിപ്പോടെ ആചരിപ്പാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും...

### എത്രോ

പീഡാരഹിതനായ കർത്താവേ, നീ ശരീരപ്രകാരം പീഡസഹിച്ച് ആ പീഡകളുടെ പരിമളത്താൽ പാപത്തിന്റെ ദുർഗന്ധം മായിച്ചു കളഞ്ഞു. രക്ഷാകരമായ പീഡാനുഭവം അനുസ്മരിക്കുന്ന ഈ സമയത്ത്, ഞങ്ങൾ അർപ്പിക്കുന്ന ഈ സുഗന്ധധൂപം സ്വീകരിച്ച്, ഞങ്ങളുടെ അവയവങ്ങളിൽനിന്ന് നാശകരമായ എല്ലാ വികാരങ്ങളും ഉന്മൂലനം ചെയ്യണമേ. നിന്നെ പ്രസാദിപ്പിക്കുന്ന ശ്രേഷ്ഠമായ ജീവിതചര്യയുടെ പരിമളം നീ ഞങ്ങളുടെ ആത്മാക്കൾക്ക് നല്കണമേ. ഞങ്ങളുടെ ദൈവമായ കർത്താവേ, നീ പുണ്യത്തിന്റെയും രക്ഷയുടെയും ധൂപകലശവും, ആരാധകരുടെ ആത്മാക്കളിൽ വീശുന്ന പരിമളവും ആകുന്നുവല്ലോ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും. പരിശുദ്ധാത്മാവിനും...



# വ്യാഴം - ഒൻപതാം മണി

### പ്രുമിയോൻ

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച്...

പ്രത്യുത്തരം : കാരുണ്യവാനായ കർത്താവേ,...

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും...

ദൈവമായ കർത്താവേ, നിനക്കു സ്തുതി. നിനക്കു കീർത്തനം. നിന്റെ രക്തത്തിൽ എഴുതിയ ഉടമ്പടി മണവാട്ടിയായ സഭയ്ക്കു നൽകുകയും, വലിയ രഹസ്യങ്ങൾ അവൾക്കു ഏല്പിച്ചുകൊടുക്കുകയും ചെയ്തു. ജീവൻ നല്കുന്ന നിന്റെ ശരീരവും, ചൈതന്യപ്രദമായ രക്തവും നിന്റെ ആട്ടിൻകൂട്ടത്തിന് ഭക്ഷണപാനീയങ്ങളായി നല്കി. മനസ്സോടെയുള്ള താഴ്മയുടെ ആദർശം നിന്റെ പ്രിയ ശിഷ്യരായ പന്ത്രണ്ടുപേർക്കും കാണിച്ചുകൊടുത്തു. ആട്ടിൻകുട്ടിയുടെ സാദൃശ്യംവഴി മോശ മുൻകൂട്ടി പഴയകാര്യങ്ങൾ വെളിപ്പെടുത്തി; നിന്റെ ശരീരഛേദനംവഴി അവയെല്ലാം അവസാനിപ്പിച്ച് പുതിയ കാര്യങ്ങൾ ആരംഭിച്ചു. നിന്റെ സ്വർഗ്ഗീയരഹസ്യത്തിൽ ആനന്ദിച്ചു പെസഹായിൽ ഞങ്ങൾ ഉല്ലസിക്കുന്നു. നിനക്ക് ഈ സമയത്തും സകല പെരുന്നാളുകളിലും...

### സെദറാ

ഞങ്ങളുടെ മിശിഹാതമ്പുരാനേ, നീ ആനന്ദകരമായ പെസഹായും, ദുഃഖങ്ങൾ നീക്കിക്കളയുന്നവനുമാകുന്നു. ജീവന്റേയും സത്യത്തിന്റെയും രഹസ്യവുമാകുന്നു. നീ ലോകത്തിന്റെ പാപങ്ങൾ നീക്കിക്കളയുന്ന ദൈവത്തിന്റെ ജീവനുള്ള കുഞ്ഞാടാകുന്നു. പഴയനിയമകാലത്ത് ദൈവം മോശയിൽക്കൂടെ വിധിച്ച പ്രകാരം, സന്ധ്യാസമയത്ത് കൊല്ലപ്പെട്ട കുഞ്ഞാടിന്റെ രക്തം ഇസ്രയേൽ ഭവനങ്ങളുടെ വാതിലുകളിൽ തളിക്കപ്പെട്ടതിനാൽ, മിസ്രേംകാരുടെ ആദ്യജാതന്മാരെ കൊല്ലാൻചെന്ന സംഹാരദൂതൻ, രക്തം കണ്ടപ്പോൾ, ആ ഭവനങ്ങൾ കടന്നുപോയി. അങ്ങനെ ഇസ്രായേൽക്കാരുടെ ആദ്യജാതർ രക്ഷിക്കപ്പെട്ടു. നീ സ്വന്തം രക്തംവഴി സകലരേയും രക്ഷിച്ച പുതിയനിയമത്തിലെ പെസഹാക്കുഞ്ഞാടാകുന്നു. അങ്ങനെ പഴയനിഴലുകൾ നീക്കി

രിക്കാൻ, നിന്റെ അജഗണത്തിൽ എന്നെ ചേർക്കണമേ. ഇനി അവൻ ദ്രോഹിക്കാതിരിക്കാനായി നിന്റെ തൊഴുത്തിൽ എന്നെ സൂക്ഷിക്കണമേ. കർത്താവേ, എല്ലാ അശുദ്ധിയുമുള്ള പാപിനി യാണു ഞാൻ. കർത്താവേ, വിശുദ്ധി പ്രാപിച്ചും, മാലിന്യവി മുക്തി നേടിയും, ഞാൻ തിരികെ പോകാൻ അനുഗ്രഹിക്കണ മേ. നിന്നെ ദർശിച്ചവരെല്ലാം വിശ്വാസത്തിനനുസരിച്ച് കൃപ പ്രാപിച്ചിട്ടുണ്ട്. അപ്രകാരം എനിക്കും കൃപാസമൃദ്ധി നൽകണ മേ. ഇതുമുതൽ ഞാൻ എന്നേക്കും നിനക്കുള്ളവളായിരിക്കും."

ഇപ്രകാരം തീക്ഷ്ണമായ സ്നേഹത്തോടും തീവ്രമായ അനുതാപത്തോടും പാപങ്ങൾ ഏറ്റുപറഞ്ഞ ആ ദാസിയോട് കർത്താവ് അരുളിച്ചെയ്തു. "മകളേ, നീ പൊയ്ക്കൊൾക. നീ എന്നെ അധികം സ്നേഹിച്ചിരുന്നതിനാൽ നിന്റെ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു". കർത്താവേ, ഇതുപോലെയുള്ള അനു ഗ്രഹപ്രദമായ ശബ്ദം കേൾക്കാൻ ഞങ്ങളേയും യോഗ്യരാക്ക ണമേ. സത്യമായ അനുതാപത്തോടും സ്ഥിരവിശ്വാസത്തോടും, നിർമ്മലമായ സ്നേഹത്തോടും നിന്നെ പ്രാപിക്കാൻ ഞങ്ങ ളേയും പരിശുദ്ധ സഭയുടെ സന്താനങ്ങളേയും അനുഗ്രഹിക്ക ണമേ. പാപമോചനത്താൽ ഞങ്ങൾ സന്തോഷിച്ചാഹ്ലാദിക്കുമാ റാകണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാ ത്മാവിനും ...



# ബുധൻ - സന്ധ്യ

## പ്രാരംഭ പ്രാർത്ഥന

പട്ടക്കാരൻ : ശുബഹോ ലാബോ...

പ്രത്യുത്തരം : ബലഹീനരും പാപികളും ...

ദൈവമായ കർത്താവേ, പ്രകൃതിയും പഞ്ചഭൂതങ്ങളും നിന്റെ മരണത്തിൽ ഞെട്ടിവിറച്ചതുപോലെ ഞങ്ങൾ നിന്റെ ന്യായവി ധിയെപ്പറ്റി ഭയന്നു വിറയ്ക്കുമാറാകണമേ. അന്ത്യദിവസത്തെ ക്കുറിച്ചുള്ള ഭയം ഞങ്ങളിൽ ജനിപ്പിക്കണമേ. നിന്നെ കുരിശിൽ തറച്ചവരോടുകൂടെ ഞങ്ങൾ ഗണിക്കപ്പെടുമാറാകരുതേ. നിന്റെ രക്ഷാകരമായ പീഡാനുഭവം ഞങ്ങൾ ഏറ്റുപറഞ്ഞിട്ടുള്ളതി നാൽ, ഞങ്ങളെ പിതാവിന്റെ പക്കൽ നീയും ഏറ്റുപറയണമേ. ദുഷ്ടന്മാർക്കായി കരുതിയിരിക്കുന്ന കഠിന വേദനകളിൽനിന്ന് ഞങ്ങളെ രക്ഷിക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും...

## പ്രുമിയോൻ

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച് ...

പ്രത്യുത്തരം : കാരുണ്യവാനായ കർത്താവേ,...

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും ...

നീതിമാനും സത്യവാനുമായ കർത്താവേ, ദൈവത്വത്തിന്റെ ശോഭയും തേജസ്സും മറച്ച്, നീ സൃഷ്ടികളുടെ ഇടയിൽ പ്രത്യ ക്ഷപ്പെട്ടു. നിസ്സാരനായും താഴ്മയുള്ളവനായും നീ ഭൂമിയിൽ കാണപ്പെട്ടെങ്കിലും, സ്തുതികളിൽ പ്രബലനും, പുകഴ്ചകളിൽ മഹോന്നതനുമത്രേ. ഞങ്ങളുടെ കഷ്ടതകളും നൊമ്പരങ്ങളും വഹിപ്പാൻ ഉന്നതസ്ഥാനത്തുനിന്ന് നീ താണിറങ്ങി വന്നു. ക്രൂശിൽ തറച്ചവരെ നീതിയാൽ നീ ചിതറിച്ചു. നിന്റെ കൃപ യാൽ ആരാധകരെ കൂട്ടിച്ചേർക്കുകയും ചെയ്തു. നിനക്കു സന്ധ്യാപ്രാർത്ഥനയുടെ ഈ നേരത്തും...

## സെദറാ

ദൈവമായ കർത്താവേ, നീ സർവ്വശക്തനും സർവാധിപതിയും ജീവനുള്ളവനും ആകുന്നു. പിതാവിന്റെ ജീവനുള്ള വചനമായ നീ സഹായങ്ങളുടെ ഉറവിടവും, നാശമില്ലായ്മ പ്രദാനം ചെയ്യുന്നവനും സകല അറിവിനും വിജ്ഞാനത്തിനും മേലായിരിക്കുന്നവനുമാകുന്നു. ഉന്നതമായ ദൈവത്വത്തിന്റെ അദൃശ്യാവസ്ഥയിൽ സൃഷ്ടികളുടെ അതിർത്തിയായിരിക്കുന്നവൻ നീയാകുന്നു. പാപത്താൽ ഞെങ്ങിഞെരുങ്ങി സാത്താന്റെ കെണിയിൽ കുടുങ്ങിപ്പോയ മനുഷ്യനിൽ നിന്റെ പ്രതിച്ഛായയെ കണ്ടപ്പോൾ, നിനക്ക് അനുകമ്പ തോന്നി. അതിനാൽ ദൈവത്വത്തിൽ വ്യത്യാസം കൂടാതെ, നീ പൂർണ്ണമനുഷ്യനായിത്തീർന്ന് ലോകത്തിൽ സഞ്ചരിച്ചു.

നിന്റെ വ്യാപാരങ്ങളിൽനിന്ന് അത്ഭുതകാര്യങ്ങൾ ഉദിച്ചു. താഴ്മയിൽനിന്ന് കീർത്തികൾ മുളച്ചു. അധികാരികളെ വിസ്മയിപ്പിച്ചു. അവർ നിന്നെ മനസ്സിലാക്കിയില്ല. പറഞ്ഞ കാര്യങ്ങൾ വിശ്വസിച്ചുമില്ല. ലോകത്തിന്റെ തത്വജ്ഞാനം തിങ്ങിഞെരുങ്ങേണ്ടിവന്നു. പാപത്താൽ വീണുപോയ സൃഷ്ടിയെ താങ്ങാൻ വന്ന നിന്നെ ചതഞ്ഞ ഞാങ്ങണയെന്നു വിളിച്ചു. മനുഷ്യന് ആദിമ സൗന്ദര്യം വീണ്ടെടുത്തു നല്കാൻ വന്ന നിന്നിൽ വൈരൂപ്യം ആരോപിക്കപ്പെട്ടു. ഇരുണ്ട ലോകത്തെ പ്രകാശിപ്പിക്കാൻ വന്ന നിന്നെ മങ്ങിക്കത്തുന്ന വിളക്കെന്നു വിളിച്ചു. ഞങ്ങൾക്ക് ബഹുമാനവും ഉന്നതിയും നൽകുന്നതിന്, നീ നിന്ദ്യനും അധമനുമായി പരിഗണിക്കപ്പെട്ടു. ഞങ്ങൾക്ക് പൂർണ്ണ മോചനം തരുന്നതിനുവേണ്ടി പാപത്തെ നീ കീഴടക്കി. നിന്റെ മുറിവുകളാൽ ഞങ്ങൾ സൗഖ്യം പ്രാപിച്ചു. നിന്റെ വേദന ഞങ്ങൾക്ക് സ്വസ്ഥത നേടിത്തന്നു. സത്യമായി നീ പീഡകൾ സഹിക്കുകയും ഞങ്ങൾക്കുവേണ്ടി വേദന അനുഭവിക്കുകയും ചെയ്തു. നീ യഥാർത്ഥത്തിൽ കഷ്ടതകളിൽനിന്ന് അകന്നിരിക്കുന്നവനും, നൊമ്പരങ്ങളിൽനിന്നും വേദനകളിൽനിന്നും വേർപെട്ടിരിക്കുന്നവനും പാപമില്ലാത്തവനുമാകുന്നു. തിരുവിഷ്ടത്താൽ തന്നത്താൻ താഴ്ത്തി, ആദിമനുഷ്യൻ വരുത്തിവച്ച പാപവും അതിന്റെ ഫലമായ ക്ലേശങ്ങളും നീ സ്വയം ഏറ്റെടുത്തു. തന്മൂലം പരി



“നാഥാ, കൊള്ളക്കാരുടെ കൈയിൽ അകപ്പെട്ട, നിന്റെ തൃക്കൈയുടെ സൃഷ്ടിയായ ഈ ദാസിയെ കടാക്ഷിക്കണമേ. ഇവൾ നശിച്ചുപോകാതെ അവരുടെ പിടിയിൽനിന്നും രക്ഷിക്കണമേ. കാണാതെപോയ ആടിനെത്തേടിവന്ന നല്ല ഇടയാ, കാണാതെപോയ ഈ പെണ്ണാടിനെ ദ്രോഹികളായ ചെന്നായ്ക്കളുടെ പല്ലുകളുടെ ഇടയിൽനിന്നും പുറത്തെടുക്കണമേ. റാഞ്ചുന്ന കഴുകനിൽനിന്നും ഈ പ്രാവിൻപിടയെ രക്ഷിക്കണമേ. അതിനെ നിന്റെ സ്നേഹം നിറഞ്ഞ കൂട്ടിൽ പരമാർത്ഥമുള്ള പ്രാവായും, നിന്റെ ഭവനത്തിൽ പ്രിയപ്പെട്ട പറവയായും, ബലിപീഠത്തിനടുത്ത് വിശുദ്ധിയുള്ള ചെങ്ങാലിയായും നീ ആക്കിത്തീർക്കണമേ. പാപസമുദ്രത്തിലും ദോഷത്തിലും മുങ്ങിക്കിടക്കുന്ന എന്നെ കോരിയെടുക്കണമേ. അശുദ്ധിയുടെയും ജഡത്തിന്റെയും കുഴിയിൽനിന്ന് ഈ നിർഭാഗ്യവതിയെ രക്ഷിക്കണമേ. അശുദ്ധരെ നിർമ്മലരാക്കുന്ന നിന്റെ സോപ്പായാൽ എന്നെ കഴുകി നിർമ്മലയാക്കണമേ. നിന്റെ കൃപ എന്റെമേൽ പ്രബലപ്പെടട്ടെ.

കാണാതെപോയ ആടിനെത്തേടിയാണ് നീ വന്നതെന്നും, വിളിക്കുന്നവർക്ക് ഉത്തരം നൽകുമെന്നും, അന്വേഷിക്കുന്നവർ കണ്ടെത്തുമെന്നും, കർത്താവേ നീ അരുളിച്ചെയ്തിട്ടുണ്ടല്ലോ. ഇതാ ഞാൻ നിന്റെ കരുണയുടെ വാതുക്കൽ മുട്ടിവിളിക്കുന്നു. എന്റെ അപേക്ഷകേട്ട് ഉത്തരമരുളണമേ. എന്റെ സകല കുറ്റവും എന്നോടു ക്ഷമിക്കണമേ. എന്നെ ദ്വേഷിക്കുന്നവൻ എന്നെ നശിപ്പിച്ചുകളയാൻ ആഗ്രഹിക്കുന്നു. നിന്നിൽനിന്നും മാപ്പുകിട്ടാതെ ഞാൻ ദുഃഖത്തോടെ പോകുന്നതുകണ്ട് അവനും കൂട്ടരും സന്തോഷിച്ചുല്ലസിക്കുമാറാകരുതേ. ഞാൻ അവന്റെ കെണികളിലും കെട്ടുകളിലും അകപ്പെട്ടുതന്നെ കിടക്കുന്നതുകണ്ട്, അവൻ എന്നെ പരിഹസിക്കാൻ ഇടയാക്കരുതേ. എന്റെ നാഥാ, ഞാൻ നിന്റെ അടുത്തു വന്നതിനാൽ, വീണ്ടും അവന്റെ പിടിയിൽ അകപ്പെടാൻ വിട്ടുകൊടുക്കരുതേ. ഞാൻ അവനിൽനിന്ന് രഹസ്യമായും പരസ്യമായും പലതും സഹിച്ചു. നിന്റെ അടുത്തേക്കു വരുന്നതിന് അവൻ തടസ്സം ചെയ്തു. കർത്താവേ, നിന്റെ മനുഷ്യസ്നേഹം എന്റെമേൽ പതിപ്പിക്കണമേ. അതുകൊണ്ട് അവൻ ലജ്ജിക്കും. അവൻ ഓടിപ്പോകുന്നതിനായി നിന്റെ റൂശ്മാ എന്റെമേൽ വരയ്ക്കണമേ. അവൻ പാഞ്ഞെത്തി പിടികൂടാതി

ശുശ്രൂഷിച്ചു. രോഗികളെ നിന്റെ ഔഷധത്താൽ സുഖപ്പെടുത്തി. ഇരുട്ടിൽ അലയുന്നവരെ നിന്റെ തേജസ്സാൽ പ്രകാശിപ്പിച്ചു. വീണുപോയവരെ മഹാശക്തിയാൽ എഴുന്നേല്പിച്ചു. അശുദ്ധരെ നിന്റെ കരുണയാൽ നിന്റെ പിതാവിന്റെ അടുക്കലേക്കു കൊണ്ടുവന്നു. ദുഷ്ടനായ സാത്താന്റെ പ്രലോഭനങ്ങളാൽ വ്യർത്ഥവിചാരങ്ങളിൽ മുഴുകിയിരിക്കുന്നവരെ നിന്റെ ശക്തിയാൽ മോചിപ്പിച്ചു. വലിയ പാപങ്ങളിൽ കുടുങ്ങിയിരിക്കുന്നവരെ നിന്റെ ദയയാൽ ആശ്വസിപ്പിച്ചു. നശിച്ചിരുന്ന എല്ലാവരുടെയും രക്ഷയ്ക്കായ്, ശ്രേഷ്ഠതയുടെ ഉന്നതിയിൽനിന്ന് നീ ഇറങ്ങിവന്നു. ഒന്നിനും കൊള്ളരുതാത്തവരും, ദരിദ്രരും, പാപികളും, നിരസിക്കപ്പെട്ടവരുമായ ഞങ്ങളുടെ അടുക്കൽ ഈ നന്മകളും, ഇവയേക്കാൾ വലിയവയും നീ പ്രവൃത്തിച്ചു. ഈ സൽപ്രവൃത്തി ഇന്നും തുടരുകയും ചെയ്യുന്നു.

ഇപ്രകാരമുള്ള രക്ഷാകരമായ വ്യാപാരങ്ങൾക്കിടയിൽ, നിന്നെ അത്താഴത്തിനു വിളിച്ച പ്രീശനായ ശെമഓന്റെ വീട്ടിലേക്ക് കരുണാപൂർവ്വം എഴുന്നെള്ളി. ആ അവസരത്തിൽ അവിടെ വന്നുചേർന്ന പാപിനിയും, അധമവികാരങ്ങൾക്ക് വിധേയയായിത്തീർന്നുപോയവളും, അശുദ്ധിയുടെ മാലിന്യം നിറഞ്ഞവളുമായ സ്ത്രീയുടെ അടുക്കലേക്ക് നിന്റെ കരുണ ചെന്നെത്തി. എല്ലാവരോടുമുള്ള നിന്റെ കൃപയുടേയും സഹായങ്ങളുടേയും വലിപ്പത്തെക്കുറിച്ച് അവൾ അറിഞ്ഞു. കൂടാതെ, നിന്റെ കരുണയിൽ ആശ്രയിച്ച പാപിനികളെ, വെറുപ്പോടെ നിരസിക്കാതെ, അവരെ അധികമായി അനുഗ്രഹിച്ച ദയാലുവും ഉത്തമനുമായ നാഥനാണു നീയെന്നു അവൾ മനസ്സിലാക്കി. അതിനാൽ സത്യമായ അനുതാപത്തോടും, വിശിഷ്ട സുഗന്ധതൈലം വഹിച്ചുകൊണ്ടും തീക്ഷ്ണമായ വിശ്വാസത്തോടും അവൾ, നീ ഇരുന്ന സ്ഥലത്തേക്ക് ധൈര്യസമേതം ഓടിയെത്തി. നിന്റെ അനുഗ്രഹങ്ങളുടെ വാതിലിൽ കരുണയോടെ മുട്ടിവിളിച്ചു. വിലയേറിയ സുഗന്ധദ്രവ്യം നിന്റെമേൽ തളിച്ചു. അനുതാപത്തിന്റെ കണ്ണുനീർ തൃപ്പാദങ്ങളിലൊഴിച്ച്, തൂവാലകൊണ്ടെന്നോണം അവളുടെ തലമുടികൊണ്ടു തുടച്ചു. അവളുടെ അശുദ്ധമായ അധരങ്ങൾ നിന്നെ ചുംബിച്ചു. പാപമോചനവും പരിശുദ്ധിയും യാചിച്ചുകൊണ്ട് അവൾ ഇപ്രകാരം പ്രാർത്ഥിച്ചു:



ഹാസവും കുറ്റവും നിന്നിൽ ആരോപിക്കപ്പെട്ടു. ഈ ലോകത്തിലെ നിന്റെ പ്രവർത്തനങ്ങളുടെ അന്ത്യത്തിൽ ഞങ്ങളുടെ അധർമ്മംമൂലം വർണ്ണിക്കാനാവാത്ത താഴ്മ നീ അനുഭവിച്ചു. അതിരില്ലാത്ത ശാന്തത നീ കാണിച്ചു. ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി മൗനമായി പോരാട്ടം നടത്തി. ദീർഘദർശികൾ മുൻകൂട്ടി പറഞ്ഞപ്രകാരമെല്ലാം സഹിച്ചു. കാരാഗൃഹത്തിൽനിന്നോ ന്യായസിംഹാസനത്തിന്റെ അടുത്തുനിന്നോ നീ ഓടിപ്പോയില്ല. നീ പിന്തിരിയുകയോ, വാദിച്ചുനില്ക്കുകയോ ചെയ്തില്ല. നിന്റെ ദേഹം അടികൾക്കായും കവിൾത്തടം ദണ്ഡനകൾക്കായും മുഖം തുപ്പലിനുമായി ഏല്പിച്ചു കൊടുത്തു. വിലാപ്പുറം കുന്തത്തിനും, വസ്ത്രം ചിട്ടിയിടുന്നതിനും, വായ് കൈയ്പ്പുനീരു കുടിക്കുന്നതിനും ഏല്പിച്ചു കൊടുത്തു. നിന്ദയുടെ കുരിശിൽ തറയ്ക്കപ്പെട്ടു. എല്ലാവരാലും പരിഹസിക്കപ്പെടുകയും ചെയ്തു. മരണത്തിന് സ്വയം ഏല്പിച്ചുകൊടുത്ത് പിതാവിന്റെ ഇഷ്ടം നിറവേറ്റി. പീഡാനുഭവസമയത്ത് ദുഃഖിക്കാതിരിക്കാനും മരണസമയത്ത് എതിർക്കാതിരിക്കാനുംവേണ്ടി, സംഭവിക്കാനിരിക്കുന്നതെല്ലാം ശിഷ്യന്മാരെ നീ മുൻകൂട്ടി അറിയിച്ചു.

ഈ സുഗന്ധധൂപം അർപ്പിച്ചുകൊണ്ട് നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു: അസഹനീയങ്ങളായ ക്ലേശങ്ങളിൽനിന്നും ഞങ്ങളെ മോചിപ്പിക്കേണമേ. പരിപൂർണ്ണമായ പശ്ചാത്താപമുണ്ടാകുവാനും നിന്റെ സങ്കേതത്തിലേക്ക് അടുത്തുവരുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ. ഞങ്ങളുടെ പാപങ്ങളേയും അകൃത്യങ്ങളേയും ഓർത്തു ദുഃഖിക്കാനും തപശ്ചര്യകൾ അനുഷ്ഠിക്കുവാനും അനുഗ്രഹിക്കണമേ. ഞങ്ങൾ വെടിപ്പോടും വിശുദ്ധിയോടുംകൂടെ നിനക്കും നിന്റെ പിതാവിനും വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും അർപ്പിക്കും.

## എത്രോ

മഹോന്നതനായ കർത്താവേ നീ ഞങ്ങൾക്കുവേണ്ടി ഇറങ്ങിവന്ന് ഞങ്ങളെപ്പോലെ മനുഷ്യനായി തീർന്നു. ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി പീഡകൾ സഹിക്കുകയും ചെയ്തു. ഞങ്ങളുടെ പ്രാർത്ഥനകളും അപേക്ഷകളും കേട്ട് ഈ ധൂപം കൈക്കൊള്ളണമേ. നിന്റെ മഹത്വമുള്ള പ്രകാശത്താൽ ഞങ്ങളുടെ ആന്തരിക

നേത്രങ്ങളെ പ്രകാശിപ്പിക്കണമേ. ജീവിപ്പിക്കുന്ന നിന്റെ കല്പനകൾ ആചരിക്കാൻ ഞങ്ങളെ ശക്തരാക്കണമേ. സൽപ്രവർത്തികൾ ചെയ്യാൻ ഞങ്ങളുടെ കരങ്ങളെ നീ ശക്തിപ്പെടുത്തണമേ. നിന്റെ വചനപ്രകാരം ഞങ്ങളുടെ ജീവിതചര്യകൾ ക്രമപ്പെടുത്തണമേ. ഞങ്ങളുടെ വിചാരങ്ങൾ നിന്നെക്കുറിച്ചുള്ള ഓർമ്മയിലേക്ക് തിരിയുവാനും ഞങ്ങളുടെ അധരങ്ങളും വായ്കളും നിന്റെ സ്തുതിവചനങ്ങൾ ആലപിക്കാനും അനുഗ്രഹിക്കണമേ. ഞങ്ങളുടെ ദൈവമായ കർത്താവേ, നിന്റെ വിശുദ്ധ സ്നേഹത്താൽ ഞങ്ങളെ ശുദ്ധരാക്കേണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും .....



# വ്യാഴം – ആറാം മണി

## പ്രുമിയോൻ

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച്...

പ്രത്യുത്തരം : കാരുണ്യവാനായ കർത്താവേ,...

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും...

കരുണയുള്ള ദൈവമായ കർത്താവേ, നീ സകലരുടെയും ജീവനും രക്ഷയ്ക്കുംവേണ്ടി താൽപര്യത്തോടെ വർത്തിക്കുന്നവനാകുന്നു; നിരന്തരം നിന്റെ വാതുക്കൽ മുട്ടുന്ന യാചകരുടെ ശബ്ദത്തിനായി വലിയ വാഞ്ഛയോടെ കാത്തിരിക്കുന്ന കരുണയുള്ള കർത്താവ് നീയാകുന്നു. പാപകളങ്കിതയായ വേശ്യയുടെ മാലിന്യങ്ങളിൽനിന്ന് അവളെ വെടിപ്പാക്കി വിശുദ്ധികൊണ്ടു നിറയ്ക്കാൻ നീ അവളെ വിളിച്ചു വരുത്തി. അവളുടെ കണ്ണുനീർ കാണിക്കയായും, കരച്ചിൽ ആദ്യഫലമായും, പ്രാർത്ഥന ജീവനുള്ള ബലിയായും നീ അംഗീകരിച്ചു. പ്രീശനായ ശിമയോന്റെ ശങ്കയെക്കുറിച്ച് അവനെ ശാസിച്ചു. ശിഷ്യന്മാരുടെ മനഃചാഞ്ചല്യത്തെ നിരോധിച്ചു. സകലരുടെയും മുമ്പിൽ വിശ്വാസത്തെക്കുറിച്ച് അവളെ പുകഴ്ത്തി; അവളുടെ പാപങ്ങളെല്ലാം ക്ഷമിക്കുകയും ചെയ്തു. അവളുടെ വിവേകപൂർവ്വമായ പ്രവർത്തി സുവിശേഷത്തിൽ എങ്ങും പ്രസംഗിക്കപ്പെടണമെന്ന് കല്പിച്ച്, എല്ലാ അനുതാപികൾക്കും എന്നേക്കും ധൈര്യം നല്കി; അവളെ കൃപയോടെ ആശ്വസിപ്പിച്ചു. നിനക്ക് ഈ സമയത്തും സകല പെരുന്നാളുകളിലും...

## സെദറാ

പിതാവിനാൽ ഞങ്ങളുടെ അടുത്തേക്ക് അയയ്ക്കപ്പെട്ട ഞങ്ങളുടെ മിശിഹാതമ്പുരാനേ, നീ കരുണയുടെയും അനുഗ്രഹങ്ങളുടെയും ആഴമേറിയ സമുദ്രമാകുന്നു. ബലഹീനരും പാപികളുമായ ഞങ്ങളുടെ ആത്മശരീരങ്ങളുടെ വൈദ്യനാകുന്നു. നിന്റെ മനുഷ്യസ്നേഹത്താൽ നീ ഞെരുങ്ങിക്കഴിഞ്ഞവരെ തൃക്കൺപാർത്തു സഹായിച്ചു. മുറിവേറ്റവരെ മരുന്നുവെച്ചുകെട്ടി

## എത്രോ

പരമോന്നതനായ കർത്താവേ, നിന്റെ സ്നേഹംകൊണ്ട് താഴ്മയുടെ നല്ല മാതൃക നീ കാണിച്ചു തന്നു. തിരുമുമ്പാകെ ഞങ്ങൾ സമർപ്പിച്ചിരിക്കുന്ന ഈ സുഗന്ധധൂപം സ്വീകരിക്കണമേ. ഞങ്ങളുടെ ആത്മാക്കളുടെ രഹസ്യമായ അവയവങ്ങളിൽനിന്ന് പാപത്തിന്റെ ഗൂഢമായ മാലിന്യം കഴുകിക്കളയാനും നിഷ്കളങ്കരും നിർമ്മലരുമായിത്തീരുവാനും ഞങ്ങളെ അർഹരാക്കണമേ. ഞങ്ങളുടെ കർത്താവും ദൈവവുമേ, നിന്റെ മഹിമയുള്ള പുനരുത്ഥാനത്തിൽ എന്നേക്കും സന്തോഷിക്കുവാനും, നിനക്ക് സ്തുതികൾ പാടുവാനും ഞങ്ങളെ യോഗ്യരാക്കണമേ. ഹോശോ.......



# ബുധൻ – സുത്താറ

## പ്രുമിയോൻ

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച് ...

പ്രത്യുത്തരം : കാരുണ്യവാനായ കർത്താവേ,...

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും ...

ദൈവമായ കർത്താവേ സ്വന്ത ജനമായ ഇസ്രയേൽ എന്ന മുന്തിരിവള്ളി, സത്ഫലങ്ങൾക്കുപകരം കാട്ടുമുന്തിരിങ്ങ ഉൽപ്പാദിപ്പിച്ചതിനാൽ, നീ അതു സമൂലം നശിപ്പിച്ചു. ആ തോട്ടത്തിന്റെ വേലി പൊളിച്ചു കളഞ്ഞ് സകലരും ചവിട്ടുമാറാക്കിത്തീർത്തു. അതിൽ മുൾച്ചെടികൾ മുളയ്ക്കുകയും പന്നികൾ മേയുന്ന സ്ഥലമാക്കി തീർക്കുകയും ചെയ്തു. അതിനുപകരം പുറജാതിക്കാരിൽനിന്നും ഒരു പുതിയ തോട്ടം നട്ടു പിടിപ്പിച്ചു. നിന്റെ സഭയാകുന്ന ആ തോട്ടം ശ്രേഷ്ഠഫലങ്ങളും സ്തുത്യർഹമായ കാഴ്ചകളും സമർപ്പിക്കുന്നു. നിന്റെ സ്ലീബാകൊണ്ട് നീ അതിലെ ഉഴവുചാലുകൾ നനച്ചു. നിനക്ക് ഈ സമയത്തും സകല പെരുന്നാളുകളിലും.......

## സെദറാ

മഹത്തായ ഏദൻതോട്ടം സ്ഥാപിച്ച കർത്താവേ, നിനക്കു സ്തുതി. നിനക്കു കീർത്തനം. നിന്റെ വന്ദ്യ സ്ലീബാ കൊണ്ട്, ജീവദായകമായ ഫലങ്ങൾ നിനക്കായി ഉത്പാദിപ്പിച്ചു. ആത്മിയ തോട്ടമാകുന്ന സഭ നീ നട്ടുപിടിപ്പിച്ചു. അതിൽ രക്ഷയുടെ ഉന്നത ഗോപുരം പണിയുകയും ദിവ്യരഹസ്യമാകുന്ന ഉറവ പുറപ്പെടുവിക്കുകയും ചെയ്തു. ആനന്ദിപ്പിക്കുന്ന നീർച്ചാലുകൾ അതിൽ ഒഴുക്കി. ഫലങ്ങൾ ഉണ്ടാകാനായി ഉഴവുചാലുകൾ നനച്ചു. ചെടികൾ വളരുന്നതിന് ചാറ്റൽമഴ വർഷിച്ചു. അവിശ്വാസമാകുന്ന കാട്ടുമുന്തിരിപ്പഴങ്ങൾക്കു പകരം വിശ്വാസമാകുന്ന നല്ല മുന്തിരിപ്പഴങ്ങളും, ദൂഷണമാകുന്ന കടുംകയ്പ്പിനുപകരം സ്തുതിയാകുന്ന മധുരഫലങ്ങളും ഉളവാക്കി. കുരിശുമരണംമൂലം അപമാനം സഹിച്ചെങ്കിലും ആ കുരിശാൽത്തന്നെ നീ വിജയം നേടി.

ഞങ്ങളെ രക്ഷിക്കാൻ ഇപ്രകാരം താത്പര്യം കാണിച്ച കർത്താവേ, ഈ പരിമളധൂപംമൂലം ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു. നിന്റെ ധാരാളമായ അനുഗ്രഹങ്ങൾ അനുസ്മരിച്ച് ഞങ്ങൾ യാചിക്കുന്നു. നിന്റെ രാജ്യത്തിലെ ഉത്സാഹമുള്ള വേലക്കാരായിത്തീരാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. നിന്റെ ഭവനത്തിൽ മാഹാത്മ്യമുള്ള സൈത്ത് വൃക്ഷംപോലെയും, നിന്റെ തോട്ടത്തിൽ മഹിമയുള്ള മുന്തിരിവള്ളിപോലെയും ഞങ്ങളെ യാക്കിത്തീർക്കണമേ. ഞങ്ങളെ നിന്റെ തോട്ടത്തിൽ ജോലിചെയ്യുന്ന ഉത്സാഹികളായ കൃഷിക്കാരാക്കണമേ. നിന്റെ വാസത്തിനുതക്ക ഭവനങ്ങളും, മാഹാത്മ്യത്തിന്റെ ബഹുമാനത്തിനുതക്ക ആലയങ്ങളും ആക്കണമേ. ഞങ്ങളെ നിന്റെ ഉണ്മയുടെ നിർമലമായ ബലിപീഠങ്ങളും നിന്റെ ശ്രേഷ്ഠതയെ സ്തുതിക്കുന്ന നിഷ്ക്കളങ്കരും ആക്കണമേ. നിന്റെ രാജ്യത്തിലെ സ്ഥിരമായ അതിഥികളും അത്താഴവിരുന്നിലെ വിരുന്നുകാരും മണവറയിലെ തോഴ്മക്കാരും ആക്കിത്തീർക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും...



തകൾ കയ്യേറ്റു. അവയിൽനിന്ന് ഞങ്ങളെ വേർപെടുത്താനും, അവയാൽ കുരിശുമരണത്തിലേക്ക് വരുവാനും നീ നിശ്ചയിച്ചു. മരണമില്ലാത്തവനായ നീ, വിനയത്തിന്റെ ആദർശം, പരമാർത്ഥികളായ ശിഷ്യന്മാരിൽക്കൂടെ ഏല്പിച്ചുതരാൻ, നിന്റെ മനുഷ്യസ്നേഹത്താൽ തിരുമനസ്സായി. നിസ്സാരനായ ഒരു മനുഷ്യനെപ്പോലെ, തൂവാല എടുത്ത് അരയിൽകെട്ടി അവരുടെ കാൽ കഴുകി ഉത്തമസ്നേഹത്തിന്റെ രഹസ്യം നീ സ്പഷ്ടമായി ഞങ്ങളെ ഗ്രഹിപ്പിച്ചു. നിന്റെ കൃപാധനം ഞങ്ങൾക്കു കല്പിച്ചുതന്നു. ഇതിനെല്ലാംവേണ്ടി, നിന്നെ പ്രസാദിപ്പിക്കുന്ന സ്തുതിയും കീർത്തനവും കൃതജ്ഞതയും ആകുന്ന ഫലങ്ങൾ, നിന്റെ കൃപയ്ക്കർപ്പിക്കാൻ ഞങ്ങളെ യോഗ്യരാക്കണമേ. ഞങ്ങളുടെ ആത്മാക്കളിൽ നിന്റെ എളിമ പതിയുന്നതിനും, രക്ഷാകരമായ നിന്റെ കല്പനകൾ, വിനയമുള്ള മനസ്സോടെ അനുസരിക്കുന്നതിനും ഞങ്ങളെ യോഗ്യരാക്കണമേ. ഞങ്ങൾ നിന്റെ ദൃഷ്ടാന്തവും ഉപദേശവും പിന്തുടർന്ന്, തമ്മിൽത്തമ്മിൽ സ്നേഹപൂർവ്വം പാദങ്ങൾ കഴുകാൻ സഹായിക്കണമേ.

നിന്റെ ദയയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു: ഞങ്ങൾ ശാരീരിക കാലുകൾ കഴുകുന്നതോടൊപ്പം, ആന്തരിക ശത്രുക്കളുടെ പ്രയോഗത്താൽ ഞങ്ങളിൽ പറ്റിപ്പിടിച്ചിരിക്കുന്ന എല്ലാ ദുഷിച്ച ചിന്തകളും വികാരങ്ങളും കഴുകിക്കളഞ്ഞ് നിർമ്മലരാകുവാൻ സഹായിക്കണമേ. നിന്റെ ശിഷ്യത്വത്താൽ ഞങ്ങൾ പൂർണ്ണരായിത്തീരട്ടെ. ആന്തരികസർപ്പത്തിന്റെ കടികളിൽനിന്നും മുറിവുകളിൽനിന്നും ഞങ്ങളുടെ കാലടികളെ പൂർണ്ണമായി വേർപെടുത്തി ശുദ്ധീകരിക്കണമേ. ധൈര്യത്തോടും ശക്തിയോടും അതിന്റെമേലും, അതിന്റെ എല്ലാ ശക്തികളുടെമേലും ചവിട്ടുവാനും, ഞങ്ങൾക്ക് കൃപ നൽകണമേ. സത്യവിശ്വാസത്താലും സുവിശേഷത്തിന്റെ കല്പനകളാലും വിശുദ്ധ ശ്ലീഹന്മാർക്ക് നീ നല്കിയ സ്നേഹം, സമാധാനം എന്നിവയുടെ പൂർണ്ണതയാലും, ഞങ്ങൾ പരസ്പരം ബന്ധിക്കപ്പെടുമാറാകണമേ. ശ്ലീഹന്മാരുടെ പ്രാർത്ഥനകളാൽ അവരോടൊപ്പം സ്വർഗ്ഗത്തിൽ വന്നുചേരുന്നതിനും, സൗഭാഗ്യം അനുഭവിക്കുന്നതിനും ഞങ്ങളെ യോഗ്യരാക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ...

# വ്യാഴം - മൂന്നാം മണി

## പ്രുമിയോൻ

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച്...

പ്രത്യുത്തരം : കാരുണ്യവാനായ കർത്താവേ,...

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും...

മഹോന്നതനായ കർത്താവേ, നിന്റെ ഔന്നത്യം താഴ്മയുടെ ഏറ്റം താണപടിവരെ നീ താഴ്ത്തി. ഉണ്മയിൽ ഉന്നതനെങ്കിലും, പ്രത്യക്ഷത്തിൽ, താഴ്മയെ ഔന്നത്യത്തിന്റെ സ്ഥിരമാർഗ്ഗമായി നീ കാണിച്ചു. നിന്റെ അദൃശ്യാവസ്ഥയിൽ നീ ശക്തനും മഹത്വമുള്ളവനുമാകുന്നു. എന്നാൽ താഴെ, നിന്റെ കൃപയാൽ മണ്മയരായ നിന്റെ ദാസരെ നീ സദയം ശുശ്രൂഷിച്ചു. സ്വർഗ്ഗത്തിൽ അഗ്നിമയന്മാരായ ശുശ്രൂഷകർ ഭയത്തോടും ജാഗരൂകതയോടും നിന്നെ ശുശ്രൂഷിക്കുന്നു. മുകളിലുള്ളവർ നിന്റെ മഹത്വത്തിൽ വിറയലോടെ ചുളുങ്ങുന്നു. താഴെ, മനുഷ്യരുടെ ഇടയിൽ വിനീതനായി ശിഷ്യന്മാരെ നീ ശുശ്രൂഷിക്കുന്നു. "ശുശ്രൂഷിക്കപ്പെടാനല്ല ശുശ്രൂഷ ചെയ്യാനും, എല്ലാവരുടെയും രക്ഷയ്ക്കായും" നീ ലോകത്തിലേക്ക് എഴുന്നെള്ളിവന്നു. നിനക്ക് ഈ സമയത്തും സകല പെരുന്നാളുകളിലും...

## സെദറാ

വചനമായ ദൈവമേ, നീ സാരാംശത്തിൽ പിതാവിനോടും പരിശുദ്ധ റൂഹായോടും സമനും നിത്യനും, കാലങ്ങൾക്കതീതനും ആകുന്നു. നിന്റെ ദൈവത്വത്തിന്റെ തിരുമനസ്സാൽ കാലത്തിന് വിധേയനായി സാക്ഷാൽ മനുഷ്യത്വം സ്വീകരിക്കുകയും ചെയ്തു. നിന്റെ അപരിമേയമായ കരുണയാൽ പാപമൊഴികെ സകലത്തിലും ഞങ്ങളെപ്പോലെയായിത്തീർന്ന് മനുഷ്യസ്വഭാവ പ്രകാരം എല്ലാം നിവർത്തിക്കുകയും ചെയ്തു. ഈ ലോകത്തിലെ നിന്റെ ജീവിതത്തിന്റെ അവസാനഘട്ടത്തിലേക്ക് നീങ്ങിയപ്പോൾ, പാപത്തേയും മരണത്തേയും ഇല്ലാതാക്കാൻ, കുറ്റമറ്റ നിന്റെ മനുഷ്യസ്വഭാവത്തിൽ പീഡയനുഭവിച്ച് ഞങ്ങളുടെ കഷ്ട



# ബുധൻ - പ്രഭാതം

## പ്രുമിയോൻ

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച് ...

പ്രത്യുത്തരം : കാരുണ്യവാനായ കർത്താവേ,...

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും ...

ദൈവമായ കർത്താവേ, നിന്റെ പീഡാനുഭവത്താലും, മനസ്സോടെയുള്ള മരണത്താലും ഞങ്ങൾക്ക് മരണമില്ലായ്മയും കഷ്ടതയില്ലായ്മയും നീ നൽകി. മരണമുള്ളവരായ ഞങ്ങളെ രക്ഷിക്കാൻ, പീഡ സഹിച്ച് മരിക്കുന്ന ശരീരം നീ ധരിച്ചു. നിന്റെ പീഡാനുഭവത്തിന്റെയും, ഏല്പിച്ചുകൊടുക്കലിന്റെയും സംഭവം നിന്റെ ശ്ലീഹന്മാരുടെ സംഘത്തെ നീ മുൻകൂട്ടി അറിയിച്ചു. യൂദാ ഒറ്റിക്കൊടുക്കുന്ന കാര്യം അവരെ വേദനിപ്പിച്ചെങ്കിലും മൂന്നാം ദിവസമുള്ള ഉയിർപ്പിനെക്കുറിച്ച്ഗ്രഹിച്ച് അവർ ധൈര്യം പ്രാപിച്ചു. നിനക്ക് പ്രഭാത പ്രാർത്ഥനയുടെ ഈ സമയത്തും....

## സെദറാ

സ്വർഗ്ഗവാസികളുടെയും ഭൂവാസികളുടെയും ദൈവവും രാജാവും നാഥനുമായ മിശിഹാതമ്പുരാനേ, നിന്റെ മനുഷ്യസ്നേഹംമൂലം നീ മനുഷ്യനായിത്തീർന്ന് പാപത്തിൽനിന്നും സാത്താന്റെ ദാസ്യത്തിൽനിന്നും പ്രത്യാശ ഇല്ലാത്ത നാശത്തിൽനിന്നും ഞങ്ങളെ രക്ഷിച്ചു. അതിനുവേണ്ടി നീ ശരീരത്തിൽ പീഡ അനുഭവിച്ചു. തന്നെ ഒറ്റികൊടുക്കുന്നവൻ അവരിൽ ഒരുവനാണെന്ന് നിന്റെ പന്ത്രണ്ടു ശിഷ്യന്മാരോട് നീ തുറന്നു പറഞ്ഞു. വഞ്ചകരായ പ്രധാനാചാര്യന്മാരും സാപ്രേന്മാരും ഒരുമിച്ചുകൂടി എല്ലാവർക്കും നന്മകൾ മാത്രം ചെയ്ത നിനക്ക് വിരോധമായി തിന്മകൾ ആലോചിച്ചു. സകലർക്കും വേണ്ടി മരിച്ച് ജീവൻ നല്കാൻ വന്ന നിന്നെ, സാത്താന്റെ പ്രചോദനത്താലും, തന്നിഷ്ടത്താലും യൂദാ സ്ക്കറിയാത്താ, ഒറ്റികൊടുക്കാൻ വഞ്ചകരായ പുരോഹിതരുടെ അടുത്തേക്ക് പോയി. സ്വന്തം രക്തത്താൽ ലോകത്തെ വിലയ്ക്കു വാങ്ങാൻ വന്ന നിന്നെ, വിലയ്ക്കു വില്ക്കാൻ നിന്റെ വഞ്ചകനായ ശിഷ്യൻ

ദ്രോഹികളായ ശത്രുക്കളുമായി ഗൂഢാലോചന നടത്തി. ദീർഘദർശി പറഞ്ഞതുപോലെ ദുഷ്ടന്മാരായ ശത്രുക്കൾ, സകലത്തിന്റെയും നാഥനായ നിന്നെ ഏല്പിക്കുന്നതിന് മുപ്പതു വെള്ളിക്കാശ് വില നിശ്ചയിച്ചു. നിനക്കെതിരായിത്തീർന്ന വഞ്ചകശിഷ്യനെക്കുറിച്ച് ദുഷ്ടന്മാരിൽ ദുഷ്ടനായ സാത്താൻ സന്തോഷിച്ചു. തൊഴുത്തിൽനിന്നും വഴിതെറ്റി, ചെന്നായുടെ വായിൽപ്പെട്ട നിന്റെ ജനമാകുന്ന ആടിനെ സ്വബലിമൂലം രക്ഷിക്കാൻ വന്ന നല്ല ഇടയനും, കുറ്റമില്ലാത്ത കുഞ്ഞാടുമായ നിനക്കെതിരായി, ആ സാത്താൻ പാഞ്ഞെത്തി. ഇന്ന് യൂദാ, വെറും മുപ്പതു വെള്ളിക്കാശിനു നിന്നെ വിറ്റു. വേശ്യാ സ്ത്രീ മുന്നൂറ് പണത്തിന് വാങ്ങിയ സുഗന്ധതൈലവുമായി നിന്റെ അടുത്തെത്തി ദിവ്യമൂറോനാകുന്ന നിന്നെ പൂശി. പാപിനിയായ ആ സ്ത്രീ അവളുടെ അനുതാപക്കണ്ണുനീരാലും നിഷ്ക്കളങ്കസ്നേഹത്താലും നിന്റെ കരുണയ്ക്കു പാത്രമായി. എന്നാൽ ഇന്ന് യൂദാ, നിന്നോടുള്ള ബന്ധത്തിൽനിന്ന് വേർപെട്ടുപോയി. ഇന്ന് യൂദാ, തന്റെ ഇഷ്ടം സാധിച്ചു. ശിഷ്യഗണം അവനെക്കുറിച്ചും നിന്റെ പീഡാനുഭവമോർത്തും ദുഃഖിക്കുന്നതുകണ്ട് ക്രൂരന്മാരുടെ സംഘം സന്തോഷിച്ചു. ഇന്ന് വലതുഭാഗത്തുള്ള ശിഷ്യരും കൂട്ടരും അവരിൽനിന്ന് വേർപെട്ടുപോയ സഹോദരനെ ഓർത്ത് ദുഃഖിച്ചപ്പോൾ, ഇടതുഭാഗത്തുള്ള ദുഷ്ടശത്രുക്കൾ വലതുഭാഗത്തുള്ളവനെ വശീകരിച്ചു തട്ടിക്കൊണ്ടുപോയതിൽ സന്തോഷിച്ചു.

സകല തിന്മകളുടേയും മൂലമായ ദ്രവ്യസ്നേഹം, നിന്റെ സ്നേഹിതനായ യൂദായെ ശിഷ്യപദവിയിൽനിന്ന് വീഴ്ത്തി, പിന്നീട് തൂങ്ങിച്ചാകാൻ കാരണമാക്കി. എന്റെ കർത്താവേ, നിന്നെ വഞ്ചിച്ചവൻ, നിരാശയാൽ നശിച്ചു. നീ പ്രതികാരം ചെയ്തില്ല. നിന്റെ നന്മ അളക്കാൻ ആർക്ക് സാധിക്കും? നിന്നെപ്പോലെ ശാന്തനും ദയാലുവുമായി ആരാണുള്ളത്? നിനക്കെതിരായി പ്രവർത്തിച്ചവന്റെ കാൽ, കേപ്പായുടെ പാദങ്ങളോടൊപ്പം കഴുകാൻ മടിക്കാത്ത നിന്റെ താഴ്മ ഓർക്കുമ്പോൾ, ഉന്നതനായ നിനക്ക് സദൃശനായി ആരുണ്ട്? നിന്നെ ഒറ്റിക്കൊടുത്തവന്റെ കൈ പെസഹാഭക്ഷണപാത്രത്തിൽ നിന്റെ കൈയോടൊപ്പം ഉണ്ടായിരുന്നിട്ടും, അവനെ വിലക്കാതിരുന്നവനും ഉയ



തപശ്ചര്യകളും കൈക്കൊള്ളണമേ. നിന്റെ കരുണയാൽ രോഗികളെ സന്ദർശിക്കുകയും ഞെരുങ്ങിയിരിക്കുന്നവരെ ആശ്വസിപ്പിക്കുകയും ചെയ്യണമേ. വീണുപോയവരെ നിന്റെ വലത്തുകൈയാൽ താങ്ങണമേ. നിൽക്കുന്നവരെ പ്രത്യാശയിൽ ഉറപ്പിക്കണമേ. സത്യവിശ്വാസത്താൽ പ്രത്യാശയോടെ നിദ്രപ്രാപിച്ച പിതാക്കന്മാരെയും സഹോദരങ്ങളെയും ഗുരുക്കന്മാരെയും എല്ലാ പരേതരേയുംക്കുറിച്ചുള്ള നല്ല ഓർമ്മ നിന്റെ സ്വർഗ്ഗീയ ബലിപീഠത്തിൽ ഉണ്ടാക്കണമേ. ഞങ്ങളും അവരും, നിന്റെ അക്ഷയവും സുസ്ഥിരവുമായ പെരുന്നാളിനും അതിനാലുള്ള അനന്തസന്തോഷത്തിനും യോഗ്യരായിത്തീരണമേ. അവിടെ ആത്മീയരുടെയും, സ്വർഗ്ഗീയരുടെയും നിരകളിൽചേർന്ന് നിന്നെയും, ഞങ്ങളെ രക്ഷിക്കാനായി നിന്നെ അയച്ച പിതാവിനേയും, സാരാംശത്തിൽ തുല്യനായ പരിശുദ്ധ റൂഹായേയും, ഇടവിടാതെ സ്തുതിക്കാൻ ഞങ്ങളെ യോഗ്യരാക്കണമേ. ഹോശോവബ്...

## എത്രോ

സ്വർഗ്ഗീയപിതാവിന്റെ വചനമായ കർത്താവേ, ജീവദായകമായ നിന്റെ മരണം, സുഗന്ധധൂപവും, പരിമളവാസനയും, പ്രസാദകരമായ ധൂപകലശവും ആയിത്തീർന്നു. മൂകജന്തുക്കളുടെ ബലികളാൽ അശുദ്ധമായിരുന്ന വായുമണ്ഡലം നീ വെടിപ്പാക്കി. ജീവനുള്ള രക്തം ഇറ്റിറ്റുവീഴ്ത്തി ഭൂമിയെ ശുദ്ധീകരിച്ചു. പരിശുദ്ധസഭ തന്റെ സന്താനങ്ങളുടെ വിശുദ്ധിക്കുവേണ്ടി നിനക്ക് സമർപ്പിക്കുന്ന ഈ ധൂപം കൈക്കൊള്ളണമേ. ഇത് നിന്റെ പ്രീതിയ്ക്കും പ്രസാദത്തിനും ജീവനുള്ളവരുടെ കാവലിനും, പാപമോചനത്തിനും ആയിത്തീരണമേ. ജീവിതകാലത്ത് നിന്നെ ഏറ്റുപറഞ്ഞ്, സുകൃതങ്ങളാൽ നിന്നെ പ്രസാദിപ്പിച്ച, വിശ്വാസികളായ മരിച്ചവർക്ക് നല്ല ഓർമ്മ ഉണ്ടാകണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ....

ളിൽ കലർത്തുകയും, സ്വർഗ്ഗസ്ഥനായ പിതാവിന് ഞങ്ങളെ പുത്രരും നിന്റെ സഹോദരരും ആക്കി തീർക്കുകയും ചെയ്ത സ്വർഗ്ഗീയ അപ്പം -വാഴ്ത്തപ്പെട്ടതാകുന്നു.

ഇതെല്ലാം ഞങ്ങൾക്കുവേണ്ടി നിറവേറ്റിയ മനുഷ്യസ്നേഹിയായ കർത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിച്ചു പ്രാർത്ഥിക്കുന്നു: അവിശ്വാസികളും മത്സരക്കാരുമായ ജനങ്ങളുടേതുപോലെ, ഞങ്ങളുടെ പെരുന്നാളുകളെ നീ വിലാപത്തിനും ദുഃഖത്തിനും കാരണമാക്കിത്തീർക്കരുതേ. നിന്നെയും നിന്റെ വ്യാപാരങ്ങളെയും അപഹസിച്ചവരെ നീ നിരസിച്ചപ്രകാരം നിന്റെ മണവറയിൽനിന്ന് ഞങ്ങളെ നിന്റെ നീതി പുറത്താക്കുകയോ, അവകാശത്തിൽനിന്ന് ത്യജിക്കുകയോ അരുതേ. നാഥനായ കർത്താവേ, നിന്റെ ശിഷ്യഗണത്തിൽനിന്ന് ബഹിഷ്ക്കരിക്കപ്പെട്ട് അന്യനായിത്തീർന്ന യൂദായെപ്പോലെ, നിന്റെ സംസർഗ്ഗത്തിൽനിന്ന് ഞങ്ങളെ അന്യരാക്കരുതേ. നിന്റെ അജഗണത്തിൽനിന്ന് ഞങ്ങളെ വേർതിരിക്കരുതേ. തെരഞ്ഞെടുക്കപ്പെട്ട ഫിനഹാസിന്റെയും, രാജാവായ ഹെസക്കിയായുടെയും, ഭക്തന്മാരായ മറ്റെല്ലാവരുടെയും എന്നപോലെ ഞങ്ങളുടെ ശുശ്രൂഷകൾ കൈക്കൊള്ളുകയും പ്രാർത്ഥനകളിൽ പ്രസാദിക്കുകയും ചെയ്യണമേ. ഈ പെരുന്നാളിൽ ഞങ്ങൾ തിരുമുമ്പിൽ സമർപ്പിക്കുന്ന ഈ ധൂപം വെണ്മയുള്ള പുരോഹിതനായ അഹറോന്റെ ധൂപംപോലെയും, അവന്റെ ബന്ധുക്കളായ സകല ലേവ്യക്കാരുടെ ധൂപംപോലെയും കൈക്കൊള്ളണമേ.

എന്റെ നാഥാ, ഈ കർത്തൃപെരുന്നാളിൽ, നിന്റെ സഭ പാപമുള്ള കൈകളാൽ തിരുമുമ്പിൽ സമർപ്പിക്കുന്ന കാണിക്കകളും ആദ്യഫലങ്ങളും അതിന്റെ മക്കൾക്ക് അനുഗ്രഹപ്രദമായിത്തീരണമേ. ഈ മഹാരഹസ്യം രൂപപ്പെടുത്തിയ പ്രധാനാചാര്യനായ മൽക്കിസദേക്കിന്റെ കാഴ്ചകൾ നീ സ്വീകരിച്ചുവല്ലോ. ദുഷ്ടനായ സാത്താന്റെ സകല ഉപദ്രവങ്ങളിൽനിന്നും, കോപസൂചകങ്ങളായ ശിക്ഷകളിൽനിന്നും ഞങ്ങളെ കാത്തുരക്ഷിക്കണമേ. എന്റെ കർത്താവേ, വിശുദ്ധ നാമത്തിൽ മുദ്രകുത്തപ്പെട്ടതും, നിന്റെ വിലയേറിയ രക്തത്താൽ വിലയ്ക്കു വാങ്ങപ്പെട്ടതുമായ നിന്റെ ജനത്തിന്റെയും അവകാശത്തിന്റെയും പ്രാർത്ഥനയും



രത്തിൽ നിന്നിറങ്ങിവന്ന ജീവന്റെ അപ്പവുമായ നിനക്ക് തുല്യനായി ആരുണ്ട്?

എന്റെ നാഥാ, ഞങ്ങൾ നിന്റെ രക്തത്താൽ വിലയ്ക്കു വാങ്ങപ്പെട്ടവരാണ്. നിന്റെ സ്ലീബായാൽ രക്ഷിക്കപ്പെട്ടവരുമാണ്. നിന്റെ തിരുനാമത്തിൽ ഉൽക്കർഷം പ്രാപിച്ചവരും രക്ഷാകരമായ നിന്റെ പീഡാനുഭവങ്ങളെ പ്രശംസിക്കുന്നവരുമാണ്. ഞങ്ങൾ ദുഃഖത്തോടും ഹൃദയശുഷ്ക്കാന്തിയോടും നിന്നോടപേക്ഷിക്കുന്നു. സകല തിന്മയുടെയും കാരണമായ ദ്രവ്യാഗ്രഹത്തിൽനിന്ന് ഞങ്ങളെ അകറ്റണമെ. കലഹത്തിൽനിന്നും കോപത്തിൽനിന്നും ഞങ്ങളെ രക്ഷിക്കണമെ. അസൂയയിൽനിന്നും ചതിവിൽനിന്നും ഞങ്ങളെ വേർപെടുത്തണമേ. കൗശലത്തിൽനിന്നും അധർമ്മങ്ങളിൽനിന്നും ഞങ്ങളെ അകറ്റണമേ. നാശകരമായ നിരാശയിൽ ഉൾപ്പെടാൻ ഇടയാക്കരുതെ. ഇവയ്ക്കു പകരം വിശ്വാസവും പ്രത്യാശയും, പരിപൂർണ്ണ സ്നേഹവും, നിരപ്പും, സമാധാനവും, സൗമ്യതയും ദയയും സത്യവും ആത്മാർത്ഥയും താഴ്മയും വെടിപ്പും ആഹ്ലാദവും നിനക്കിഷ്ടമായ സകല നന്മയും ഞങ്ങളിൽ നിറയ്ക്കണമേ. ജീവിപ്പിക്കുന്നതായ നിന്റെ തിരുശരീരവും തിരുരക്തവും ശിഷ്യന്മാരെപ്പോലെ കൈക്കൊള്ളുന്നതിനും നിന്റെ പീഡാനുഭവത്തിൽ പങ്കുചേരുന്നതിനും പുനരുത്ഥാനത്തിൽ സന്തോഷിക്കുന്നതിനും ഞങ്ങളെ യോഗ്യരാക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും...

## എത്രോ

എന്റെ കർത്താവേ, നിന്റെ പ്രത്യക്ഷതയുടെ പ്രകാശത്താൽ ഞങ്ങളെ പ്രകാശിപ്പിക്കണമേ. നിന്റെ സ്ലീബായെക്കുറിച്ചുള്ള സ്നേഹത്തിൽ ഞങ്ങളുടെ ആത്മാക്കളെ ഉറപ്പിക്കണമേ. നീ ഞങ്ങളെ പീഡാരഹിതരാക്കണമേ. നിന്റെ കൃപയാൽ ഞങ്ങളുടെ വിചാരങ്ങളെ നിർമ്മലമായി കാത്തുസൂക്ഷിക്കണമേ. നിന്റെ സ്തുതികൾ പാടാൻ ഞങ്ങളുടെ ഹൃദയങ്ങൾ ഉണർത്തണമേ. നിന്നെ പ്രസാദിപ്പിക്കുന്ന സദാചാരത്തിന്റെ പരിമളവാസന ഞങ്ങളിൽനിന്നുണർത്തണമേ. ഞങ്ങളുടെ ഈ ധൂപം കൈക്കൊള്ളണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും...

# ബുധൻ - മൂന്നാം മണി

## പ്രുമിയോൻ

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച് ...

പ്രത്യുത്തരം : കാരുണ്യവാനായ കർത്താവേ,...

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും ...

പരിശുദ്ധ പ്രധാനാചാര്യനായ കർത്താവേ, ഞങ്ങളുടെ പാപം പോക്കാൻ സ്വന്തം ദേഹം നീ ബലിവസ്തുവായി അർപ്പിച്ചു. പീഡാനുഭവത്താൽ വൃക്ഷം മൂലമുണ്ടായ ശിക്ഷ നീക്കിക്കളഞ്ഞു. നിനക്ക് ഈ സമയത്തും സകല പെരുന്നാളുകളിലും...

## സെദറാ

ഞങ്ങളുടെ മിശിഹാതമ്പുരാനേ, ആദാമിനെ മരണശിക്ഷയിൽനിന്നും ആജ്ഞാലംഘനത്തിൽനിന്നും നീ മോചിച്ചു. നിന്റെ അനുഗ്രഹവും കരുണയും നിമിത്തം അവനുവേണ്ടി മനസ്സോടെ പീഡാനുഭവത്തിനും താഴ്മയ്ക്കുമായി എഴുന്നെള്ളി വന്നു. മിസ്രേമിൽവച്ച് മോശ മുൻകൂട്ടി വരച്ചുവച്ച രേഖ നിന്റെ ശരീരത്തിൽ നീ നിറവേറ്റി. വിശുദ്ധസഭയുടെ ജീവകരമായ അറിവുകളും രഹസ്യങ്ങളും നിറഞ്ഞ മാളികയിൽവച്ച് രക്ഷയുടെ ആ സന്ധ്യയിൽ, ശ്ലീഹന്മാരുടെ സംഘത്തിന്റെ മുമ്പാകെവച്ച് നീ ഇതു നിറവേറ്റി. പഴയത്, കുഞ്ഞാടിനെക്കൊണ്ട് അവസാനിപ്പിക്കുകയും, പുതിയത്, അപ്പം കൊണ്ടാരംഭിക്കുകയും ചെയ്തു. വിശുദ്ധമായ ആ അത്താഴത്തിൽ വച്ച്, ഞങ്ങളെ പുണ്യപ്പെടുത്തുന്നതിന് നിന്റെ ശരീരവും, രക്തവും, ഭക്ഷണപാനീയങ്ങളായി ഞങ്ങൾക്ക് നല്കി. നിന്റെ ശിരസ്സ് വഞ്ചകന്റെ ചുംബനത്തിന് ചായിച്ചുകൊടുത്തു. ശത്രുക്കളായ യഹൂദജനം നിന്നെ പീഡിപ്പിച്ചു. കുരിശിലെ അപമാനത്തിന് എഴുന്നെള്ളിവന്നു. പീഡാനുഭവനാളിൽ ന്യായസ്ഥലത്തുനിന്നും അശുദ്ധന്മാരിൽനിന്ന് മുഖത്തേറ്റ തുപ്പൽകൊണ്ട്, കൽപ്പന ലംഘനത്താൽ വന്നുഭവിച്ച നികൃഷ്ടാപമാനത്തെ ഞങ്ങളുടെ മുഖത്തുനിന്നു നീ നീക്കിക്ക





ഇസ്രയേൽഭവനങ്ങൾ ഒഴിവാക്കി സംഹാരദൂതൻ കടന്നുപോയി. ആ "കടന്നുപോക്കിന്" കാരണമായ പെസഹാക്കുഞ്ഞാടിൽക്കൂടെ സൂചിപ്പിക്കുന്ന രക്ഷയുടെ വിശുദ്ധ പെരുനാൾ - ഇതാകുന്നു. ഈശോബർനൂൻ സ്വന്തം ജനങ്ങളോട്, നിങ്ങൾ ഒന്നാം മാസം പതിനാലാം തീയതി സന്ധ്യയ്ക്ക് യെരിഹോയിലെ മൈതാനത്തിൽവച്ച് ആടുകളേയും കുഞ്ഞാടുകളേയും അറുത്ത് നിങ്ങളുടെ ദൈവമായ കർത്താവിന് പെസഹാ കഴിപ്പിൻ എന്നു പറഞ്ഞു സൂചിപ്പിച്ച ദൈവികരഹസ്യം - ഇതാകുന്നു. തെരഞ്ഞെടുക്കപ്പെട്ടവനായ സാമുവേൽ ദീർഘദർശി, വീരന്മാരും ചേലയില്ലാത്തവരുമായ ഫിലസ്ത്യരെ കുറ്റപ്പെടുത്തി", കുടിമാറാത്ത കുഞ്ഞാടിനെക്കൊണ്ട് സൂചിപ്പിച്ച മഹാരഹസ്യം ഇതാകുന്നു. മഹാപരിശുദ്ധസ്ഥലത്തുവച്ച്, അത്ഭുതം കാണാതിരിക്കാൻ മുഖംമൂടികൊണ്ട്, അഗ്നിക്കൊടിലാൽ സ്രോപ്പേമാലാഖ നല്കിയ തീക്കനലിൽ ഏശായാ ദീർഘദർശി സ്വീകരിച്ച ദൈവികരഹസ്യം -ഇതാകുന്നു. മിസ്രേമിലെ സന്ധ്യ അവസാനിച്ചതും നിഴൽ ഒഴിഞ്ഞുപോയതും, ന്യായപ്രമാണത്തിലെ ദൃഷ്ടാന്തങ്ങൾ നിറവേറ്റിയതും സകല രഹസ്യങ്ങൾക്കും, ഉപമകൾക്കും അറുതി വരുത്തിയതും ആയ സന്ധ്യ -ഇതാകുന്നു.

ദൈവികവും, ആത്മികവുമായ ദാനങ്ങളാൽ ലോകത്തെ പ്രകാശിപ്പിച്ച ഈ മഹത്തായ പെരുനാൾ - എത്രയോ വിസ്മയനീയമാകുന്നു. ഇന്ന്, വിശുദ്ധ സഭയ്ക്ക് പ്രത്യക്ഷീഭവിച്ച വിസ്മയനീയമായ ഈ മഹാരഹസ്യം - എത്രയോ അത്ഭുതകരമാകുന്നു. കർത്താവേ, ഇസ്രയേൽജനത്തിൽനിന്ന് സംഹാരദൂതനെ വിലക്കിയ കുഞ്ഞാടിന്റെ രക്തത്തേക്കാൾ വിലയേറിയ നിന്റെ രക്തം, ഞങ്ങളുടെ ഹൃദയകവാടങ്ങൾ കഴുകി ആത്മാക്കളെ ശുദ്ധീകരിക്കുകയും അധരങ്ങളെ അഭിഷേകം ചെയ്യുകയും ചെയ്യുന്നു. ഇങ്ങനെ രക്ഷ ഞങ്ങൾക്കു നൽകിയതും സഭാമക്കൾ ഒരുമിച്ചുചേരുന്നതുമായ ഈ പരിശുദ്ധ ദിവസം - എത്രയോ വിസ്മയനീയമാകുന്നു. ദിവ്യപെരുനാളിൽ ഞങ്ങളെ ആനന്ദിപ്പിക്കുകയും, മരണത്തിന്റെയും സാത്താന്റെയും അടിമത്വത്തിൽനിന്ന് ഞങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്ത ഈ സ്വർഗ്ഗീയ പെസഹാ - വാഴ്ത്തപ്പെട്ടതാകുന്നു. സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരുകയും നിന്റെ തിരുശരീരം ഞങ്ങളുടെ ശരീരത്തിൽ ചേർക്കുകയും നിന്റെ രക്തം ഞങ്ങളുടെ അവയവങ്ങ

ശത്രുക്കളും അഹങ്കാരികളും മത്സരക്കാരുമായ പിശാചുക്കൾ ലജ്ജിച്ചുപോയി. ഇന്ന്, ഞങ്ങളുടെ കർത്താവായ നീ, പെസഹാ ഭക്ഷിക്കുകയും ഞങ്ങൾക്ക് സത്യപെസഹാ ആയിത്തീരുകയും, പെസഹായെ പെസഹായിൽ ചേർക്കുകയും, പെരുന്നാളിനെ പെരുന്നാളിൽ കലർത്തുകയും ചെയ്തു. ഇന്ന് സന്ധ്യാസമയത്ത് നാഥനായ നീ, പുതിയ പെസഹാ കുഞ്ഞാടിന്റെ ഭക്ഷണത്തിൽ കൈയ്പ് ചേർക്കുകയും, ശ്ലീഹന്മാരുടെ പല്ലുകൾ കൈയ്ച്ചുപോകുകയും ചെയ്തു. ഗുരുവായ നീ, അവരോടു പറഞ്ഞു, “നിങ്ങളിലൊരുവൻ എന്നെ കുരിശിൽ തറക്കുന്നതിനും, മരണത്തിനും ഏല്പിച്ചുകൊടുക്കും”. ഗുരു പറഞ്ഞതുകേട്ട് ശിഷ്യന്മാർ സന്ധ്യയ്ക്കും രാത്രിയിലും, വ്യസനവും ദുഃഖവും ഉള്ളവരായിത്തീർന്നു. അവർ പീഡയോടും കയ്പോടും അത്താഴം കഴിച്ചു. ഇന്ന് കർത്താവായ നീ, പഴയനിയമത്തെ മുദ്രവച്ച്, പുതിയത് രേഖപ്പെടുത്തി. വിശ്വാസമുള്ള കുടുംബക്കാരെ പഠിപ്പിക്കാൻ തുടങ്ങി. ഇന്നു ഞങ്ങളുടെ കർത്താവായ നീ ശരീരം മുറിക്കുകയും രക്തം കലർത്തുകയും ചെയ്ത് നിന്റെ പന്ത്രണ്ടു ശിഷ്യന്മാർക്ക് വിഭജിച്ചു കൊടുത്തു. ഇപ്രകാരം നീ അരുളിച്ചെയ്തു. “ഇത് പാപികൾ നീതീകരിക്കപ്പെടാനും, അനുതാപികൾ ശുദ്ധീകരിക്കപ്പെടാനുമായി പുതിയ ജീവന്റെ അച്ചാരമായി ഞാൻ നിങ്ങൾക്കു തരുന്ന എന്റെ വിശുദ്ധ ശരീരവും വിലയേറിയ രക്തവും ആകുന്നു”. അതിനാൽ ഞങ്ങൾ അട്ടഹസിച്ചു പറയുന്നു:

നീതിമാന്മാരും പുണ്യവാന്മാരും വാഞ്ഛിക്കുകയും, അവരുടെ ദർശനങ്ങൾകൊണ്ട് സാദൃശ്യങ്ങളെ രൂപീകരിക്കുകയും ചെയ്ത പരിശുദ്ധ രഹസ്യം -ഇതാകുന്നു. ഹാബേൽ സ്വബലിയാൽ ദൃഷ്ടാന്തത്തെ സൂചിപ്പിച്ച പരിശുദ്ധ രഹസ്യം -ഇതാകുന്നു. പ്രധാനാചാര്യനായ മൽക്കിസദേക്ക് പുളിപ്പുള്ള അപ്പവും വീഞ്ഞും അർപ്പിച്ച് സൂചിപ്പിച്ച, ദൈവികരഹസ്യം-ഇതാകുന്നു. അബ്രഹാം, പുത്രനായ ഇസഹാക്കിനെ മോറിയാമലയിൽവച്ച് ബലിയർപ്പിക്കാൻവേണ്ടി വാളോങ്ങിയപ്പോൾ, ആ അർപ്പണത്തിൽ തൃപ്തനായ ദൈവം ഇസഹാക്കിനെ രക്ഷിച്ചതു സൂചിപ്പിക്കുന്ന ദൈവികരഹസ്യം - ഇതാകുന്നു. പെസഹാക്കുഞ്ഞാടിന്റെ രക്തം, ഇസ്രയേൽക്കാരുടെ വാതിലുകളിലന്മേൽ തളിക്കപ്പെട്ടിരുന്നതിനാൽ, മിസ്രേംകാരുടെ ഭവനത്തിലെ ആദ്യജാതന്മാർ കൊല്ലപ്പെട്ടെങ്കിലും,



ളഞ്ഞു. ഘോരസർപ്പമായി വന്ന ദുഷ്ടന്റെ പ്രേരണനിമിത്തം, വൃക്ഷങ്ങളുടെ ഇടയിൽവച്ച് ആദാം ഊരിക്കളഞ്ഞ പരിശുദ്ധാത്മാവാകുന്ന വസ്ത്രം, വീണ്ടും ഞങ്ങളെ ധരിപ്പിക്കാൻവേണ്ടി യഹൂദന്മാരുടെ പരിഹാസമാകുന്ന അശുദ്ധവസ്ത്രം നീ ധരിച്ചു. ഞങ്ങളുടെ അവയവങ്ങളിൽ പാപം വിതച്ച ആത്മീയമരണം, നിന്റെ തലയിൽ ധരിച്ച മുൾക്കിരീടത്തിന്റെ മുള്ളുകൾകൊണ്ട് വേരോടെ നീ പറിച്ചുകളഞ്ഞു. സപ്രേന്മാർ നിന്നെ അടിച്ചു വേദനപ്പെടുത്തിയ കോൽകൊണ്ട് ജീവന്റെ പുസ്തകത്തിൽ ഞങ്ങളുടെ പേരുകൾ നീ എഴുതി.

വൃക്ഷത്തിന്റെ മധുരമായ കനി ഭക്ഷിച്ച് ശിക്ഷയേറ്റ ആദാമിന്റെ പാപപരിഹാരത്തിനായി കൈയ്പ്പും കാടിയും നീ കുടിച്ചു. എല്ലാ തലമുറകളിലേക്കും പാപം വരുത്തിയ കൈകൾ നിമിത്തം നിന്റെ കൈകാലുകൾ, ഇരുമ്പാണികൾ തറയ്ക്കാനായി വിട്ടുകൊടുത്തു. ദീർഘദർശിമാർ സൂചിപ്പിച്ച സകലതും, നിന്റെ ശരീരത്തിൽ നീ നിറവേറ്റി. കണ്ടാലും സകലതും നിവൃത്തിയായി എന്നു നീ അരുൾചെയ്തു.

ഞങ്ങളുടെ കർത്താവേ, അവർണനീയമായ താഴ്മയും, മനസ്സോടുകൂടെ നീ അനുഭവിച്ച പീഡാനുഭവങ്ങളും ഓർത്ത് ഇവിടെയും എവിടെയും ഉള്ള കാതോലികവും, അപ്പസ്തോലികവും, ഏകവും വിശുദ്ധവുമായ സഭയെ പരിപാലിച്ചുകൊള്ളണമേ. അവർ കുറ്റമില്ലാത്ത വിശ്വാസത്തോടെ നിന്റെ പീഡാനുഭവങ്ങളെ വന്ദിക്കുകയും, നിന്റെ മനുഷ്യബന്ധങ്ങളെ ഏറ്റുപറയുകയും ചെയ്യുന്നു. സത്യമായിട്ട് എല്ലാറ്റിന്റെയും ദൈവമാകുന്ന നിന്നെ ഞങ്ങൾ അറിയുന്നു. ഞങ്ങളുടെ വർഗ്ഗത്തിന്റെ കുറ്റം മായിച്ചുകളഞ്ഞ പീഡാനുഭവങ്ങളുടെ ഓർമ്മകഴിക്കുന്ന ഈ സമയത്ത്, ബലഹീനരും പാപികളുമായ ഞങ്ങൾ അർപ്പിക്കുന്ന ഈ സുഗന്ധധൂപത്തോടുകൂടെ, ഞങ്ങൾ ഇപ്രകാരം പ്രാർത്ഥിക്കുന്നു: നിസ്സാരരായ ഞങ്ങൾക്കും ഞങ്ങളുടെ പ്രാർത്ഥന ആവശ്യപ്പെടുന്നവരായ ഞങ്ങളുടെ സഹോദരങ്ങൾക്കും കടങ്ങളുടെ പരിഹാരവും പാപങ്ങളുടെ മോചനവും നല്കണമേ. മനസ്സോടും മനസ്സുകൂടാതെയും, അറിവോടും അറിവുകൂടാതെയും ഞങ്ങളും അവരും ചെയ്തുപോയിട്ടുള്ള സകല തെറ്റുകളും ക്ഷമിക്കണമേ.

നിന്നിലുള്ള പ്രത്യാശയിൽ മൃതിയടഞ്ഞ വിശ്വാസികളായ സകല പരേതർക്കും നല്ല ഓർമ്മ ഉണ്ടാക്കണമേ. ഞങ്ങളും അവരും, നിന്റെ വലത്തുഭാഗത്തുനിന്ന് കരുണ കാണുകയും, നിനക്കും, നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും അർപ്പിക്കുകയും ചെയ്യുമാറാകണമേ.

### എത്രോ

ഞങ്ങളുടെ കർത്താവായ മിശിഹാതമ്പുരാനേ, നിന്റെ പീഡാനുഭവത്താൽ രക്ഷിച്ച സഭയുടെ ഈ ധൂപം കൈക്കൊള്ളണമേ. തിരുരക്തത്താൽ വിലയ്ക്കുവാങ്ങിയ ഇടവകയുടെ ധൂപത്താൽ നിരപ്പാകണമേ. നിന്റെ മരണത്തിൽ അഭിമാനംകൊള്ളുന്ന ആടുകളുടെ പ്രാർത്ഥന ശ്രദ്ധിക്കണമേ. നിന്റെ മുറിവുകളെ ആലിംഗനം ചെയ്യുന്ന മണവാട്ടിയായ സഭയുടെ പ്രാർത്ഥന കേൾക്കണമേ. നിന്നിൽനിന്നും ഞങ്ങളെ അകറ്റുന്ന സകല പാപവികാരങ്ങളിൽനിന്നും ഞങ്ങളെ നിന്റെ സ്ലീബായാൽ കാത്തുകൊള്ളണമേ. നിന്റെ പീഡാനുഭവത്തിൽ പങ്കുചേരാനും നിന്റെ മഹിമയാൽ മഹിമനേടാനും പുനരുത്ഥാനനാളിൽ ഒരുമിച്ചുല്ലസിക്കാനും ഞങ്ങളെ യോഗ്യരാക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും......



ളുടെ ബലഹീനവർഗ്ഗത്തിന് പാപപരിഹാരം നല്കി. നീ മഹത്വമുള്ള ആചാര്യനും, സ്വർഗ്ഗസ്ഥനായ മഹാപുരോഹിതനുമാകുന്നു. ഞങ്ങളെ ഉന്നതിയിലേക്ക് നയിക്കാൻ, നീ ഞങ്ങളെപ്പോലെ ഞങ്ങളുടെ ഇടയിലേക്ക് വന്നു. അദൃശ്യദൈവമായ നീ, മരണത്തിനെതിരായ മാർഗ്ഗം തുറന്നു തന്നു. വിശുദ്ധമായ നിന്റെ വ്യാപാരങ്ങളാൽ ഭൂമിയിൽനിന്ന് ശാപം നിർമ്മൂലമാക്കി. പീഡയും മരണവുമില്ലാത്തവനും ലോകത്തിൽ അത്ഭുതങ്ങൾ പ്രവർത്തിച്ച രോഗികളുടെ വൈദ്യനുമായ നീ മുറിവേറ്റവരെ മുറിവുവെച്ചുകെട്ടി ശുശ്രൂഷിക്കുന്നവനാകുന്നു. എല്ലാ വ്യാപാരങ്ങളുടെയും അന്ത്യത്തിൽ സ്വമനസ്സാലേ നീ പീഡാനുഭവത്തിനു ഒരുങ്ങിവന്നു. അതിനുമുമ്പ്, "പുതിയ ന്യായപ്രമാണത്തിലെ പെസഹാ കുഞ്ഞാടിനെ ഇന്നു നിങ്ങളോടുകൂടെ ഭക്ഷിക്കാൻ ഞാൻ ഏറ്റം ആഗ്രഹിക്കുന്നു" എന്ന് നിന്റെ തെരഞ്ഞെടുക്കപ്പെട്ട ശിഷ്യന്മാരോട് നീ അരുളിചെയ്തു. "നിങ്ങൾ പോയി മാളികയിൽ പെസഹാ ഒരുക്കുവിൻ. എന്റെ പീഡാനുഭവത്തിനുമുമ്പ്, ഈ പെസഹാ നിങ്ങളോടൊരുമിച്ചു ഭക്ഷിക്കേണ്ടിയിരിക്കുന്നു. ആദിയിൽ ഈ ഭൂമിയാകുന്ന ഭവനം നീ പണിതു. ആകാശത്തെ വിതാനമായി വിരിച്ചു. ലോകത്തിന്റെ അടിസ്ഥാനം ഉറപ്പിച്ചു. ആദാമിനെ ഗോത്രങ്ങളുടെയും കുടുംബങ്ങളുടെയും തലവനായി അതിൽ പാർപ്പിച്ചു. എന്നാൽ, നിനക്കാകട്ടെ ഇന്ന്, ഒരു ചെറിയ ഭവനം മാത്രമാണ് തയ്യാറാക്കപ്പെട്ടത്. ഇന്ന്, നീതിസൂര്യനായ നീ അന്ധകാരമയമായ സ്ഥലത്ത് പെരുനാൾ ആഘോഷിച്ചു. രഹസ്യപൂർണ്ണമായ ആ അത്താഴത്തിൽ, കുഞ്ഞാടിനെ ഭക്ഷിക്കാനായി, പ്രകാശമുള്ള നിന്റെ ശിഷ്യന്മാരെ മേശയ്ക്കരികെ ഇരുത്തി, നിന്റെ സഭയുടെ പുതിയ രഹസ്യം അവരെ പഠിപ്പിച്ചു. സത്യമാർഗ്ഗം അവർക്ക് കാണിച്ചുകൊടുക്കുകയും ചെയ്തു.

ഇന്ന്, സ്വർഗ്ഗീയരാജാവ് ദാസനെപ്പോലെ അരയിൽ തൂവാലകെട്ടി ശുശ്രൂഷിച്ചു. നീ ശിഷ്യന്മാരുടെ മുമ്പിൽ തലകുനിച്ച് അവരുടെ പാദങ്ങൾ കഴുകുന്നതുകണ്ട്, സ്വർഗ്ഗീയ സൈന്യങ്ങൾ വിസ്മയിച്ചുപോയി. ഇന്ന്, അഴുക്കും ചെളിയും ചേർന്ന മണ്ണിനെ അതിന്റെ സ്രഷ്ടാവ് ആദരിക്കുന്നതുകണ്ട് മനുഷ്യവർഗ്ഗത്തിന്റെ

# വ്യാഴം – പ്രഭാതം

## പ്രുമിയോൻ

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച്...

പ്രത്യുത്തരം : കാരുണ്യവാനായ കർത്താവേ,...

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും...

ദൈവമായ കർത്താവേ, നീ ജീവനുള്ള ബലിയും, ബലികൾ കൈക്കൊള്ളുന്നവനുമാകുന്നു. ശുദ്ധീകരിക്കുന്ന സോപ്പായും വെടിപ്പുള്ള തളിപ്പും നീ ആകുന്നു. ഗോഗുൽത്തായുടെ മുകളിൽവച്ച് തന്നെത്താൻ ബലികഴിക്കുകയും ആ ബലിയാൽ ഞങ്ങളുടെ ആത്മാക്കളെ നീ ശുദ്ധീകരിക്കുകയും ചെയ്തു. നിന്റെ കരുണ ഞങ്ങളെ രക്ഷിച്ചു. ജീവപ്രദമായ നിന്റെ മരണത്താൽ ഞങ്ങളെ ജീവിപ്പിക്കുകയും ചെയ്തു. വന്ദ്യനായ നിന്നെ ആരാധിക്കാൻ ഞങ്ങളെ നീ ആകർഷിച്ചു. നിന്റെ ഉയിർത്തെഴുന്നേല്പാൽ ഞങ്ങളെ ഉയിർപ്പിലേക്ക് കൊണ്ടുവന്നു. നിനക്ക് പ്രഭാതപ്രാർത്ഥനയുടെ ഈ സമയത്തും സകല പെരുന്നാളുകളിലും...

## സെദറാ

ഞങ്ങളുടെ രക്ഷകനായ കർത്താവേ, പിതാവായ ദൈവത്തിന്റെ ശക്തിയും ജ്ഞാനവും നീയാകുന്നു. സ്വർഗ്ഗീയപിതാവിനു തുല്യനായ കിരണമായിരിക്കുന്ന നീ, കന്യകയിൽ നിന്നു ശരീരമെടുത്തു. അതിനാൽ സർവ്വസൃഷ്ടികളെയും നീ ആനന്ദിപ്പിച്ചു. ആനന്ദകരമായ പ്രകാശമാകുന്ന നീ, ആദാമ്യവർഗ്ഗത്തെ പിതാവിനോടു നിരപ്പാക്കി. നീ ശ്രോപ്പേന്മാരുടെ സ്തുതികൾ സ്വീകരിക്കുന്നവനാകുന്നു. പാപികൾക്കുവേണ്ടി ബലിവസ്തുവായിത്തീരാൻ നിന്റെ സ്നേഹം നിന്നെ നിർബന്ധിച്ചു. പറുദീസായിൽ വൃക്ഷങ്ങളുടെ ഇടയിൽ കാണപ്പെട്ട സാത്താനാകുന്ന സർപ്പം, ചീറ്റൽ ശബ്ദത്താൽ ഹവ്വായെ വിളിച്ചു. അവൾവഴി കടന്നുവന്ന പാപം നീ ഇല്ലാതാക്കുകയും ചെയ്തു. ബലികളും കാഴ്ചകളും കൈക്കൊള്ളുന്നവനായ നീ, സ്വയബലിയാൽ, ഞങ്ങ



# ബുധൻ – ആറാം മണി

## പ്രുമിയോൻ

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച്...

പ്രത്യുത്തരം : കാരുണ്യവാനായ കർത്താവേ,...

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും...

പരിശുദ്ധ പ്രധാന പുരോഹിതനായ കർത്താവേ, ഞങ്ങളെ രക്ഷിക്കാൻവേണ്ടി നീ തന്നെത്തന്നെ ബലിയർപ്പിച്ചു. വിസ്മയനീയമായ നിന്റെ താഴ്മയുടെ പീഡാനുഭവത്താൽ, ഞങ്ങളുടെ പീഡകൾ മായിച്ചുകളഞ്ഞു; പാപങ്ങൾ ഇല്ലാതാക്കി. കല്പനലംഘനത്താലുണ്ടായ അനുസരണക്കേടിന്റെ ശിക്ഷ, കുരിശിന്റെ ശക്തിയാൽ പരിഹരിച്ചു. നിനക്ക് ഈ സമയത്തും എല്ലാ കാലങ്ങളിലും...

## സെദറാ

മഹോന്നതനായ കർത്താവേ, നിന്റെ സഭ നിന്നെ വന്ദിക്കുന്നു. നിന്റെ ദിവ്യസന്തതിയാകുന്ന ഇടവക പരിശുദ്ധമായ നിന്റെ പീഡാനുഭവത്തെ പുകഴ്ത്തുന്നു. നിന്റെ ബലിയാൽ ഭൂമിയിലെ അനീതി നീക്കിക്കളഞ്ഞു. ഗോഗുൽത്തായുടെ മുകളിൽവച്ച് തന്നെത്താൻ ബലിയായർപ്പിച്ച് ഭൂവാസികളെ സ്വർഗ്ഗവാസികളുമായി രമ്യപ്പെടുത്തി. സൃഷ്ടികളെ പിതാവിനോടു നിരപ്പാക്കിയ നാഥാ, നിന്റെ പീഡാനുഭവത്തെ ഞങ്ങൾ സ്തുതിക്കുന്നു. ഞങ്ങളുടെ പാപം മായിച്ചുകളഞ്ഞ കുരിശിനെ ഞങ്ങൾ വന്ദിക്കുന്നു. ഞങ്ങളുടെ വേദനകളും പാപങ്ങളും ഇല്ലാതാക്കിയ, നിന്റെ മുറിവുകളെ ഞങ്ങൾ ലാളിക്കുന്നു. വിഴുങ്ങിക്കളയുന്ന പാതാളത്തിന്റെ വായിൽനിന്ന്, ഞങ്ങളെ ഉദ്ധരിച്ച നിന്റെ പുനരുത്ഥാനത്തെ ഞങ്ങൾ പുകഴ്ത്തുന്നു. കുറ്റമില്ലാത്ത ആട്ടിൻകുട്ടിയായ നീ, വഴിതെറ്റിപ്പോയ ആടുകളായ ഞങ്ങളെ രക്ഷിക്കാൻ കുരിശ് തോളിൽ വഹിച്ചുകൊണ്ട് കൊല്ലപ്പെടാനായി മലയിലേക്കു കയറിച്ചെന്നു. അങ്ങനെ ഞങ്ങളെ പിതാവിന്റെ ഭവനമാകുന്ന ആലയിലേയ്ക്ക് തിരികെ കൊണ്ടുവന്നു.

കർത്താവേ, ഇപ്പോൾ ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. ഞങ്ങളുടെ ഈ ധൂപം നിന്റെ തൃക്കൈകൾ വഴി, പിതാവ് സ്വീകരിക്കുമാറാകണമേ. വിശ്വാസമാകുന്ന പരിചയേന്തിയും, രക്ഷയാകുന്ന പടത്തൊപ്പി ധരിച്ചും, സ്നേഹമാകുന്ന ഉടുപ്പണിഞ്ഞും, ശരണമാകുന്ന അരക്കെട്ടു കെട്ടിയും, മുഖപ്രസന്നതയോടെ നിന്റെ പുനരുത്ഥാനത്തിൽ ഞങ്ങൾ അടുത്തുവരുന്നു. നിന്റെ കല്യാണവിരുന്നിൽ ഞങ്ങളെ തോഴന്മാരാക്കണമേ. നിന്റെ രാജ്യത്തിൽ പുതിയ അവകാശികളായിത്തീരുവാനും ഞങ്ങളെ അർഹരാക്കണമേ. ഞങ്ങളും ഞങ്ങളുടെ പരേതരും അക്ഷയങ്ങളായ സൗഭാഗ്യങ്ങളാൽ ആനന്ദിക്കുമാറാകണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും...

## എത്രോ

ഞങ്ങളുടെ ദൈവമായ കർത്താവേ, നിന്റെ കൃപയുടെ സുവിശേഷപ്രകാശത്താൽ, ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമേ. നിന്റെ സ്ലീബായോടുള്ള സ്നേഹത്തിൽ, ഞങ്ങളുടെ ആത്മാക്കളെ നിറയ്ക്കണമേ. ഞങ്ങളുടെ ധൂപം സ്വീകരിച്ച് ഞങ്ങളിൽ പ്രസാദിക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും......



ച്ചുകൊടുത്തു. ഏറ്റം പ്രായംകുറഞ്ഞ യോഹന്നാന്റെ പാദങ്ങൾ ആദ്യം കഴുകിയും, ഏറ്റം പ്രായമുള്ള പത്രോസിന്റെ പാദങ്ങൾ അവസാനം കഴുകിയും, എളിമയുടെ യഥാർത്ഥമായ ദൃഷ്ടാന്തം ശിഷ്യന്മാർക്ക് മനസ്സിലാക്കിക്കൊടുത്തു. ഇങ്ങനെ സ്നേഹത്തിന്റെ ഐക്യവും, പരസ്പരമുള്ള ക്ഷമയുടെ ആവശ്യവും, അവരുടെ ആത്മാക്കളിൽ വിതച്ചു. ഇപ്രകാരം പെരുമാറുന്നതിനും ഞങ്ങളും കടപ്പെട്ടവരാണെന്ന് നീ കല്പിച്ചു. ശിഷ്യന്മാരും ഇത് മറ്റുള്ളവരെ പഠിപ്പിച്ചു.

ഇതിനാൽ, അവരെപ്പോലെ ഞങ്ങൾ വർത്തിച്ച്, നിന്റെ നന്മയോട് അപേക്ഷിക്കുന്നു: ഞങ്ങൾ ചെയ്ത പിഴകൾ വിസ്മരിക്കണമേ. വേശ്യാസ്ത്രീക്കു മോചനം നല്കിയപ്രകാരം, ഞങ്ങൾക്കും മോചനം നല്കണമേ. നിന്റെ തെരഞ്ഞെടുക്കപ്പെട്ടവരിൽ ഞങ്ങളെ ഉൾപ്പെടുത്തണമേ. ഈ ദിവസത്തെ കഴുകൽ, ഞങ്ങൾക്ക് ദേഹീദേഹങ്ങളുടെ സകല മാലിന്യങ്ങളിൽനിന്നുമുള്ള ശുദ്ധീകരണമായിത്തീരണമേ. എല്ലാ ദുഃഖവും, കോപവും, ദൂഷണവും, ഏഷണിയും, വെറുപ്പും, അസൂയയും, ഭിന്നതകളും, ദുഷ്കൃത്യങ്ങളും, ഞങ്ങളിൽനിന്നകറ്റണമേ. ഞങ്ങളുടെ ആന്തരിക മനുഷ്യനെ നവീകരിച്ച്, പരിശുദ്ധ റൂഹായാൽ ശുദ്ധീകരിക്കണമേ. അധികാരികളും, അധീനരും, താണവരും ഉയർന്നവരുമായ ഞങ്ങൾ ഭേദവിചാരം കൂടാതെ ആത്മീകമായും സ്നേഹപരമായും, പരസ്പരം സഹിച്ചും അന്യോന്യം സ്നേഹിച്ചും കഴിയാൻ അനുഗ്രഹിക്കണമേ. ശ്രേഷ്ഠമായ പ്രയത്നങ്ങൾ അന്യോന്യം സഹകരിച്ച്, ഒരു ശരീരത്തിലെ അവയവങ്ങൾപോലെ ഐക്യത്തോടെ നിറവേറ്റാൻ വേണ്ട കൃപ നല്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും...

# വ്യാഴം - സൂത്താറ

## പ്രുമിയോൻ

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച്...

പ്രത്യുത്തരം : കാരുണ്യവാനായ കർത്താവേ,...

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും...

ഞങ്ങളുടെ മിശിഹാതമ്പുരാനേ, നീ സത്യത്തിന്റെയും സ്നേഹത്തിന്റെയും പൂർണ്ണതയാകുന്നു. നിന്റെ മനുഷ്യസ്നേഹത്താൽ, നീ സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്നു. ഭൂമിയിൽ ഭരണപ്രകാരം സഞ്ചരിച്ചു. നിന്റെ അരയിൽ തൂവാലകെട്ടി ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി. താഴ്ചയും പരിപൂർണ്ണതയുടെ പ്രശസ്ത മാർഗ്ഗവും നീ കാണിച്ചുകൊടുത്തു. നിനക്ക് ഈ സമയത്തും സകല പെരുന്നാളുകളിലും...

## സെദറാ

ദൃശ്യങ്ങളും അദൃശ്യങ്ങളുമായ സകലതും, സ്വന്തം വചനത്താൽ നിർമ്മിച്ച കർത്താവേ, നിന്റെ ശക്തിയാൽ, എല്ലാറ്റിനേയും ഉണ്മയിലേക്ക് നീ കൊണ്ടുവന്നു. നീ വിശുദ്ധിയുടെയും, പ്രകാശത്തിന്റെയും ജീവന്റെയും, നീതിയുടെയും ശുചിത്വത്തിന്റെയും ഉറവയാകുന്നു. ഞങ്ങൾക്കുവേണ്ടി ഭേദംകൂടാതെ നീ ശരീരിയായിത്തീർന്നു. ഞങ്ങൾക്കുവേണ്ടി അപമാനങ്ങളും, അധിക്ഷേപങ്ങളും സഹിച്ചു. സ്വർഗ്ഗീയസേനകളാൽ ശുശ്രൂഷിക്കപ്പെടുന്ന നീ, രക്ഷിക്കാനും ശുശ്രൂഷിക്കാനുമായി വന്നു. അറിവില്ലാത്തവരും അവിവേകികളുമായ ശിഷ്യന്മാരെ അനേകരിൽനിന്നു തെരഞ്ഞെടുത്ത്, അവർക്ക് പുണ്യോപദേശം നല്കി, നിന്റെ മനുഷ്യസ്നേഹത്താൽ ഇക്കാര്യം നിവർത്തിച്ചു. രഹസ്യപൂർണ്ണമായ മാളികയിൽ അവരോടുകൂടെ ഭക്ഷണത്തിനിരുന്ന് പുതിയ പെസഹാ നീ ഭക്ഷിച്ചു. രഹസ്യങ്ങൾ അവർക്കു വെളിപ്പെടുത്തിക്കൊടുത്തു. പിന്നീട് ശുശ്രൂഷകനെപ്പോലെ, പാത്രത്തിൽ വെള്ളമെടുത്ത് തൂവാല അരയിൽ ചുറ്റി, അവരുടെ പാദങ്ങൾ കഴുകി. അങ്ങനെ താഴ്മയുടെ യഥാർത്ഥ മാതൃക കാണി



# ബുധൻ - ഒൻപതാം മണി

## പ്രുമിയോൻ

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച്...

പ്രത്യുത്തരം : കാരുണ്യവാനായ കർത്താവേ,...

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും...

രക്ഷകനായ കർത്താവേ, നിന്റെ കുരിശാൽ ദീർഘദർശിമാരുടെ ഉപമകൾ നീ നിറവേറ്റി. പഴയ പുണ്യവാന്മാരുടെ ദൃഷ്ടാന്തങ്ങൾ ഉറപ്പിച്ചു. പരിശുദ്ധന്മാരുടെ സൂചനകൾ പൂർത്തിയാക്കി. പ്രാസംഗികന്മാരുടെ ശബ്ദം പ്രബലമാക്കി. നിന്റെ ശക്തിയാൽ സുവിശേഷകർക്ക് വചനം നൽകി. നിനക്ക് ഈ സമയത്തും. സകല പെരുന്നാളുകളിലും...

## സെദറാ

നല്ല ഇടയനായ മിശിഹാതമ്പുരാനേ, നീ ഞങ്ങൾക്കുവേണ്ടി കൊല്ലപ്പെട്ടു.ഞങ്ങൾ നിന്നെ വന്ദിച്ച് സ്തുതിക്കുന്നു. നാഥാ! നിന്റെ രക്തത്താൽ സമ്പാദിച്ചതും, കാതോലികവും, ഏകവും, ശ്ലൈഹികവും, വിശുദ്ധവുമായ സഭയുടെ സമാധാനത്തെ നീ കാത്തു രക്ഷിക്കണമേ. ഈ ലോകത്തിലെ ക്രൂരരായ അധികാരികളെ ദുർബലരാക്കണമേ. നിന്റെ സത്യവാഗ്ദാനങ്ങൾ ലോകാവസാനംവരെ പാലിക്കപ്പെടണമേ. നിന്റെ എല്ലാ ഇടവകകൾക്കും പാപപരിഹാരം നൽകണമേ. നിന്റെ ജയമുള്ള സ്ലീബായിൽ അഭയം പ്രാപിക്കുന്ന വിശ്വാസികളുടെ വിജയകിരീടം നീ കാത്തുകൊള്ളണമേ. ശത്രുക്കളെ ജയിക്കാൻ അവർക്കു ശക്തി നൽകണമേ. നിന്റെ കൃപയാൽ കാലാവസ്ഥയെ അനുഗ്രഹിക്കണമേ. ഭൂമിയിലെ കായ്കനികളെ സകല ഉപദ്രവങ്ങളിൽനിന്നും സൂക്ഷിച്ചുകൊള്ളണമേ. ഞെരുങ്ങിയിരിക്കുന്നവർക്ക് നീ സഹായിയും, ദുഃഖിതർക്ക് സങ്കേതവും, വ്യസനിച്ചിരിക്കുന്നവർക്ക് ആശ്വാസദായകനും, ആവശ്യക്കാർക്ക് ദാതാവും ആയിരിക്കണമേ. അടിമപ്പെട്ടവരുടെ പ്രയാസം ഗൗനിക്കാതിരിക്കരുതേ. കഷ്ടപ്പെടുന്നവരുടെ സങ്കടം തിരുമുമ്പിൽ പ്രവേശിക്കണമേ. ഞങ്ങളുടെ

പരേതരായ പിതാക്കന്മാരുടെയും, സഹോദരന്മാരുടെയും, ആചാര്യന്മാരുടെയും ഗുരുക്കന്മാരുടെയും ആത്മാക്കൾക്ക് ആശ്വാസം നൽകണമേ. നീ മുഖാന്തിരം അവർ ജീവന്റെ സങ്കേതത്തിൽ പ്രവേശിക്കുമാറാകണമേ. നിന്റെ കുരിശിനെ വന്ദിക്കുന്നതിനാൽ വിവിധതരമായ മരണം വരിച്ചവർക്കെല്ലാം നല്ല പ്രതിഫലം നൽകണമേ. അവരെ ജീവന്റെ മണവറയായ സ്വർഗ്ഗരാജ്യത്തിലേക്ക് കൊണ്ടുപോകണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും...

## എത്രോ

ഞങ്ങളുടെ കർത്താവേ, നിന്റെ ഇടവക നിനക്കു സമർപ്പിക്കുന്ന ഈ ധൂപം സ്വീകരിക്കണമേ. നിന്റെ സഭയ്ക്ക് സമാധാനവും ആടുകൾക്ക് ആശ്വാസവും വിശ്രമവും നൽകണമേ. നിന്റെ പീഡാനുഭവത്തെ ഏറ്റുപറഞ്ഞ് പീഡയനുഭവിക്കാനും നിന്റെ മുറിവുകളെ വന്ദിച്ച് ഓമനിക്കാനും നിന്റെ പുനരുത്ഥാനം വാഴ്ത്തി, ജീവന്റെ തൊഴുത്തിൽ പ്രവേശിക്കാനും ഞങ്ങളെ യോഗ്യരാക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും...



കൈക്കൊള്ളാൻ അനുഗ്രഹിക്കണമേ. സകല പഴക്കത്തിൽനിന്നും ഒഴിഞ്ഞ്, നിത്യവും പുതുമയോടെ നിന്നെ ഭക്ഷിപ്പാനും, നിന്റെ രാജ്യത്തിൽ പുതുമയോടെ പാനംചെയ്യാനും ഞങ്ങളെ അർഹരാക്കണമേ. ഇവിടെയും, അവിടെ മാഞ്ഞുപോകാത്ത ലോകത്തിലും, ആനന്ദകരമായ പെസഹായാകുന്ന നിന്നിൽ നിദ്ര പ്രാപിച്ച സകല പരേതരും, നിനക്കും നിന്റെ രക്തത്താൽ നിരപ്പാക്കപ്പെട്ട പിതാവിനും, സാരാംശത്തിൽ തുല്യനായിരിക്കുന്ന പരിശുദ്ധ റൂഹായ്ക്കും സന്തോഷത്തോടെ സ്തുതിയും, ആനന്ദത്തോടെ കീർത്തനവും, ആഹ്ലാദത്തോടെ പുകഴ്ചയും, അർപ്പിക്കുമാറാകണമേ. ഹോശോ...

## എത്രോ

ദൈവമായ കർത്താവേ, ഞങ്ങൾ തിരുമുമ്പിൽ സമർപ്പിച്ച ഈ സുഗന്ധധൂപം, ഹാബേലിന്റെ ബലിപോലെയും, നോഹിന്റെ നൈവേദ്യംപോലെയും, അബ്രഹാമിന്റെ ബലിപോലെയും സ്വീകരിക്കണമേ. അത് മൽക്കിസദേക്കിന്റെ പുരോഹിതകർമ്മം പോലെയും, മോശയുടെ പ്രാർത്ഥനപോലെയും, അഹറോന്റെ ധൂപംപോലെയും തിരുസന്നിധിയിൽ ആയിത്തീരട്ടെ. ഫിനഹാസിന്റെ വാളുപോലെയും അഹറോന്റെ ധൂപംപോലെയും മനശ്ശയുടെ കണ്ണുനീരുപോലെയും നീ അത് കൈക്കൊള്ളണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും...

കൂദാശവഴിയായി നമുക്ക് നല്കപ്പെട്ടു. ഇന്ന്, നാം എല്ലാവരും ശുദ്ധീകരണപ്പെരുന്നാളും പാപപരിഹാരപ്പെരുന്നാളും കൊണ്ടാടണം. അത് തിന്മയും കയ്പുമുള്ള പഴയ പുളിമാവ് കൊണ്ടല്ല, വെടിപ്പും വിശുദ്ധിയുമാകുന്ന പുളിമാവുകൊണ്ട് ഘോഷിക്കണം. ഇന്ന്, പഴമയിൽനിന്ന് പുതുമയിലേക്കും, മരണത്തിൽനിന്ന് മരണമില്ലായ്മയിലേക്കും, ദാസ്യവൃത്തിയിൽനിന്ന് കർത്തൃസ്വാതന്ത്ര്യത്തിലേക്കും, കുഞ്ഞാടിൽനിന്ന്, ദൈവത്തിന്റെ കുഞ്ഞാടിലേക്കും മാറ്റം നല്കിയതും, കർത്താവിനടുത്തതുമായ പരിശുദ്ധ പെസഹാപെരുന്നാൾ നാം കൊണ്ടാടണം. ഇന്ന് അവിശ്വാസത്തിൽനിന്ന് വിശ്വാസത്തിലേക്കും, വഴിതെറ്റിൽനിന്ന് സത്യവഴിയിലേക്കും ഉള്ള ആത്മികമാറ്റം നമുക്കുണ്ടായി. ഇന്ന്, അക്ഷയമായ യഥാർത്ഥജീവൻ നാം കണ്ടെത്തി. ഇന്ന് മാളികയിൽവച്ച് അറക്കപ്പെട്ട രക്തരഹിതമായ നിഷ്ക്കളങ്കബലിയാൽ, മൃഗങ്ങളെ വെട്ടിക്കൊല്ലുന്ന ആയുധം ലേവ്യ ഭവനക്കാരിൽനിന്ന് വിട്ടുപിരിഞ്ഞു. ഇന്ന്, സംസാരശക്തിയുള്ള കുഞ്ഞാടിന്റെ രക്തരഹിതമായ ബലിയാൽ, സീയോൻ ദൈവാലയത്തിൽനിന്ന് രക്തം ചൊരിച്ചിലും ചാരം വിതറലും നിറുത്തപ്പെട്ടു.

ഇതിനാൽ, മിശിഹാതമ്പുരാനേ, നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു. മൃതനെപ്പോലെ നീ ശരീരവും രക്തവും ഞങ്ങൾക്കായി ഭാഗിച്ചു. അതേസമയം, ജീവനുള്ളവനെപ്പോലെ നീ അതിൽനിന്ന് ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്തു. നീ കൊല്ലപ്പെട്ടവനാണെങ്കിലും ജീവിച്ചിരിക്കുന്നെന്നും, മരിച്ചവനെങ്കിലും ജീവദാതാവാണെന്നും ഞങ്ങൾ അറിയുന്നു. നിന്റെ ശരീരരക്തങ്ങളുടെ ചൈതന്യപ്രദമായ അംഗീകരണത്തിന് ഞങ്ങളെ യോഗ്യരാക്കണമേ. സംഹാരകൻ അകത്തു പ്രവേശിച്ച്, ജീവകരമായ നിന്റെ പീഡാനുഭവത്തേയും മരണത്തേയുംക്കുറിച്ചുള്ള നിർമ്മലവിചാരങ്ങളാകുന്ന ആദ്യജാതന്മാരെ, നശിപ്പിക്കാതിരിക്കാൻ അവനിൽനിന്ന് ഞങ്ങളെ രക്ഷിക്കണമേ. വിനയമാകുന്ന അരക്കച്ചകെട്ടിയും, സമാധാനമാകുന്ന ചെരിപ്പ് ധരിച്ചും, ജയമുള്ള സ്ലീബായാകുന്ന വടിപിടിച്ചും, ഇത് ഭക്ഷിപ്പാൻ ഞങ്ങളെ അർഹരാക്കണമേ. സത്യമാകുന്ന ഉപ്പ് ചേർത്തും, സ്നേഹമാകുന്ന തീയിൽ വറുത്തും, നിഷ്ക്കളങ്കമായ സത്യവിശ്വാസത്തിൽ യാതൊരു സംശയവും കൂടാതെ ഉറച്ചുനിന്ന്, അത്



# വ്യാഴം-സന്ധ്യ

## പ്രാരംഭപ്രാർത്ഥന

പട്ടക്കാരൻ : ശുബഹോ ലാബോ...

പ്രത്യുത്തരം : ബലഹീനരും പാപികളും ...

ദൈവമായ കർത്താവേ, ഞങ്ങളുടെ ആത്മാക്കൾ അരമുറുക്കിയും, നിന്നെക്കുറിച്ചുള്ള അറിവാകുന്ന വിളക്ക് പ്രകാശിപ്പിച്ചും, നിന്നിലുള്ള പ്രത്യാശയാകുന്ന ഊന്നുവടിയാൽ ശക്തിപ്പെട്ടും, നിന്റെ സ്വർഗ്ഗീയ മേശയ്ക്ക് അടുത്തുവരുവാൻ ഞങ്ങളെ അർഹരാക്കണമേ. നിന്റെ കല്പനകളുടെ മാർഗ്ഗത്തിൽക്കൂടെ ഉത്സാഹത്തോടെ സഞ്ചരിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. നിന്റെ വിശുദ്ധ ശരീരത്തിലും തിരുരക്തത്തിലും സംബന്ധിക്കുന്നതുമൂലം, നാശവും ആപത്തും അകറ്റി, നിന്റെ സ്ലീബായുടെ അടയാളത്താൽ, ഞങ്ങൾ ആന്തരികമായി സംരക്ഷിക്കപ്പെടുമാറാകണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും...

## പ്രുമിയോൻ

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച്...

പ്രത്യുത്തരം : കാരുണ്യവാനായ കർത്താവേ, ...

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും...

ഞങ്ങളുടെ നാഥനായ മിശിഹാതമ്പുരാനേ, ന്യായപ്രമാണസൂചനകൾ നിറവേറ്റാനായി, പെരുന്നാളുകളുടെ നാഥനും പെരുന്നാളുകളെ പൂർണ്ണമാക്കുന്നവനുമായ നീ, പെരുന്നാളിനും കയറിച്ചെന്നു. അപ്പോൾ നിന്റെ ശിഷ്യന്മാരോട് ഇപ്രകാരം അരുളിച്ചെയ്തു: "ഞാൻ മരിക്കുന്നതിനു മുമ്പ് നിങ്ങളോടൊന്നിച്ച് ഈ പെസഹാ ഭക്ഷിക്കുവാൻ ആഗ്രഹിച്ചു. പഴയവ നിവർത്തിക്കപ്പെടണം; നിഴലായവ പൂർണ്ണമാക്കപ്പെടണം. എന്നെന്നും നിങ്ങളോടുകൂടെയായിരിക്കുവാൻ എന്റെ രക്തത്തിന്റെ പുതിയ ഉടമ്പടി നിങ്ങളെ ഏല്പിച്ച്, നാശമില്ലാത്ത ഭാവിജീവിതത്തിന്റെ

അച്ചാരമായി എന്റെ വിശുദ്ധ ശരീരവും വിലയേറിയ രക്തവും നിങ്ങൾക്ക് തരാൻ ഞാൻ അത്യധികം ആഗ്രഹിക്കുന്നു. അവ കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനുംവേണ്ടിയാണ് നല്കപ്പെടുന്നത്. ഇപ്രകാരം കല്പിച്ച നാഥനായ നിനക്ക് സന്ധ്യാപ്രാർത്ഥനയുടെ ഈ സമയത്തും സകല പെരുന്നാളുകളിലും...

## സെദറാ

മഹത്വത്തിന്റെ രാജാവും, എല്ലാറ്റിന്റെയും ദൈവവും, ദൈവത്തിന്റെ കുഞ്ഞാടുമായ മിശിഹാ തമ്പുരാനേ, നിന്റെ സ്നേഹത്താൽ ലോകത്തിന്റെ അകൃത്യം നീ വഹിച്ചു. നിന്റെ കൃപയാൽ ലോകത്തിന്റെ ജീവനുവേണ്ടി കൊല്ലപ്പെടുവാനും, കരുണയാൽ പാപികൾക്കുവേണ്ടി സ്വയം കുരിശുമരണം വരിക്കാനും നീ തിരുമനസ്സായി. ന്യായപ്രമാണത്തിലും മറ്റും വിധിച്ചപ്രകാരം കാളകൾ, കാളക്കുട്ടികൾ, ആട്ടിൻകുട്ടികൾ, മുട്ടാടുകൾ എന്നിവയെ വെട്ടി ബലികഴിക്കുന്നതിൽനിന്ന് ഞങ്ങളെ ഒഴിവാക്കി ഉദ്ധരിച്ചു. നിന്റെ മനുഷ്യസ്നേഹപ്രകാരം അങ്ങനെ തിരുവുള്ളം തോന്നിയല്ലോ. നീ നിന്റെ ശിഷ്യന്മാരോട് പറഞ്ഞു: "ഇന്ന് നിങ്ങളോടുകൂടെ പെസഹാ ഭക്ഷിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതിനാൽ നിങ്ങൾ പോയി നമുക്ക് പെസഹാ ഒരുക്കുവിൻ. ഒരു കുടംവെള്ളം ചുമന്നുവരുന്ന ഒരാൾ എവിടേക്ക് കടക്കുന്നുവോ, അവിടെചെന്ന് ആ വീട്ടുടമസ്ഥനോട് പറയുക, ഇന്ന്, ഞങ്ങളുടെ നാഥനും ഗുരുവുമായവൻ, നിന്റെ വീട്ടിൽ പെസഹാ കഴിക്കാൻ ആഗ്രഹിക്കുന്നു". കല്പിച്ചപ്രകാരം ശെമഓനും യോഹന്നാനും പോയി, കബറിൽനിന്ന് നീ ഉയിർപ്പിച്ച സ്നേഹിതനായ ലാസറിന്റെ ഭവനമായ ഒരുക്കപ്പെട്ട മാളിക കണ്ടു. നിന്റെ ആജ്ഞപ്രകാരം അവർ സകലതും ഒരുക്കി. ശിഷ്യന്മാരോടുചേർന്ന് ന്യായപ്രമാണമനുസരിച്ച് അത്താഴം കഴിച്ചു. ശിഷ്യന്മാരുടെ കാലുകൾ കഴുകി, സ്നേഹത്തോടെ പെരുമാറി, നിന്നിൽനിന്ന് വിനയം പഠിക്കാൻ അവരോട് അരുളിച്ചെയ്തു. അത്താഴം കഴിഞ്ഞയുടൻ, വിശുദ്ധമായ തൃക്കൈകളിൽ പുളിപ്പുള്ള അപ്പമെടുത്ത് സ്തോത്രംചെയ്ത് വാഴ്ത്തി, ശിഷ്യന്മാർക്ക് കൊടുത്തുകൊണ്ട് അരുളിച്ചെയ്തു: "ഇത് എന്റെ ശരീരമാകുന്നു. ലോകത്തിലുള്ള എല്ലാവർക്കും വേണ്ടി ബലിയായർപ്പിക്കപ്പെടുന്ന രഹസ്യമാകുന്നു. വിശ്വസിക്കുന്ന നിങ്ങളേവരും, കടങ്ങളുടെ പരിഹാരത്തിനായി വാങ്ങി ഭക്ഷിപ്പിൻ". ഇപ്രകാരം കാസായുമെടുത്ത് വാഴ്ത്തി, അവർക്ക് കൊടുത്തുകൊണ്ട് പറഞ്ഞു: "ഇത് പുതിയനിയമത്തിലെ എന്റെ രക്തമാകുന്നു. വിശ്വസിക്കുന്ന ഏവരുടെയും കടങ്ങളുടെ പരിഹാരത്തിനും, പാപമോചനത്തിനുവേണ്ടി വാങ്ങി പാനം ചെയ്യുവിൻ. ഞാൻ വീണ്ടും വരുന്നതുവരെ എന്റെ ഓർമ്മയ്ക്കായി ഇപ്രകാരം ചെയ്യുവിൻ". അനന്തരം നീ അവരെ പിതാവിന് ഏല്പിച്ചുകൊടുത്തു. വഞ്ചകന്റെ ഒറ്റിക്കൊടുക്കൽ, ശിഷ്യന്മാരിൽ തലവന്റെ തള്ളിപ്പറച്ചിൽ, ഓടിപ്പോക്ക്, എന്നിവ മുൻകൂട്ടി അവർക്ക് വെളിപ്പെടുത്തിക്കൊടുത്തു. പഴയ കാര്യങ്ങൾ പൂർത്തിയാക്കി. നിത്യജീവനും, മരണമില്ലായ്മയും, അനശ്വരതയും നല്കുന്ന പുതിയനിയമം നീ ഏർപ്പെടുത്തി.



പുതിയതും കർത്താവിനടുത്തതുമായ ഈ പെരുന്നാൾ എത്രയോ വിസ്മയനീയമാകുന്നു.

അവർണ്ണനീയമായ ഈ രഹസ്യം, എത്രയോ വിസ്മയ നീയമാകുന്നു.

ന്യായപ്രമാണത്തിലെ കുഞ്ഞാടിനെ ഭക്ഷിച്ച സ്വർഗ്ഗീയ കുഞ്ഞാട്, എത്രയോ വിസ്മയനീയമാകുന്നു.

ഹാ! വർണ്ണാതീതമായ ഈ ശ്രേഷ്ഠത, എത്രയോ വിസ്മയനീയമാകുന്നു.

ഞങ്ങളുടെ രക്ഷയുടെ രഹസ്യം നിറവേറ്റിയ പുളിപ്പില്ലാത്ത അപ്പത്തിന്റെ വലിയ ആഴ്ച, എത്രയോ വിസ്മയനീയമാകുന്നു.

എവിടെവച്ച്, ഒരു വയസ്സുള്ള പഴയനിയമത്തിലെ കുഞ്ഞാട് ഭക്ഷിക്കപ്പെടുകയും, ലോകത്തിന്റെ പാപം നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാട് ബലിവസ്തുവായി ഭക്ഷിക്കപ്പെടുകയും ചെയ്തുവോ, ആ രഹസ്യപൂർണ്ണമായ മാളിക, എത്രയോ വിസ്മയനീയമാകുന്നു.

ഇന്ന് പുണ്യവാനായ മൽക്കിസദേക്കിന്റെ ദൃഷ്ടാന്തമായി അപ്പത്താലും വീഞ്ഞാലും ജീവന്റെ അപ്പം, സ്വർഗ്ഗത്തിൽനിന്ന്